Phone No. 2972

38

# ഗ്രന്ഥാലോകം

തിരു: കൊച്ചി
ഗ്രന്ഥശാലാസംഘം പ്രസിദ്ധീകരണം.

വാല്യം 5 | ഏപ്രിൽ | ലക്കം 4



ഗ്രന്ഥാലോകം



വരിസംഖ്യ

വാർഷികവരി മുൻകൂർ രൂ. 6.

ഒറ്റപ്രതി അണ 8.

# ★ ഗ്രന്ഥശാലകൾക്ക് ★

## അവശ്യംവേണ്ട ഗ്രന്ഥങ്ങൾ

[E· M2-3234-ാം നമ്പരായി ഗ്രന്ഥശാലകൾക്ക് ഗവൺമെൻറംഗീകാരം സിദ്ധിച്ചിട്ടുള്ള പുസ്തകങ്ങൾ]

| | രൂ. | ണ. | സ. |
|---|---|---|---|
| രാധാമണി I, II | 5 | 0 | 0 |
| കുഞ്ചൻനമ്പ്യാർ | 2 | 0 | 0 |
| അമൃതവല്ലി | 2 | 0 | 0 |
| അംബാദേവി | 2 | 0 | 0 |
| വിലാസലീല | 2 | 0 | 0 |
| നേതാജി | 1 | 4 | 0 |
| മഹാത്മാഗാന്ധി | 1 | 8 | 0 |
| സ്റ്റേററുകാൺഗ്രസ്സ് വിജയം | 3 | 0 | 0 |
| പ്രാചീനകേരളം | 1 | 0 | 0 |
| രാധാറാണി | 1 | 0 | 0 |
| കണ്ണശ്ശന്മാരും എഴുത്തച്ഛനും | 1 | 8 | 0 |
| രാമാനുജൻ എഴുത്തച്ഛൻ | 1 | 8 | 0 |
| ആശാങ്കുരം | 1 | 8 | 0 |
| ഇൻഡ്യയിലെ വീരാത്മാക്കൾ | 2 | 0 | 0 |
| രാക്കിളികൾ | 1 | 0 | 0 |
| ഇരുട്ടടികൾ | 1 | 4 | 0 |
| രത്നസാമ്രാജ്യം | 0 | 10 | 0 |
| സുകേശിനി | 1 | 6 | 0 |
| ചന്ദ്രലേഖ | 1 | 2 | 0 |

| | രൂ. | ണ. | സ. |
|---|---|---|---|
| പുരാണകഥകൾ | 0 | 8 | 0 |
| ദൈവവിലാസം | 1 | 2 | 0 |
| രാജശേഖരൻ | 1 | 4 | 0 |
| സത്യകീർത്തിചരിതം | 1 | 8 | 0 |
| സിദ്ധാർത്ഥൻ | 1 | 0 | 0 |
| സൗരഭൻ | 0 | 12 | 0 |
| ഔവ്വയാർ | 0 | 9 | 0 |
| കേരളഭാഷാസാഹിത്യചരിത്രം | | | |
| 1-ാംഭാഗം | 3 | 0 | 0 |
| do 2-ാം ഭാഗം | 3 | 12 | 0 |
| ,, 3-ാംഭാഗം | 3 | 12 | 0 |
| ,, 4-ാംഭാഗം | 5 | 0 | 0 |
| ,, 5-ാംഭാഗം | 5 | 0 | 0 |
| ,, 6-ാംഭാഗം | 5 | 0 | 0 |
| ,, 7-ാംഭാഗം | 7 | 8 | 0 |
| ദൈവജ്ഞചൂഡാമണി എൻ. കെ. | | | |
| കൃഷ്ണപിള്ളയുടെ ജ്യോതിശ്ശാസ്ത്രാദർശം | | | |
| i-ം 2-ം 3-ം ഭാഗം സെററ് 1 | 6 | 0 | 0 |

കൂടാതെ എല്ലാവിധ മലയാളപുസ്തകങ്ങളും ഞങ്ങളുടെ ബുക്കുഡിപ്പോയിൽ വില്പനയ്ക്കുണ്ട്. ശ്രീ. ആർ. നാരായണപ്പണിക്കരുടെ "കേരളഭാഷാസാഹിത്യചരിത്രം" ഒന്നുമുതൽ ഏഴുവരെയുള്ള ഭാഗം സെററൊന്നിന് 33 രൂപാ വിലവെച്ച് വിററുവരുന്നതിനെ ഗ്രന്ഥശാലാസംഘം അംഗഗ്രന്ഥശാലകൾക്ക് ഒരു പ്രത്യേക പരിഗണനയിൽ കമ്മീഷൻ 5 രൂപാ കുറച്ച് 28 രൂപാ വിലയ്ക്ക് ഇവിടെ കിട്ടുന്നതാണ്.

ഉടനെ ആർഡർ അയയ്ക്കുക:-

പി. ഗോവിന്ദപ്പിള്ള, വി. വി. ബുക്കുഡിപ്പോ,

ചാല, തിരുവനന്തപുരം.

# ഗ്രന്ഥാലോകം

| വാല്യം 5 | ഏപ്രിൽ 1953 | ലക്കം 4 |
|---|---|---|

# പത്രാധിപവീഥി

## 1. സൗത്ത് ഇൻഡ്യൻ അഡൽററ് എഡ്യൂക്കേഷൻ റീജനൽ സെമിനാർ

എറണാകുളം സെൻറ് ആൽബർട്ട് കാളേജിൽവച്ച് ഏപ്രിൽ 20-ാംതീയതി മുതൽ ഒരാഴ്ചക്കാലത്തേയ്ക്ക് സൗത്ത് ഇൻഡ്യൻ അഡൽററ് എഡ്യൂക്കേഷൻ അസോസിയേഷൻെറ (മദ്രാസ്) ആഭിമുഖ്യത്തിൽ ഒരു സെമിനാർ നടത്തുകയുണ്ടായി. സെമിനാറിൻെറ ഉത്ഘാടനം നിർവ്വഹിച്ചതു് തിരു-കൊച്ചി രാജപ്രമുഖൻ തിരുമേനിയായിരുന്നു. ഇൻഡ്യയിലെ ഒരു തികഞ്ഞ സാമൂഹ്യപ്രവർത്തകനായ ശ്രീ. ഹരിസർവ്വോത്തമ റാവുവും, തിരു-കൊച്ചി സംസ്ഥാനത്തെ മുൻ വിദ്യാഭ്യാസമന്ത്രിയായിരുന്ന ശ്രീ. എൽ. എം. പൈലിയുമായിരുന്നു സെമിനാറിൻെറ പ്രധാന നേതൃത്വം വഹിച്ചിരുന്നതു്. മദ്രാസ്, മൈസൂർ ഹൈദ്രാബാദ്, ആന്ധ്ര, തിരു-കൊച്ചി എന്നീ സംസ്ഥാനങ്ങളിൽനിന്നും 100-ൽപ്പരം പ്രതിനിധികൾ സംബന്ധിച്ചിരുന്നു. ഡൽഹിയിൽ വച്ചു നടന്ന ആൾ ഇൻഡ്യൻ അഡൽററ് എഡ്യൂക്കേഷൻ റീജനൽ സെമിനാറിൻെറ തുടർച്ചയായിരുന്നു ഇതു്.

പുതുതായി അക്ഷരപരിജ്ഞാനം ലഭിച്ച വയോജനങ്ങളുടെ വിദ്യാഭ്യാസം കുറെക്കൂടി വിപുലമാക്കുവാനുതകുന്ന പുസ്തകങ്ങളെപ്പററിയും സാഹിത്യത്തേപ്പററിയും ചർച്ചചെയ്യുകയായിരുന്നു ഈ സെമിനാറിൻെറ പ്രധാന വിഷയം. വയോജനങ്ങൾക്കുള്ള സാഹിത്യരചനയിൽ താഴെപ്പറയുന്ന വിഷയങ്ങളെപ്പററി പൊതുവായി ആലോചിക്കുകയുണ്ടായി. പുസ്തകത്തിൻെറ ആകൃതി അച്ചടി, ചിത്രീകരണം, പദപ്രയോഗം, ഭാഷാരീതി ഉള്ളടക്കം എന്നീ വിഷയങ്ങളെപ്പററിയുള്ള പൊതുവിശദീകരണങ്ങൾക്കുശേഷം സെമിനാർ ഭാഷകളെ അടിസ്ഥാനമാക്കി സംഘങ്ങളായി പിരിഞ്ഞു.

പഴയ സാഹിത്യം-പ്രത്യേകിച്ചു് പഴയപാട്ടുകളും മററും എങ്ങനെശേഖരിക്കാമെന്നും, വയോജനങ്ങൾക്കായുള്ള സാഹിത്യം വിപുലമാക്കുന്നതിനു അവ എങ്ങനെ ഉപയോഗപ്പെടുത്താമെന്നും സാഹിത്യത്തിനു പുറമെ തെരുക്കൂത്തു്, സിനിമാപ്രദർശനം, കഥാപ്രസംഗം ഇവയിൽക്കൂടി വയോജനങ്ങൾക്കു് എങ്ങനെ വിജ്ഞാനം പ്രദാനംചെയ്യാമെന്നും മററുമുള്ള വിവിധപരിപാടികളെപ്പററിയും ചർച്ചനടത്തി. ആധുനികഗ്രന്ഥങ്ങളിൽനിന്നും വയോജനങ്ങൾക്കു ഉപകാരപ്രദമായ പുസ്തകങ്ങളുടെ ഒരു പട്ടിക തയ്യാറാക്കുവാൻ സെമിനാർ ശ്രമിക്കുകയുണ്ടായി. പ്രത്യേകിച്ചും ഗവർമ്മെൻറുകൾ, ഡവലപ്പ്മെൻറ് ഡിപ്പാർട്ടുമെൻറുകൾ മുഖേന പ്രസിദ്ധപ്പെടുത്തുന്ന ചിത്രങ്ങൾ, ലഘുലേഖകൾ, മാസികകൾ എന്നിവ വയോജനങ്ങളുടെ വായനയ്ക്കു് എങ്ങനെ പരിഷ്കരിക്കാമെന്നും ഗാനങ്ങൾ, കവിതകൾ, സംഭാഷണം, അഭിനയം, കഥകൾ ചിത്രീകരണങ്ങൾ,

ചുവർ ചിത്രങ്ങൾ, വർത്തമാനപ്പത്രങ്ങൾ, വിശേഷാൽപ്രതികൾ എന്നിവ പ്രായമുള്ളവർക്ക് തുടർച്ചയായി വായിക്കുന്നതിനു എന്തുമാത്രം സഹായം ചെയ്യുന്നുണ്ടെന്നും ആലോചിക്കുകയുണ്ടായി. പുതിയ വായനക്കാർക്കുവേണ്ടി നിർമ്മിക്കുന്ന പുസ്തകങ്ങൾ, സഞ്ചാരലൈബ്രറികളും സ്ഥിരലൈബ്രറികളും മുഖേന ഉപയോഗപ്പെടുത്തേണ്ട മാർഗ്ഗത്തെപ്പററിയും ചർച്ചചെയ്തു. വയോജനസാഹിത്യപരമായി പുസ്തകമെഴുതിയിട്ടുള്ളവർ അവരുടെ പുസ്തകങ്ങൾ അവയുടെ വിവരണത്തോടുകൂടി എത്തിച്ചുകൊടുക്കണമെന്നുള്ള വിവരം പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നതാണ്.

പുതുതായി വായന അഭ്യസിച്ചിട്ടുള്ള പ്രായം ചെന്നവർക്കു വായിക്കുന്നതിനു താഴെപ്പറയുന്ന വിഷയങ്ങളെ അധികരിച്ച് പുസ്തകങ്ങൾ എഴുതുന്നതു ഉപകാരപ്രദമായിരിക്കും. മിതവ്യയം, സഹകരണം, നമ്മുടെ ഭരണക്രമം, ഗ്രാമീണ കൈത്തൊഴിൽ, തേനീച്ച വളർത്തൽ, കോഴിവളർത്തൽ, പഞ്ചായത്തുകൾ, കാർഷികാഭിവൃദ്ധി, സമ്മതിദാനം, നമ്മുടെ കന്നുകാലികൾ, നമ്മുടെ ധാന്യങ്ങൾ, മലക്കറികൾ, ആരോഗ്യത്തിനുള്ള ശീലങ്ങൾ, ഇൻഡ്യയിലെ മഹാന്മാരുടെ കഥകൾ ലോകത്തിലുള്ള മഹാന്മാരുടെ കഥകൾ, നമ്മുടെ ആഹാരം, ശിശുസംരക്ഷണം, മാതൃസംരക്ഷണം, ഖാദിപ്രസ്ഥാനം, ഇൻഡ്യ, റഷ്യ, ബ്രിട്ടൻ, അമേരിക്ക, ചൈന, ഡെന്മാർക്ക്, നമ്മുടെ വൻവ്യവസായങ്ങൾ, നമ്മുടെ മഹാകവികളും എഴുത്തുകാരും, ഗ്രന്ഥശാലകൾ, ഗാന്ധിജി, പ്രവർത്തിച്ചു വിജയിക്കുക.

മേൽ പ്രസ്താവിച്ച വിഷയങ്ങളെ അടിസ്ഥാനമാക്കി കഥ, സംഭാഷണം, പ്രഹസനം, ഗദ്യം ഇങ്ങനെ ഏതെങ്കിലും രൂപത്തിൽ പുസ്തകമെഴുതാവുന്നതാണ്. ഇപ്രകാരം പ്രത്യേക തരത്തിലുള്ള പുസ്തകരചനയ്ക്കു കേരളത്തിലെ സാഹിത്യകാരന്മാർ മുന്നോട്ടുവരുമെങ്കിൽ, വയോജനവിദ്യാഭ്യാസപുരോഗതിയ്ക്കു നിദാനമാകുമെന്നു മാത്രമല്ല; മലയാളസാഹിത്യത്തിനു അതൊരു സമ്പത്തായിത്തീരുകയും ചെയ്യും. ഇങ്ങനെയുള്ള സെമിനാറുകളിൽ സാഹിത്യകാരന്മാരും ചിന്തകന്മാരും സംബന്ധിക്കേണ്ടതു അത്യാവശ്യമാണ്. അവരെ സംബന്ധിപ്പിക്കുന്നതിലാണു പ്രവർത്തകരുടെ വിജയം സ്ഥിതിചെയ്യുന്നതും. എറാണാകുളത്തുവച്ചു നടന്ന സെമിനാറിൽ പ്രമുഖസാഹിത്യകാരന്മാരാരും സംബന്ധിച്ചിരുന്നില്ല എന്നറിയാൻ കഴിയുന്നതു് ഖേദകരമായ ഒരു വസ്തുതയാണ്.

വയോജന വിദ്യാഭ്യാസ പുരോഗതിയ്ക്കുള്ള ഗ്രന്ഥങ്ങൾ നിർമ്മിക്കുന്ന കാര്യത്തെപ്പററി ചർച്ച് ചെയ്യുന്നതിനായി കേരളത്തിനു പ്രത്യേകമായിത്തന്നെ ഒരു സെമിനാർ വിളിച്ചുകൂട്ടുന്നതിനു തിരു-കൊച്ചി ഗ്രന്ഥശാലാസംഘവും വയോജനവിദ്യാഭ്യാസബോർഡും മുൻകൈ എടുക്കണമെന്നു ഞങ്ങൾ ഉത്ബോധിപ്പിക്കുന്നു.

## 2. ശ്രീ. ഹരിസർവ്വോത്തമറാവു

ആന്ധ്രദേശഗ്രന്ഥശാലാ സംഘം പ്രസിഡന്റും സുപ്രസിദ്ധ സാമൂഹ്യവിദ്യാഭ്യാസപ്രവർത്തകനുമായ ശ്രീ. ഹരിസർവോത്തമറാവു മെയ് 1-ാം തീയതി തിരു-കൊച്ചി ഗ്രന്ഥശാലാസംഘം ആഫീസ് സന്ദർശിച്ചു.

ആ സന്ദർഭത്തിൽ അദ്ദേഹം ആന്ധ്രദേശത്തേയും, തിരു-കൊച്ചി സംസ്ഥാനത്തേയും മദ്രാസിലേയും ഗ്രന്ഥശാലാപ്രസ്ഥാനങ്ങൾ, അവയുടെ പ്രവർത്തനപരിപാടികൾ എന്നിവയെ താരതമ്യപ്പെടുത്തിക്കൊണ്ട്, തിരു-കൊച്ചി ഗ്രന്ഥശാലാസംഘപ്രവർത്തകരുമായി പ്രയോജനപ്രദമായ ചർച്ചകൾ നടത്തുകയുണ്ടായി. സ്വാതന്ത്ര്യലബ്ധിക്കുവേണ്ടിയുള്ള രാഷ്ട്രീയപ്രക്ഷോഭണങ്ങൾക്കു മാന്ദ്യം നേരിട്ടപ്പോൾ, ആന്ധ്രദേശത്തെ കോൺഗ്രസ്സ് പ്രവർത്തകർ സൃഷ്ടിപരമായ പ്രവർത്തനങ്ങളിൽ വിശേഷിച്ചും ഗ്രന്ഥശാലാപ്രസ്ഥാനത്തിലും സാമൂഹ്യവിദ്യാഭ്യാസ പ്രവർത്തനങ്ങളിലും ശ്രദ്ധപതിപ്പിക്ക നിമിത്തം, അവിടെ ഈ പ്രസ്ഥാനത്തിനുണ്ടായ പുരോഗതിയേയും, ഇന്നു് രണ്ടായിരത്തിനാനൂറിൽപ്പരം വരുന്ന ഗ്രന്ഥശാലകളുടെ കേന്ദ്രസംഘടനയായിനിന്നു് പ്രവർത്തനം നടത്തുന്ന ആന്ധ്രദേശഗ്രന്ഥശാലാസംഘത്തിന്റെ പരിപാടികളേയും അദ്ദേഹം വിശദീകരിച്ചു.

ആസ്റ്റ്രേലിയ ഗ്രന്ഥശാലാസംഘത്തിൽ 2400 ഗ്രന്ഥശാലകൾ അംഗങ്ങളായിട്ടുണ്ട്. ഇതിൽ 25 ശതമാനം ഗ്രന്ഥശാലകളാണ് കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നതു്. ഭൂരിഭാഗവും സാമാന്യമായ തോതിൽ പ്രവർത്തനം നടത്തുന്നവയാണ്. നാമമാത്രമായ ഗ്രന്ഥശാലകളും തീരെ കുറവല്ല.

തികച്ചും പൊതുജനസംഘടനയായ ഗ്രന്ഥശാലാസംഘവും, ഗവർമ്മെൻറിൻെറ വിദ്യാഭ്യാസവകുപ്പും, ഇന്ന് ആസ്റ്റ്രേലിയത്തു് ഗ്രന്ഥശാലകളുടെ പരിപോഷണത്തിനായി പ്രവർത്തിച്ചുപോരുന്നുണ്ടെന്നും, എന്നാൽ ഗവർമ്മെൻറിൻെറ നേരിട്ടുള്ള ഭരണവും നിയന്ത്രണവുംമറവും ഈപ്രസ്ഥാനത്തിനു അനുഗുണമായിട്ടല്ല കാണപ്പെടുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. ജനകീയാടിസ്ഥാനത്തിൽ സംഘടിപ്പിച്ചിട്ടുള്ള ഒരു സംഘടനയുടെ സംരക്ഷണത്തിലും നിയന്ത്രണത്തിലുമാണ് ഗ്രന്ഥശാലാപ്രസ്ഥാനത്തിനു് പുരോഗമിക്കുവാനും പ്രയോജനകരമായിത്തീരുവാനും കൂടുതൽ സാദ്ധ്യതയുള്ളതെന്ന് അദ്ദേഹം ദൃഢമായി വിശ്വസിക്കുന്നു.

തിരു-കൊച്ചി ഗ്രന്ഥശാലാസംഘത്തിൻെറ സംഘടനാപ്രവർത്തനത്തെപ്പററിയും ചുരുങ്ങിയ കാലയളവിനുള്ളിൽ ഉണ്ടായ പുരോഗതിയെപ്പററിയും തിരു-കൊച്ചി ഗവർമ്മെൻറ് ജനകീയാടിസ്ഥാനത്തിൽത്തന്നെ ഈ പ്രസ്ഥാനത്തെ വളർത്തി പ്രോത്സാഹിപ്പിക്കുന്നതിൽ കാണിക്കുന്ന ഔത്സുക്യത്തെക്കുറിച്ചും ശ്രീ. റാവു അഭിനന്ദിക്കുകയും സന്തോഷം രേഖപ്പെടുത്തുകയും ചെയ്തുവെന്നുള്ളതും പ്രസ്താവ്യമാണ്.

---

## തിരുവനന്തപുരം പബ്ളിക് ലൈബ്രറി

തിരുവിതാംകൂറിലെ ഒന്നാമത്തെ ഗ്രന്ഥശാല തിരുവനന്തപുരം പബ്ളിക്ക്ലൈബ്രറിയാണ്. ഉദ്ദേശം 1830-നും, 1835നു മിടക്ക്, ശ്രീ സ്വാതിതിരുനാൾമഹാരാജാവു് തിരുമനസ്സിലെ രാജ്യഭാരം തുടങ്ങിയകാലത്താണ് ഈ ലൈബ്രറി സ്ഥാപിക്കപ്പെട്ടതു്. അന്നത്തെ ബ്രിട്ടീഷ് റസിഡൻറായിരുന്ന കർണ്ണൽ എഡ്വേർഡ് കാഡോഗൻ, ബ്രിട്ടീഷ്മ്യൂസിയം ലൈബ്രറി സ്ഥാപകനായിരുന്ന സ്ലോൺസായിപ്പിൻെറ പൗത്രനായിരുന്നു. അദ്ദേഹവും, മഹാരാജാവുതിരുമനസ്സുകൊണ്ടും ഈ ലൈബ്രറികാര്യങ്ങളിൽ പ്രത്യേക ശ്രദ്ധപതിപ്പിക്കുകയും, ഈ പരിതസ്ഥിതികളിൽ ഈ സ്ഥാപനം വളന്ന് പുരോഗതിയെ പ്രാപിക്കയും ചെയ്തു. പക്ഷേ അക്കാലത്തു് ഈ ലൈബ്രറിയിൽ മെമ്പറാകുന്നതിന്, ഡർബാറിന് ക്ഷണിക്കപ്പെടുന്ന ആളുകൾക്കു മാത്രമെ അനുവാദമുണ്ടായിരുന്നുള്ളു. മെമ്പറായി ചേരുന്നതിന് 10 രൂപാ പ്രവേശനഫീസും, 3 രൂപാ പ്രതിമാസവരിയുമായിരുന്നു. ഈ ലൈബ്രറിയുടെ ഭരണം "തിരുവനന്തപുരം പബ്ളിക്ക്ലൈബ്രറിസൊസൈററി" എന്നൊരു സംഘത്തിലാണ് നിക്ഷിപ്തമായിരുന്നതു്.

ഇപ്രകാരം നടന്നുവരവെ, 1898ൽ ടി സംഘം ഗവർമ്മെൻറുമായി ഒരു കരാറിൽ ഏർപ്പെടുകയും, സംഘത്തിൻെറ സകലസ്വത്തുക്കളും, ചില വ്യവസ്ഥകളനുസരിച്ചു് സക്കാരിനു വിട്ടുകൊടുക്കുകയും ചെയ്തു. അതിൻപ്രകാരം സക്കാരിൽനിന്നും ഇപ്പോഴുള്ള കെട്ടിടം പണിയിക്കുകയും, പൊതുജനങ്ങൾക്കുപകാരപ്രദമാകത്തക്കവണ്ണം ഒരു വായനശാലയും റഫറൻസു ലൈബ്രറിയും സ്ഥാപിക്കുകയും ചെയ്തു. കൂടാതെ പൊതുജനങ്ങൾക്ക് കൂടുതൽ പ്രയോജനകരമാകത്തക്കവണ്ണം പല സൗകര്യങ്ങളും ചെയ്യുകയുമുണ്ടായി.

ഏകദേശം 25-കൊല്ലങ്ങൾക്കുശേഷം ലൈബ്രറിപ്രവർത്തനം കൂടുതൽ പൊതുജനോപകാരപ്രദമാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി സക്കാരിൽനിന്നും ചില പുതിയ നിയമങ്ങൾ ഉണ്ടാക്കുകയും അങ്ങനെ സംസ്ഥാനത്തുള്ള ലൈബ്രറികളിലെ അംഗങ്ങൾക്ക് വായിക്കുന്നതിന് ഈ സ്ഥാപനത്തിൽനിന്നും പുസ്തകങ്ങൾ അയയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്തു. എന്നാൽ വളരെ കുറച്ചു ലൈബ്രറികൾ മാത്രമെ ഈ സൗകര്യത്തെ പ്രയോജനപ്പെടുത്തിയിരുന്നുള്ളു.

അതിനാൽ ഗവർമ്മെൻറ് 1933–ൽ ഈ നിയമങ്ങളിൽ കുറെ അയവു വരുത്തുകയും, പുസ്തകങ്ങൾ അയച്ചുകൊടുക്കുന്നതിനും, തിരിയെ വരുത്തുന്നതിനുമുള്ള സർവ്വ ചെലവുകളും സർക്കാരിൽനിന്നു തന്നെ വഹിക്കുകയും ചെയ്യുന്നതാണെന്ന് തീരുമാനിക്കുകയും ചെയ്തു. ഇതനുസരിച്ച് 10 രൂപാ ഡേമണിയായി നിക്ഷേപിക്കുകയും, മാസവരിയായി ഒരുരൂപാ കൊടുക്കുകയും ചെയ്യാവുന്ന ഏതൊരു അംഗീകൃതലൈബ്രറിക്കും ഇവിടെ അംഗമായി ചേർന്ന് അതിലെ അംഗങ്ങൾക്ക് പ്രയോജനപ്പെടത്തക്കവണ്ണം പുസ്തകങ്ങൾ എടുക്കാൻ സാധിക്കുന്നതാണ്. ഇപ്പോൾ സംസ്ഥാനത്തിൻെറ നാനാഭാഗങ്ങളിൽനിന്നും പല ലൈബ്രറികളും അംഗങ്ങളായി ചേരുകയും, അവക്കെല്ലാം ഇവിടെനിന്നും പുസ്തകങ്ങൾ അയച്ചുകൊടുക്കയും ചെയ്തുവരുന്നു.

ഇപ്പോൾ ഈ ലൈബ്രറിയിൽ പൊതുജനങ്ങൾക്ക് സൗജന്യമായി വായിക്കുന്നതിനുള്ള ഒരു വായനമുറിയും, അംഗങ്ങളായിട്ടുള്ളവക്കു വായിക്കുന്നതിന് മറെറാരു വായനമുറിയും ഉണ്ട്. അനവധി ദിനപ്പത്രങ്ങളും, വാരികകളും, മാസികകളും മററും രണ്ടു മുറികളിലും ധാരാളമായിട്ടുണ്ട്. മലയാളം, തമിഴ്, ഇംഗ്ലീഷ്, ഹിന്ദി മുതലായ ഭാഷകളിൽ പ്രസിദ്ധപ്പെടുത്തുന്ന പ്രധാനമായവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ ഇംഗ്ലണ്ട്, അമേരിക്ക തുടങ്ങിയ പരിഷ്കൃത രാജ്യങ്ങളിൽനിന്നുമുള്ള വിജ്ഞാനപ്രദങ്ങളായ മാസികകളും ധാരാളം വരുത്തുന്നുണ്ട്.

ഗ്രന്ഥശാലയിൽ, ഇംഗ്ലിഷ്, മലയാളം, തമിഴ്, ഹിന്ദി, സംസ്കൃതം, ഫ്രഞ്ച്, ജമ്മൻ തുടങ്ങിയ ഭാഷകളിലായി ഏകദേശം 50000 ഗ്രന്ഥങ്ങൾ ഉണ്ട്. പൊതുജനങ്ങൾക്ക് ആവശ്യമുള്ള പുസ്തകങ്ങൾ നോക്കി എടുത്തു അവിടെ ഇരുന്നു വായിക്കുന്നതിന് യാതൊരു പ്രതിബന്ധവുമില്ല. എന്നാൽ പുസ്തകങ്ങൾ വീട്ടിൽ കൊണ്ടുപോയി വായിക്കുന്നതിന് ലൈബ്രറിയിൽ അംഗമാകേണ്ടതാണ്. റഫറൻസ് മുറിയിൽ അനേക വിശിഷ്ടഗ്രന്ഥങ്ങളാണ് ശേഖരിച്ചിട്ടുള്ളതു്. ഏതൊരാൾക്കും അവിടെ ഇരുന്നു വായിക്കാവുന്നതാണ്. ഈ രണ്ടുമുറികളിലും വന്നിരുന്നു വായിക്കുന്നതിനും നോട്ടുകൾ കുറിച്ചെടുക്കുന്നതിനും വേണ്ട സൗകര്യങ്ങൾ ചെയ്തിട്ടുണ്ട്.

ഗ്രന്ഥശാലാപ്രസ്ഥാനം വളരെ വിപുലമായ തോതിലാണ് പാശ്ചാത്യ രാജ്യങ്ങളിൽ നടന്നുവരുന്നതു്. വിജ്ഞാനവിതരണമാണ് അവരുടെ പരമമായ ലക്ഷ്യം. ആ ലക്ഷ്യപ്രാപ്തിക്കായി അധികൃതർ ശുഷ്കാന്തിയോടുകൂടി പ്രവർത്തിക്കുന്നു. രാജ്യത്തിൻെറ പൊതുസ്വത്താണ് ഗ്രന്ഥശാലയെന്നും, ഓരോ പൗരനേയും വിജ്ഞാനസമ്പാദനത്തിൽ സഹായിക്കേണ്ട ചുമതല ഗ്രന്ഥശാലക്കുണ്ടെന്നുമുള്ള തത്വത്തിന്മേലാണ് അവ പ്രവർത്തിച്ചുപോരുന്നതു്. ഈ തത്വത്തെ അടിസ്ഥാനപ്പെടുത്തി നമ്മുടെ ബഹുമാനപ്പെട്ട ഗവമ്മെൻറും വിജ്ഞാന വിതരണത്തിനായി പല ഏപ്പാടുകളും ചെയ്തുവരുന്നു. അവയിൽ ചിലതു് (Service to Groups, Mail Reference service,) മുതലായവയാണ്. ഇവ രണ്ടും പബ്ളിക്ക് ലൈബ്രറിയിൽ തുടങ്ങാൻ അനുവദിച്ചിട്ടുണ്ട്. ഇതനുസരിച്ച്, സാമൂഹിക സേവനം നടത്തുന്ന സംഘങ്ങളെ, പലതരത്തിലുള്ള അവരുടെ വിജ്ഞാനവിതരണ പ്രവൎത്തനങ്ങളിൽ സഹായിക്കുകയും, ഏതൊരു പൗരനും, ഏതു സംഗതിയെക്കുറിച്ചും എന്തു സംശയവും തീക്കണമെങ്കിൽ അവയെപ്പററി എഴുതി അറിയിച്ചാൽ അതിനെപ്പററി കഴിയുന്നിടത്തോളം വിവരങ്ങൾ ശേഖരിച്ച് അറിയിച്ചുകൊടുക്കുകയും ചെയ്യാൻ സാധിക്കുന്നതാണ്. ഇവയ്ക്കു് യാതൊരു പ്രതിഫലവും നൽകേണ്ട ആവശ്യവുമില്ല.

ഇപ്രകാരമൊക്കെ പൊതുജനോപകാരപ്രദമായ വിജ്ഞാനവിതരണം നടത്തുന്ന ഒരു സ്ഥാപനത്തെ ഈ സംസ്ഥാനത്തെ എല്ലാ പൗരന്മാരും വേണ്ടതരത്തിൽ പ്രയോജനപ്പെടുത്തി കൂടുതൽ ഉപകാരപ്രദമാക്കിത്തീക്കുമെന്ന് വിശ്വസിക്കുന്നു.

എം. എം. ജി.

# ബ്രിട്ടീഷുഗ്രന്ഥശാലകളേപ്പററിയും ഗ്രന്ഥശാലാ ധർമ്മത്തേപ്പററിയും രചിതങ്ങളായിട്ടുള്ള ഇംഗ്ലീഷ്ഭാഷാഗ്രന്ഥങ്ങൾ

(M. T.)

വിജ്ഞാനത്തിന്റെ ഏതുവശത്തേപ്പററിയും അധികൃതങ്ങളായ ഗ്രന്ഥങ്ങൾ ഇംഗ്ലീഷുഭാഷയിലുണ്ടായിട്ടുള്ളതുപോലെ മറേറതൊരു ഭാഷയിലും കാണുമോ എന്നു് സംശയമാണു്. ഗ്രന്ഥശാലാവിഷയകമായും അനവധി ഗ്രന്ഥങ്ങൾ ബ്രിട്ടനിൽതന്നെ രചിതങ്ങളായിട്ടുണ്ടു്. അവയിൽവെച്ചു് തെരഞ്ഞെടുക്കപ്പെട്ട ചില ഗ്രന്ഥങ്ങളെപ്പററി മാത്രം ചുരുക്കത്തിൽ ചുവടേ പ്രതിപാദിക്കപ്പെടുന്നതാണു്. ഗ്രന്ഥശാലാശാസ്ത്രത്തിന്റേയും പ്രസ്ഥാനത്തിന്റെയും പ്രാധാന്യം നമ്മുടെ നാട്ടുകാർ കൂടുതൽ മനസ്സിലാക്കുന്നതിനു് ഇതു് പ്രേരകമായി ഭവിക്കുമെന്നു് വിശ്വസിക്കുന്നു.

ഒരു ഗ്രന്ഥശാലാപ്രേമിയായ എഡ്വേർഡു് എഡ്വേർഡ്സ് 1859-ൽ രണ്ടു വാല്യങ്ങളായി പ്രസിദ്ധീകരിച്ചിട്ടുള്ള "Memoirs of Libraries" എന്ന ഗ്രന്ഥമാണു് പത്തൊൻപതാം ശതാബ്ദാന്ത്യത്തിൽ അധികൃത ഗ്രന്ഥശാലാശാസ്ത്രഗ്രന്ഥങ്ങളായി ഗണിക്കപ്പെട്ടിരുന്നവയിൽവെച്ചു് ഏററവും സുപരിചിതമായിട്ടുള്ളതു്. അതിൽ വിവിധഗ്രന്ഥശാലകളുടെ ചരിത്രത്തെപ്പററി സമഗ്രമായി പ്രതിപാദിച്ചിട്ടുണ്ടു്. കൂടാതെ 1850 വരെ പരിപുഷ്ടമായിത്തീർന്നിട്ടുള്ള പ്രധാനപ്പെട്ട വിവിധ ഗ്രന്ഥവർഗ്ഗവിഭജനരീതികളെപ്പററിയും വിവരണം നൽകുന്നുണ്ടു്. ബ്രിട്ടീഷു മ്യൂസിയം ലൈബ്രറിയിലെ ഗ്രന്ഥങ്ങളുടെ ഒരു ക്യാററലോഗു തയാറാക്കുന്നതിലും അച്ചടിക്കുന്നതിലും 1836-നും, 1847-നും ഇടക്കുണ്ടായിട്ടുള്ള വിവാദപരമായ വിഷയങ്ങളെപ്പററിയുള്ള ചർച്ചകളും അതിൽ ഉൾക്കൊള്ളുന്നുണ്ടു്. അതേ ഗ്രന്ഥകർത്താവുതന്നെ 1865-ൽ രചിച്ചിട്ടുള്ള മറെറാരു ഗ്രന്ഥമാണു് Libraries and Founders of Libraries. ഇംഗ്ലണ്ടിലെ പ്രാചീനവും സന്ന്യാസമഠങ്ങളോടനുബന്ധിച്ചുള്ളതുമായ ഗ്രന്ഥശാലകളെപ്പററിയും, ബ്രിട്ടനിലും വെളിക്കുമുള്ള പല സ്വകാര്യഉടമയിലുള്ള ഗ്രന്ഥശാലകളെക്കുറിച്ചും, അതിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. 1859-ൽ അതേഗ്രന്ഥകർത്താവു തന്നെ എഴുതിയിട്ടുള്ള Free Town Libraries എന്ന മറെറാരുഗ്രന്ഥത്തിൽനിന്നും ബ്രിട്ടീഷുഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ പശ്ചാത്തലവും ആദിമചരിത്രവും ലഭിക്കുന്നതാണു്. അമേരിക്കയിൽ ആദികാലങ്ങളിലുണ്ടായിട്ടുള്ള പൊതുജനവായനശാലകളേക്കുറിച്ചു് സവിസ്തരമായും ഫ്രാൻസിലും ജർമ്മനിയിലുമുള്ളവയേക്കുറിച്ചു് താരതമ്യേന വളരെ ചുരുക്കമായുംകൂടെ അതിൽ പ്രതിപാദിച്ചിട്ടുണ്ടു്.

ഇരുപതാം നൂററാണ്ടിന്റെ പ്രാരംഭഘട്ടത്തിൽ ഗ്രന്ഥശാലാസാഹിത്യം പണ്ഡിതോചിതമായ രണ്ടു ഗ്രന്ഥങ്ങളുടെ ആവിർഭാവംകൊണ്ടു് ധന്യമായിട്ടുണ്ടു്. അവ ജാൺവില്ലിസ്ക്ലാർക്കു് എഴുതി 1901-ൽ പ്രസിദ്ധീകരിച്ചിട്ടുള്ള The care books എന്ന ഗ്രന്ഥവും, ഏർണസ്റ്റു് ഏ. സാവേജ് 1911-ൽ പ്രസിദ്ധീകരിച്ച "Old English Libraries" എന്ന ഗ്രന്ഥവുമാണു്. ഇതിൽ ഒന്നാമത്തേതിൽ ആദ്യകാലംമുതൽ പതിനെട്ടാംനൂററാണ്ടുവരെ ഗ്രന്ഥശാലകളിലും അവയുടെ സംവിധാനങ്ങളിലും വന്നിട്ടുള്ള പുരോഗതിയേക്കുറിച്ചു് ഉപന്യസിക്കപ്പെടുന്നു. ഇതു് പ്രധാനപ്പെട്ട ഒരു പ്രസിദ്ധീകരണമാണു്. പ്രസിദ്ധങ്ങളായ ഗ്രന്ഥശാലകളെക്കുറിച്ചുള്ള വിവരണങ്ങളിൽനിന്നു് പ്രയോജനത്തിനേപ്പോലെതന്നെ ഭംഗിക്കും ശരിയായ സ്ഥാനം നൽകിയിരുന്നതായി കാണാം. ഗ്രന്ഥങ്ങൾ സൂക്ഷിക്കപ്പെടേണ്ട സാധനങ്ങൾ ആണെന്നുള്ള ഒരു ചിന്താഗതിയാണു് ഗ്രന്ഥകർത്താവിനുണ്ടായിരുന്നതു്. ആ ഗ്രന്ഥത്തിൽ വിശദീകരണത്തിനു പര്യാപ്തമായ പല ചിത്രങ്ങളും

ഗ്രന്ഥശാലാപരമായ ഒരു പുസ്തകലിസ്റ്റുംകൂടെ ചേർത്തിട്ടുണ്ട്. രണ്ടാമതു് പറഞ്ഞ "Old English Libraries" എന്ന ഗ്രന്ഥത്തിൽ മദ്ധ്യകാലങ്ങളിൽ നിലവിലുണ്ടായിരുന്ന പുസ്തകനിർമ്മാണം പുസ്തകശേഖരണം, പുസ്തകങ്ങളുടെ ഉപയോഗം, എന്നിവയെക്കുറിച്ചുള്ള ഒരു ശരിയായ വിവരണം ചിത്രസഹായത്തോടുകൂടി നൾകുന്നു. ഇതുകൂടാതെ ഒരു ഒന്നാന്തരം ഗ്രന്ഥശാലാപരമായ പുസ്തകലിസ്റ്റും കാലത്തെ ആസ്പദമാക്കി മദ്ധ്യകാലങ്ങളിലുണ്ടായിരുന്ന ഗ്രന്ഥശേഖരണ സങ്കേതങ്ങളുടെ ലിസ്റ്റുംകൂടെ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. ഇപ്പോൾപറഞ്ഞ രണ്ടു പുസ്തകങ്ങളുടെ കൂടെ വായിക്കേണ്ട മൂന്നാമതൊരു ഗ്രന്ഥമാണു ഗ്രന്ഥശാലാപരമായി 1931-ൽ ബർനററ് എച്ചു്. സ്ലീറർ എഴുതിയ The chained Library. 13 മുതൽ 17 വരെ നാലുശതാബ്ദങ്ങളിലെ ഗ്രന്ഥശാലകളുടെ വളർച്ചയെപ്പററിയുള്ള ഒരു സർവ്വേ ഈ ഗ്രന്ഥത്തിൽനിന്നും ലഭിക്കും. ഗ്രന്ഥശാലകൾക്കും ഗ്രന്ഥശാലാപരമായ ഉപകരണങ്ങൾക്കും മാററം വരുത്തുന്നതിനുള്ള ഗവേഷണപരമായ ചിന്തകളുടെ ഫലം കൂടെയാണു് ഈ ഗ്രന്ഥം. ഇതിലും പല വിശദീകരണ ചിത്രങ്ങളും കാണ്മാനുണ്ടു്.

അരുണ്ഡൽ എസ്ഡേയിൽ പ്രസാധനം നടത്തിയിട്ടുള്ള The worlds great Libraries എന്ന ഗ്രന്ഥം രണ്ടു വാല്യങ്ങളായി (1934-37) പ്രസാധനംചെയ്തിട്ടുണ്ടു്. ഒന്നാമത്തെ വാല്യത്തിൻെറ പേരു് National Libraries എന്നും മാർഗററ്ബ്രൗൺ എഴുതിയിട്ടുള്ള രണ്ടാം വാല്യത്തിൻെറ പേരു് 'Famous Libraries' എന്നുമാണു്. ബ്രിട്ടീഷ്മ്യൂസിയം, ബോഡിലിയൻ ലൈബ്രറി, കേംബ്രിഡ്ജ് യൂണിവേഴ്സിററി ലൈബ്രറി, മാഞ്ചസ്റ്റർനഗരത്തിലെ ജോൺറയിലൻഡ്സ്ലൈബ്രറി എന്നിപ്രകാരമുള്ള ലോകത്തിലെ പ്രധാനപ്പെട്ട 65 ഗ്രന്ഥശാലകളുടെ ഉത്ഭവം വളർച്ച, ഭരണരീതി, പൊതുജനസേവനരീതികൾ എന്നിവയെക്കുറിച്ചു് ചുരുങ്ങിയ വിവരങ്ങൾ ഈ രണ്ടു വാല്യങ്ങളിൽ നൾകിയിട്ടുണ്ടു്. ഗ്രന്ഥശാലാമന്ദിരങ്ങളുടേയും ഗ്രന്ഥശാലാപ്ലാനുകളുടേയും ഗ്രന്ഥശാലോപകരണങ്ങളുടേയും ചിത്രങ്ങൾ വിശദീകരണത്തിനായി ചേർത്തിട്ടുണ്ടു്. 1946-ൽ അരുൻഡൽ എസ്ഡേയിൽ തന്നെ എഴുതിയിട്ടുള്ള 'ബ്രിട്ടീഷ്മ്യൂസിയം' എന്ന ഗ്രന്ഥത്തിൽ ബ്രിട്ടീഷ്മ്യൂസിയം ലൈബ്രറിയേപ്പററിയും, Annals of the Bodelian Library, Oxford with a notice of the earlier Library of the University എന്ന പേരിൽ 1890-ൽ വില്ല്യംഡൺമക്രേ എഴുതിയ ഗ്രന്ഥത്തിൽ നിന്നും ബോഡിലിയൻ ലൈബ്രറിയെപ്പററിയും, 1928-ൽ റെജിനാൾഡ് എ. റൈ എന്നദേഹം രചിച്ചിട്ടുള്ള The student's guide to the Libraries of London' എന്നതിൽ നിന്നും ലണ്ടൻ മഹാനഗരത്തിലെ ഗ്രന്ഥശാലകളെക്കുറിച്ചും, 1927-ൽ ലക്സ്മോർ ന്യൂകോംബ് എഴുതിയ The University and College Libraries of Great Britain and Ireland' എന്ന ഗ്രന്ഥത്തിൽ നിന്നും മുന്തിൽപരം കലാശാലാപരമായ ഗ്രന്ഥശാലകളേക്കുറിച്ചും സവിസ്തരമുള്ള വിവരങ്ങൾ നമുക്കു ലഭിക്കുന്നതാണു്.

കഴിഞ്ഞ 50 വഷക്കാലത്തിനുള്ളിൽ ഇംഗ്ലണ്ടിൽ പൊതുജനഗ്രന്ഥശാലാപ്രസ്ഥാനം അത്ഭുതകരമായ വിധത്തിൽ വികസിക്കുന്നതിനിടയായിട്ടുണ്ടു്. രാജ്യത്തിൻെറ ഓരോ ഡിസ്ട്രിക്റ്റിലും ഗ്രന്ഥശാലാപ്രസ്ഥാനാവിർഭാവത്തോടുകൂടി ഗ്രന്ഥശാലകൾ സ്ഥാപിതങ്ങളായി. ഈ അടുത്ത കാലങ്ങളിൽ ഗണ്യമായ വിധത്തിൽ പൊതുജനഗ്രന്ഥശാലകളുടെ വിവിധ പ്രവർത്തനവശങ്ങളേപ്പററി നിരവധി ഗ്രന്ഥങ്ങൾ പ്രസിദ്ധങ്ങളായിട്ടുമുണ്ടു്. 1932-ൽ ജോൺമിൻേറാ എഴുതിയിട്ടുള്ള A History of Public Library movement, ഗ്രന്ഥശാലകളുടെ വളർച്ചയേയും വ്യാപ്തിയേയും കുറിച്ചു ഒരു സർവ്വേ നൾകുന്നുണ്ടു്. പള്ളികളോടനുബന്ധിച്ചുള്ള പ്രാചീന ലൈബ്രറികളുടേയും സഞ്ചാരലൈബ്രറികളുടേയും ഘട്ടം മുതൽ രണ്ടാം ലോകമഹായുദ്ധത്തിനു് മുൻപുവരെയുള്ള ഗ്രന്ഥശാലകളുടെ പുരോഗതി അതിൽ വിവരിച്ചിരിക്കുന്നു, ഗ്രന്ഥശാലാപരങ്ങളായ ഗ്രന്ഥങ്ങളുടെ

ഒരു ക്രമീകൃതലിസ്ററും ബ്രിട്ടീഷുപബ്ളിക്ക് ലൈബ്രറികളേപ്പററി പാർലമെൻറ പാസ്സാക്കിയിട്ടുള്ള വിവിധ ആക്ടുകളും ആ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. 1927-ൽ പബ്ളിക്കലൈബ്രറികൾക്കുവേണ്ടിയുള്ള ധനസൗകര്യത്തേക്കുറിച്ചും അതു വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചും നടത്തിയ അന്വേഷണങ്ങളുടെ ഫലമാണു് ബോർഡ്ആഫ് എഡ്യൂക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള Public Libraries committee Report on public Libraries in England & Wales. 1927-വരെയുള്ള ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ സ്ഥാനം എന്താണെന്നുള്ളതിനെപ്പററി ഈ റിപ്പോർട്ടു നൽകുന്നുണ്ടു്. കൂടാതെ 139 പുറം വരുന്ന സ്ഥിതിവിവരക്കണക്കുകളും ആ റിപ്പോർട്ടിൽക്കൂടി ചേർത്തിട്ടുണ്ടു്. ലയണൽമക്കോൾവിൻ 1912-ൽ പ്രസിദ്ധീകരിച്ചിട്ടുള്ള The public Library system of Great Britain റിപ്പോർട്ടു ഇംഗ്ലണ്ടിലെ പൊതുജനഗ്രന്ഥശാലകളുടെ ഇക്കാലത്തെ സ്ഥിതി എന്താണെന്നു് വ്യക്തമാക്കുന്നു. ഗ്രന്ഥശാലാപ്രസ്ഥാനം രാജ്യവ്യാപകമാക്കുന്നതിനുള്ള അഭിപ്രായങ്ങൾ ആ ഗ്രന്ഥത്തിൽ കാണും. ലയണൽ ആർ മക്കോൾവിൻ 1938-ൽ പ്രസിദ്ധീകരിച്ചിട്ടുള്ള "A survey of Libraries Report on a survey made by the Library Association during 1936-37" എന്ന ഗ്രന്ഥത്തിൽ അമേരിക്ക, യൂറോപ്പു് ഗ്രേറ്റ്ബ്രിട്ടൻ എന്നീ രാജ്യങ്ങളെക്കുറിച്ചെല്ലാം വിവരിച്ചിട്ടുണ്ടു്.

1945-ൽ എൻ. സ്റ്റാൻലിജാസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ള The Library and the community എന്ന ഗ്രന്ഥം ഗ്രന്ഥശാലാപ്രവർത്തനത്തെപ്പററി സാധാരണക്കാരനു് പ്രായോഗികജ്ഞാനം നൾകാനുതകുന്ന ഒരു ഗ്രന്ഥമാണു്. ആധുനിക പബ്ളിക്ലൈബ്രറികളുടെ പല ചിത്രങ്ങൾ ആ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ടു്. ഇന്നത്തെ ഒരു പബ്ളിക്ലൈബ്രറിയിൽ സജ്ജീകരിക്കപ്പെട്ടിട്ടുള്ള എല്ലാവിധ സൗകര്യാദികളേക്കുറിച്ചും അതിൽ വിസ്തരിച്ചു പറയുന്നുണ്ടു്. പബ്ളിക്ലൈബ്രറി ഒരു ജനതയുടെ ജീവിതത്തെ എത്രത്തോളം സ്പർശിക്കുവാൻ സാധിക്കുമെന്നും അതിൽ സൂചിപ്പിക്കുന്നു. ജെ. എച്ചു്. വെല്ലാർഡ് 1940-ൽ പ്രസിദ്ധീകരിച്ച 'The Public Library comes of Age' എന്ന ഗ്രന്ഥത്തിൽ പൊതുജനങ്ങൾക്കും ഗ്രന്ഥശാലകൾക്കും തമ്മിൽ ഉണ്ടായിരിക്കേണ്ട വേഴ്ച ഏതുതരത്തിലായിരിക്കണമെന്നു ചർച്ച് ചെയ്തിട്ടുണ്ടു്. ഈ ചർച്ച ഭാവിയിൽ ഉണ്ടാകാനിരിക്കുന്ന ഗ്രന്ഥശാലകളെപ്പററിയല്ലാ. ഇപ്പോൾ തന്നെ നിലവിലിരിക്കുന്ന സ്ഥാപനത്തിനെ വിശകലനംചെയ്തു് അതു് ഒരു സാമൂഹ്യശക്തികേന്ദ്രമാണെന്നു് സ്ഥാപിക്കുകയും ഗ്രന്ഥശാലാധർമ്മത്തിനു് ഒരു തത്വവീക്ഷണം നൾകുകയുമാണു് ചെയ്യുന്നതു്.

ഗ്രന്ഥശാലകൾ തമ്മിലുള്ള സഹകരണവും ഗ്രന്ഥശാലകൾ പരസ്പരം ഗ്രന്ഥങ്ങൾ വിതരണം നടത്തുന്ന രീതിയും മറേറതുരാജ്യത്തേയുംകാൾ ബ്രിട്ടനിലാണു് പ്രായേണ ഏററവുമധികം തഴച്ചുവളർന്നിട്ടുള്ളതു്. ലക്സ്മൂർ ന്യൂകോംബു് 1937-ൽ പ്രസിദ്ധീകരിച്ചിട്ടുള്ള Library cooperation in great Britain എന്ന ഗ്രന്ഥം ഗ്രന്ഥശാലകളുടെ ഈ വിധത്തിലുള്ള പ്രവർത്തനത്തേയും പുരോഗതിയേയും കുറിച്ചുള്ള ഒരു പ്രാമാണികഗ്രന്ഥമാണു്. ഇംഗ്ലണ്ടിലെ നാഷനൽലൈബ്രറി, ഇംഗ്ലണ്ടിലേയും വെയിൽസിലേയും റീജിണൽ ഗ്രന്ഥശാലാസംവിധാനം, വ്യവസ്ഥാപിത സഹകരണ രീതിയിൽ എല്ലാത്തരത്തിലുമുള്ള ഗ്രന്ഥശാലകളുമായി ഇടപെടുന്നതിനു് സഹായകമായ യൂണിയൻ ക്യാററലോഗ് എന്നിപ്രകാരമുള്ളവയേക്കുറിച്ചു് ശരിക്കു വേണ്ട വിവരം അതിൽ നൾകുന്നുണ്ടു്. ജെ. എച്ചു്. പി. പാഫോർഡ് 1935-ൽ ഗ്രേറ്റ്ബ്രിട്ടണിലെ ലൈബ്രറിഅസോസിയേഷനുവേണ്ടി പ്രസിദ്ധീകരിച്ചിട്ടുള്ള Library Co-operation in Europe എന്ന ഗ്രന്ഥത്തിൽ ഗ്രന്ഥശാലാസഹകരണരീതികളേപ്പററി കൂടുതൽ വ്യാപകമായ രീതിയിൽ പ്രതിപാദിച്ചിട്ടുണ്ടു്. ഉദ്ദേശം 16 രാജ്യങ്ങളിൽ നിലവിലിരിക്കുന്ന ഗ്രന്ഥശാലാസംഘടനകളെപ്പററി അതിൽ

വേണ്ട വിവരങ്ങൾ നൽകുന്നു. മുൻപറഞ്ഞ രണ്ടു പുസ്തകങ്ങളിലും പ്രതിപാദ്യവിഷയത്തെക്കുറിച്ചു് പ്രസിദ്ധീകൃതങ്ങളായിട്ടുള്ള പുസ്തകങ്ങളുടെ ലിസ്റ്റും ചേർത്തിട്ടുണ്ടു്. 1947-ൽ റേയ്മണ്ഡ് ഇർവിൻ എഴുതിയിട്ടുള്ള The National Library Service എന്ന ഗ്രന്ഥത്തിൽ ഗ്രന്ഥശാലാസഹകരണത്തെക്കുറിച്ചുള്ള വിവരങ്ങൾ നല്കിയിരിക്കയാണു്. പക്ഷേ പരിമിതമായ ആ ഒരു സംഗതി മാത്രമല്ല അതിൽ അടങ്ങിയിരിക്കുന്ന വിഷയം. അതിനോടുകൂടി ഒരുമിച്ചുവായിച്ചു പഠിക്കേണ്ടതാണു് എൽ. ആർ. മക്കാൾവിൻ എഴുതിയിട്ടുള്ള The Public Library System of Great Britain എന്ന പ്രസിദ്ധീകരണം. രാജ്യവ്യാപകമായ ജനകീയ ഗ്രന്ഥശാലാസേവനത്തിന്റെ ആവശ്യകത, അപ്രകാരമുള്ള ഒരു സേവനത്തിനു ഉപയോഗപ്രദമായേക്കാവുന്ന ഗ്രന്ഥശാലാഭരണരീതികൾ, ആ ഭരണവ്യതിയാനങ്ങൾ നിമിത്തം നിലവിലിരിക്കുന്ന മുനിസിപ്പൽപരവും ഡിസ്ട്രിക്ട്പരവുമായ പൊതുജനവായനശാലകളിലും സ്കൂൾ ലൈബ്രറികളിലും, സ്പെഷ്യൽ ലൈബ്രറികളിലും ഉണ്ടാകാവുന്ന ചില പരിവർത്തനങ്ങൾ എന്നിവയെക്കുറിച്ചു് അതിൽ പ്രതിപാദിച്ചിട്ടുണ്ടു്. ഗ്രന്ഥശാലാപ്രവർത്തകർക്കു് പരിശീലനം നൽകുന്നതിനെപ്പററിയുള്ള ഒരു പ്രധാനപ്പെട്ട ഭാഗവും ആ പുസ്തകത്തിൽ കാണാവുന്നതാണു്.

ഗ്രന്ഥശാലാഭരണത്തെപ്പററിയും സംവിധാനത്തെപ്പററിയുമുള്ള അനേകം ഗ്രന്ഥങ്ങളിൽ വെച്ചു എല്ലാവശങ്ങളും ഉൾപ്പെടുത്തി പൊതുവേ എഴുതിയിരിക്കുന്ന ഒരു പ്രാമാണികഗ്രന്ഥമാണു് ബ്രൗൺ എഴുതിയിട്ടുള്ളതും ബെർവിക്ക് സേയേഴ്സ് ടിപ്പണം ചെയ്തിട്ടുള്ളതുമായ Manual of Library Economy എന്ന ഗ്രന്ഥം. അതിന്റെ ഏററവും പുതിയ പതിപ്പു് ഇപ്പോൾ തയ്യാറായിക്കൊണ്ടിരിക്കുകയാണു്. പബ്ലിക് ലൈബ്രറികളിൽ ഉപയോഗത്തിലിരിക്കുന്ന വിവിധരീതികളെപ്പററിയാണു് അധികവും അതിൽ പ്രതിപാദിച്ചിരിക്കുന്നതു്. അല്ലാതെ ഒരു ഗ്രന്ഥശാലയിലെ എല്ലാതരത്തിലുമുള്ള പ്രവർത്തനങ്ങൾക്കും മതിയായ വിവരം നൽകുന്ന ഒരു മാനുവലല്ല; എന്നാൽ അതിൽപറഞ്ഞിരിക്കുന്ന രീതികൾ ഏതു ഗ്രന്ഥശാലയ്ക്കും പററിയ വിധത്തിലുള്ളവയാണു്. ഈ പുസ്തകത്തിൽ ധാരാളം ചിത്രങ്ങളും പ്ലാനുകളും വിശദീകരണത്തിനായി ചേർത്തിട്ടുണ്ടു്. കൂടാതെ അതിൽ ചർച്ചചെയ്തിരിക്കുന്ന വിഷയങ്ങളെപ്പററി പ്രസിദ്ധീകൃതങ്ങളായിട്ടുള്ള ഗ്രന്ഥങ്ങളുടെ നല്ല പട്ടികകളും നല്കിയിരിക്കുന്നു. ഏറെക്കുറെ അതുപോലെയുള്ളതും എന്നാൽ താരതമ്യേന ചെറുതുമായ അനവധി ഗ്രന്ഥങ്ങൾ ഈ അടുത്തകാലങ്ങളിൽ തന്നെ എഴുതപ്പെട്ടിട്ടുണ്ടു്. ബി. എം. ഹെഡിക്കാറിന്റെ 1947-ലെ Manual of Library Organisation, ഈ. ജെ. കാർണലിന്റെ 1947-ലെ Library Administration, ഈ രണ്ടുഗ്രന്ഥങ്ങളും അവയിൽ പ്രാധാന്യം അർഹിക്കുന്നവയാണു്. പ്രത്യേക തുറകളിലുള്ള ഗ്രന്ഥശാലകളെപ്പററിയും പലപുസ്തകങ്ങളും ഉണ്ടായിട്ടുണ്ടു്. ജി. വോളെഡ്ജും ബി. എസ്സ്. പേജും കൂടെ ചേർന്നു് പ്രസാധനം നടത്തിയിട്ടുള്ള A manual of University and college Library practice കലാലയ ഗ്രന്ഥശാലകളുടെ നടത്തിപ്പിനു് വളരെ പ്രയോജകീഭവിക്കുന്നതാണു്. 1936-ൽ മോണിക്കാക്യാന്റ് പ്രസിദ്ധീകരിച്ചിട്ടുള്ള 'School and college Library practice' എന്ന ഗ്രന്ഥവും ഇക്കൂട്ടത്തിൽ ഉൾപ്പെടുത്താം. ബെർവിക്ക് സേയേഴ്സ് 1932-ൽ പ്രസിദ്ധീകരിച്ചിട്ടുള്ള A manual of children's Libraries ബാലഗ്രന്ഥശാലാനടത്തിപ്പിനും സഹായകരമായിരിക്കും. ഡിസ്ട്രിക്കിലെ ഗ്രന്ഥശാലകളെപ്പററി 1938-ൽ ഈ. ജെ. കാർണൽ County Libraries എന്ന ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ടു്. ഗാനഗ്രന്ഥങ്ങളുടെ ഗ്രന്ഥശാലയെപ്പററി രണ്ടു വാല്യങ്ങളായി എൽ. ആർ. മക്കോൾവിനും എച്ച്. റീവ്സും കൂടി ചേർന്നു് Music Libraries എന്ന ഗ്രന്ഥം 1937-38 ഈ വർഷങ്ങളിൽ പ്രസിദ്ധീകരിച്ചു. ശാസ്ത്രീയ ഗവേഷണങ്ങൾക്കു് ഉപകാരപ്രദമാകേണ്ട ഗ്രന്ഥശാലകളെ പരാമർശിച്ചു് 1936-ൽ എച്ച്.

പി. സ്പ്രാറ്റ് Libraries for scientific Research in Europe and America എന്ന ഗ്രന്ഥവും എഴുതിയിട്ടുണ്ട്.

ഗ്രന്ഥശാലകളുടെ ഓരോതരത്തിലുമുള്ള സാങ്കേതിക ധർമ്മങ്ങളെപ്പററിയും പല പ്രയോജനപ്രദമായ പുസ്തകങ്ങൾ ആവിർഭവിച്ചിട്ടുണ്ട്. പുസ്തകങ്ങൾ തെരഞ്ഞെടുത്തു വാങ്ങിക്കേണ്ട പ്രാധാന്യത്തെപ്പററിയും രീതികളെപ്പററിയും ജെ. എച്ച്. വെല്ലാഡ് 1937-ൽ എഴുതിയിട്ടുള്ള "Book selection" എന്ന പുസ്തകത്തിൽനിന്നും മനസ്സിലാക്കാവുന്നതാണ്. അതേ വിഷയത്തെക്കുറിച്ചുതന്നെ എച്ച്. ഈ. ഹേയിൻസ് 1935-ൽ 'Living with books' എന്ന ഒരു ഗ്രന്ഥവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ. ഏ. സാവേജ് 1942-ൽ അച്ചടിച്ചിട്ടുള്ള The Librarian and his Committee, അദ്ദേഹം തന്നെ 1947-ൽ എഴുതിയിട്ടുള്ള A librarian looks at readers എന്നീ രണ്ടു ഗ്രന്ഥങ്ങളും പല വിവരങ്ങളും ഉപദേശങ്ങളും ഗ്രന്ഥശാലകൾക്കുവേണ്ടി പുസ്തകം തെരഞ്ഞെടുക്കുന്നതിനെപ്പററി നൽകുന്നു. ഇതിൽ ഒന്നാമതു പറഞ്ഞ ഗ്രന്ഥത്തിൽനിന്നും ഒരു ലൈബ്രേറിയനും ഒരു ഗ്രന്ഥശാലാഭരണകമ്മററിയും തമ്മിൽ ഉണ്ടായിരിക്കേണ്ട ബന്ധത്തെപ്പററിയുള്ള ഒരു ദീർഘകാലപരിചയസമ്പന്നനായ ബ്രിട്ടീഷുലൈബ്രേറിയൻെറ ആശയങ്ങൾ നമുക്കു ലഭിക്കുന്നതാണ്.

ഗ്രന്ഥശാലകളുടെ ശരിയായ ഉപയോഗത്തിനും വായനക്കാരെ അവരുടെ വായനയിൽ സഹായിക്കുന്നതിനും പററിയ പല ഗ്രന്ഥങ്ങളും ഇംഗ്ലണ്ടിൽ പ്രസിദ്ധീകൃതങ്ങളായിട്ടുണ്ട്. 1937-ൽ ജോൺ ഡി. കൗവ്‌ലി എഴുതിയിട്ടുള്ള The use of Reference Material, എൽ. ആർ. മക്കോൾവിനും ഇ. ആർ. മക്കോൾവിനുംകൂടി ചേർന്നു 1936-ൽ രചിച്ചിട്ടുള്ള Library stock and Assitance to Readers എന്നീ രണ്ടു പാഠപുസ്തകങ്ങളും ഗ്രന്ഥശാലകളിലുള്ള അതിപ്രധാനമായ ഗ്രന്ഥങ്ങളെപ്പററിയും, പല ഗ്രന്ഥങ്ങളുടേയും പ്രത്യേകിച്ച് പ്രാമാണികഗ്രന്ഥങ്ങളുടെ ഉള്ളടക്കത്തെപ്പററിയും, ശരിയായ വിവരങ്ങൾ നൾകുന്നതും ഗ്രന്ഥശാലാപ്രവർത്തകർക്ക് അത്യന്താപേക്ഷിതവുമാണ്. ഇതേവിഷയം തന്നെ ഒരു സാധാരണ വായനക്കാരനെ ഉദ്ദേശിച്ച് എൽ. ആർ. മക്കോൾവിൻ 1947-ൽ How to find out എന്നും How to use books എന്നും പേരോടുകൂടിയ രണ്ടു പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പുസ്തകവർഗ്ഗവിഭജനം ക്യാററലോഗ് എന്നീ ഗ്രന്ഥശാലാസാങ്കേതികവിഷയങ്ങളെ സംബന്ധിച്ച് ഓരോ തരത്തിലുള്ള പ്രത്യേകം പ്രത്യേകം അംഗീകൃതവിഭജനരീതികളും നിയമാവലികളും പ്രസിദ്ധീകൃതങ്ങളായിട്ടുണ്ട്. അവയിൽ മിക്കവയേക്കുറിച്ചും അധികൃതമായ രീതിയിൽ ഡബ്ളു. സി. ബെർവിക്ക്സേയേഴ്സ് 1944ൽ പ്രസിദ്ധീകരിച്ചിട്ടുള്ള A manual of classification for librarians and bibliographers, അതേ ഗ്രന്ഥകർത്താവുതന്നെ എഴുതിയിട്ടുള്ള An Introduction to library classification, ഡബ്ള്യു. എച്ച്. ഫിലിപ്സിൻെറ A primary Book classification, M. S Taylor 1939-ൽ പ്രസിദ്ധീകരിച്ചിട്ടുള്ള Handbook of classification and cataloging for school and college libraries, എച്ച്. ഏ. ഷാർപ്പ് എഴുതിയിരിക്കുന്ന Cataloging, എന്നീവക ഗ്രന്ഥങ്ങളിൽനിന്നും ശരിയായ വിവരം ലഭിക്കാൻ സാധിക്കുന്നതാണ്. പുസ്തകവർഗ്ഗവിഭജനത്തിൻെറ ചില പ്രത്യേകവശങ്ങളേക്കുറിച്ച് 1947-ൽ ഈ. ഏ. സാവേജ് എഴുതിയിട്ടുള്ള Manual of Book classification and Display for public libraries എന്ന ഗ്രന്ഥവും 1947ൽ J. D. Stewart എഴുതിയിട്ടുള്ള A tabulation of Librarianship എന്ന ഗ്രന്ഥവും ഉപയോഗപ്രദങ്ങളായിരിക്കും. ഗ്രന്ഥശാലയിലുള്ള സകല സാധനങ്ങളും അടുക്കിവെക്കുന്നതിനുള്ള ഒരു വർഗ്ഗവിഭജനമാണ് രണ്ടാമതു പറഞ്ഞ ഗ്രന്ഥത്തിലെ പ്രതിപാദ്യവിഷയം.

ക്യാററലോഗ് തയാറാക്കുന്നതിനുള്ള നിയമങ്ങൾ അടങ്ങിയതും ഏററവും വ്യാപകമായി

ഉപയോഗിക്കപ്പെട്ടുവരുന്നതും 1945-ൽ ബ്രിട്ടീഷുലൈബ്രറി അസോസിയേഷൻ പ്രസിദ്ധീകരണം നടത്തിയിട്ടുള്ള Cataloging Rules, Author & Title Entries എന്ന പുസ്തകവും ഡി. ഏ. കട്ടർ എഴുതിയിട്ടുള്ള Rules of a Dictionary catalogue എന്ന പുസ്തകവുമാണ്. അതുപോലെതന്നെ 1939-ൽ പ്രസിദ്ധീകരിച്ച ബോഡ്ലിയൻ ലൈബ്രറി cataloging Rules എന്ന പുസ്തകത്തിന്റെ പതിപ്പും ലണ്ടൻബ്രിട്ടീഷുമ്യൂസിയം സ്വീകരിച്ചിരിക്കുന്ന നിയമാവലികളുടെ Rules for compiling the Catalogues of printed books, maps and music in the British Musuem എന്ന പുസ്തകത്തിന്റെ 1936-ലെ പതിപ്പും ഈ വിഷയത്തിൽ പ്രയോജനകരമായ വിവരങ്ങൾ നൽകുന്നവയാണ്.

ബ്രിട്ടീഷു ഗ്രന്ഥശാലാമന്ദിരനിർമ്മാണങ്ങളെപ്പററിയുള്ള ശില്പശാസ്ത്രപരമായ ഗ്രന്ഥങ്ങൾ വളരെകുറച്ചുമാത്രമേ ബ്രിട്ടനിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളു. അമേരിക്കൻ ഗ്രന്ഥശാലാസാഹിത്യത്തിലാണെങ്കിൽ പുസ്തകങ്ങൾ വളരെ ധാരാളം ഉണ്ടായിട്ടുണ്ട്. മുൻപു ഗ്രന്ഥശാലാഭരണപരമായും, അതിന്റെ സംവിധാനത്തേക്കുറിച്ചും പറഞ്ഞിട്ടുള്ള ഗ്രന്ഥങ്ങളിൽ വായനശാലകളുടെ കെട്ടിടങ്ങൾക്കുവേണ്ടിയുള്ള പ്ലാനുകളും മററും വിശദീകരണത്തിനുമാതൃകയ്ക്കായുംമററും ചേർത്തു കാണാം. ഈ വിഷയത്തിൽ ഏററവും പുതുതായി ഇംഗ്ലണ്ടിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളതു് ഈ. എച്ച്. ആഷ്ബേർനർ 1946-ൽ എഴുതിയിട്ടുള്ള Modern Public Libraries, their planning and Design എന്ന ഗ്രന്ഥമാണ്. ഗ്രന്ഥകർത്താവു ഗ്രന്ഥശാലാമന്ദിരങ്ങളുടെ പ്ലാനിംഗിൽ സുപരിചിതനായ ഒരു ശില്പവിദഗ്ദ്ധനാണെന്നുള്ളതു് പുസ്തകത്തിന്റെ പ്രാധാന്യത്തെ വർദ്ധിപ്പിക്കുന്നുണ്ട്.

ഗ്രന്ഥശാലകളെ സംബന്ധിക്കുന്ന ഇംഗ്ലണ്ടിലെ നിയമനിർമ്മാണത്തെപ്പററിയുള്ള വിവരങ്ങൾ 1939-ൽ ഏ. ആർ. ഹീവ്ലിററ് പ്രസിദ്ധീകരിച്ചിട്ടുള്ള The Law relating to Public Libraries in England & Wales; സി. ആർ. സാൻഡേർസൺ 1925-ൽ എഴുതിയിട്ടുള്ള "Library Law" എന്നീ രണ്ടു് പുസ്തകങ്ങളിൽനിന്നും ലഭിക്കും. രണ്ടാമത്തെ പുസ്തകത്തിൽ ഇംഗ്ലണ്ടിലും വെയിൽസിലുമുള്ള നിയമങ്ങളേക്കൂടാതെ സ്കോട്ട്ലൻഡ്, ഐർലൻഡ് മുതലായ മററു രാജ്യങ്ങളിലുമുള്ള നിയമനിർമ്മാണങ്ങളേപ്പററിയുള്ള കുറിപ്പുകളും ചേർത്തിട്ടുണ്ട്.

1928-1938 വരെ വാർഷികഗ്രന്ഥമായും 1939-47 വരെയുള്ള കാലഘട്ടത്തേക്കു് ഒററ വാല്യമായും അതിനുശേഷം വീണ്ടും വാർഷികഗ്രന്ഥമായും ബ്രിട്ടീഷുലൈബ്രറി അസോസിയേഷൻ പ്രസിദ്ധീകരിക്കുന്ന അതിപ്രധാനമായ ഒരു ഗ്രന്ഥശാലാപ്രാമാണികഗ്രന്ഥമാണ് Year's work in librarianship: എല്ലാ ആധുനിക ഗ്രന്ഥശാലാപ്രസിദ്ധീകരണങ്ങളേക്കുറിച്ചും വിവിധതരത്തിലുള്ള ഗ്രന്ഥശാലാധർമ്മങ്ങളേപ്പററിയും സേവനങ്ങളേപ്പററിയും ആധുനികസ്ഥിതികളെക്കുറിച്ചും ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കപ്പെടുന്നുണ്ട്. Association of Special Libraries and Information Bureau (Aslib) എന്ന സംഘടനയുടെ വാർഷികകാൺഫറൻസുറിപ്പോർട്ടുകൾ 1924 മുതൽ മുടങ്ങാതെ പ്രസിദ്ധീകരിച്ചു വരുന്നുണ്ട്. സ്പെഷ്യൽ ലൈബ്രറികൾ സംബന്ധിച്ചു പ്രയോജനമുള്ള അനേകം ലേഖനങ്ങൾ ഇതിൽ ഉൾപ്പെടുന്നതാണ്. ശാസ്ത്രപരവും സാങ്കേതികവുമായ ഗ്രന്ഥശാലകളേപ്പററിയും അവയുടെ പ്രശ്നങ്ങളേപ്പററിയുമുള്ള വിവരങ്ങളും ഇവയിൽ ചേർക്കുക പതിവാണ്. "Aslib" സംഘടനയുടെ ഒരു പ്രസിദ്ധീകരണമാണ് The journal of Documentation. സാങ്കേതികവും പ്രത്യേകതരത്തിലുള്ളതുമായ വിജ്ഞാനം ശരിക്കു് റിക്കാർഡുചെയ്തു സ്വരൂപിച്ച് വാർത്താവിതരണം നടത്തുന്നതിനേക്കുറിച്ചെല്ലാം അതിൽ വിഷയം ചേർക്കുക പതിവാണ്. ബ്രിട്ടീഷുലൈബ്രറികളുടെ പ്രവർത്തനവും ലോകമെങ്ങുമുള്ള ഗ്രന്ഥശാലാപരമായ പുരോഗതിയും ഉൾക്കൊള്ളുന്നതും ബ്രിട്ടീഷുലൈ

# ഒരു യാത്രാസ്മരണ

## ഡാ. കെ. രാഘവൻപിള്ള

[എസ്പെറാൻസ്ബേയിലെ എന്റെ കൂട്ടുകാർ— കപ്പലിലെ ആദ്യത്തെ ഭക്ഷണം—കപ്പൽ വിനോദങ്ങൾ]

[സംസ്കൃതസാഹിത്യത്തിൽ ഉപരിഗവേഷണങ്ങൾ നടത്തുകയും, "സ്കൂൾ ഓഫ് ഓറിയൻറൽ സ്റ്റഡീസ്" എന്ന ലണ്ടൻ സ്ഥാപനത്തിൽ അല്പകാലം സംസ്കൃതം പഠിപ്പിക്കുകയും ചെയ്ത ഡാക്ടർ കെ. രാഘവൻപിള്ള എം. ഏ. പി. എച്ച്. ഡി. ഇപ്പോൾ യൂണിവേഴ്സിററി കോളേജിൽ സംസ്കൃതാദ്ധ്യാപകനാണ്. അദ്ദേഹത്തിന്റെ യാത്രാസ്മരണകളിൽനിന്നു ഏതാനും അദ്ധ്യായങ്ങൾ ഈ പംക്തികളിൽ പ്രസിദ്ധപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പ്രസക്താനുപ്രസക്തമായി പല ചിന്താസരണികളിലേക്കും പടരുന്ന ഈ കുറിപ്പുകൾ, വെറും ഉത്സവം കാണലിന്റെ രസത്തോടുകൂടി എഴുതപ്പെടുന്ന യാത്രാസ്മരണകളിൽനിന്നു് തികച്ചും ഭിന്നമാണ്—പത്രാധിപർ]

കൊളമ്പിൽനിന്നു് എസ്പെറാൻസ്ബേ എന്ന കപ്പലിൽ ആയിരുന്നു ഇംഗ്ലണ്ടിലേയ്ക്കു് എനിയ്ക്കു് പോകേണ്ടിയിരുന്നതു്. ആസ്ട്രേലിയായിൽനിന്നു് മിക്കവാറും വെള്ളക്കാരായ യാത്രക്കാരെയും വഹിച്ചുകൊണ്ടു് ഇംഗ്ലണ്ടിലേയ്ക്കു് പോകുന്ന എസ്പെറാൻസ്ബേയുടെ 951—ാം നമ്പർ ക്യാബിനിൽ പെട്ടികളും കെട്ടുകളും എടുപ്പിച്ചുകൊണ്ടു് ഞാൻ എത്തിച്ചേരുമ്പോളേയ്ക്കു് വെള്ളക്കാരായ മൂന്നു സഹയാത്രക്കാർ നേരത്തെ തന്നെ സ്ഥലം പിടിച്ചിരുന്നു. രണ്ടെണ്ണം താഴെയും രണ്ടെണ്ണം മുകളിലുമായി നാലു കിടക്കകൾ ഉണ്ടായിരുന്ന ആ ക്യാബിനിൽ താഴത്തെ ഒരു കിടക്കയാണു് എനിയ്ക്കു് നീക്കിവച്ചിരുന്നതു്. അതുകൊണ്ടു്, മരങ്ങളുടെ മുകളിൽ കുടിൽ കെട്ടിവസിച്ചിരുന്ന ആദിമകാല മനുഷ്യനെപ്പോലെ, ഉറക്കസമയം തോറും ഒരു ചെറിയ കോവേണി കയറുക എന്ന പരിപാടി എനിയ്ക്കു് നിർവഹിയ്ക്കേണ്ടിവന്നില്ല.

എന്റെ ക്യാബിനിൽ താമസിച്ചിരുന്ന മററു മൂന്നുപേരും കൊളമ്പിൽനിന്നു് കയറിയവർ ആയിരുന്നു. സിലോണിനു് അക്കാലത്തു് പുതിയതായി ലഭിച്ച രാഷ്ട്രീയപദവി നിമിത്തം അവരുടെ അവിടത്തെ ജോലിവിട്ടു് സ്വദേശത്തേയ്ക്കു് മടങ്ങുന്നവർ ആയിരുന്നു രണ്ടുപേർ. വിദേശങ്ങളിൽപോയി തോട്ടങ്ങളും മററും വച്ചുപിടിപ്പിച്ചു് ധനാർജ്ജനം ചെയ്തു് സ്വന്തം നാടിന്റെ ധനസ്ഥിതിയും വൈഭവവും വദ്ധിപ്പിക്കുന്ന നിരവധി ഇംഗ്ലീഷുകാരിൽ ഒരാൾ ആയിരുന്നു മൂന്നാമൻ. മിക്കവാറും സമുദായത്തിലെ ഇടത്തരക്കാരായ ഇക്കൂട്ടർ ഭാവത്തിലും

---

ബ്രറി അസോസിയേഷന്റെ ഔദ്യോഗിക പ്രസിദ്ധീകരണവുമാണു Library Association Record എന്ന പേരിൽ അറിയപ്പെടുന്ന മാസിക.

ഗ്രന്ഥശാലാപരമായി ഉണ്ടായിട്ടുള്ള ഗ്രന്ഥങ്ങളുടെ ഏററവും സമഗ്രമായ ഒരു ബിബ്ളിയോഗ്രഫി ആണു് മാർഗാററ്ബെർട്ടണും, മേറിയൺ, ഇവോസ്ബർഗ്ഗും കൂടെ ചേൎന്നെഴുതിയിട്ടുള്ള A bibliography of Librarianship എന്ന ഗ്രന്ഥം സ്ലാവോണിക്കു് ഭാഷകളിലുള്ള ഗ്രന്ഥശാലാശാസ്ത്രഗ്രന്ഥങ്ങളൊഴിച്ചു ലോകത്തിലെങ്ങുമുള്ള ഗ്രന്ഥശാലാശാസ്ത്രഗ്രന്ഥങ്ങളെയും വൎഗ്ഗീകരിച്ചു് ടിപ്പണസഹിതം ഈ ഗ്രന്ഥത്തിൽ ചേൎത്തിട്ടുണ്ടു്.

പെരുമാററത്തിലും മററ് ഇംഗ്ലീഷുകാരിൽനിന്ന് ഒട്ടൊന്ന് മാറിയാണ് കണ്ടുവരാറുള്ളത്. ഓക്സ്ഫോർഡ്, കെയിംബ്രിഡ്ജ്, ലണ്ടൻ എന്നീ സർവ്വകലാശാലകളിൽനിന്ന് വിദ്യയഭ്യസിച്ച് വെളിയിൽ വന്നിരിയ്ക്കുന്ന ഒരു ഇംഗ്ലീഷുകാരനെയും, തോട്ടമുടമസ്ഥതയിൽനിന്ന് ധനം ആർജ്ജിച്ച് മാന്യത നേടിയിട്ടുള്ള ഒരാളെയും തമ്മിൽ ഒരുവിധമൊക്കെ തിരിച്ചറിയാം. വെളിയിൽ പോകുമ്പോൾ വൃത്തിയായി മിനുക്കിയ ഷൂസിടുക, കണ്ണ് മിക്കവാറും മററുള്ളവരുടെ ഷൂസിൽനിന്ന് എടുക്കാതിരിയ്ക്കുക, കഴുത്തും തലയും, അത് ഉടലിൻെറ അററത്ത് കുത്തി ആണി അടിച്ചു നിറത്തിയിരിയ്ക്കുന്നതുപോലെ ഒരു മയവുമില്ലാതെ പിടിച്ചുകൊണ്ടിരിയ്ക്കുക തുടങ്ങിയ ശീലങ്ങളിൽ ചിലത് ഇംഗ്ലണ്ടിലെ ഇടത്തരക്കാർക്ക് ഉണ്ട്. എൻെറ ക്യാബിനിൽ താമസിച്ചിരുന്ന തോട്ടമുടമസ്ഥൻ ചില കാര്യങ്ങളിൽ ഒരു തോട്ടമുടമസ്ഥൻ തന്നെ ആയിരുന്നെങ്കിലും, ശാന്തനും നല്ലവനും കൂടി ആയിരുന്നതിനാൽ യാത്രയുടെ അവസാനം വരെ, പരസ്പരം അഭിവാദനം ചെയ്യുന്നതത്തോളം പരിചിതരായി ഞങ്ങൾ കഴിഞ്ഞുകൂടി. എങ്കിലും ഇംഗ്ലണ്ടിൽ എത്തുന്നതുവരെ ഞങ്ങൾ ആകപ്പാടെ ഒരുഡസൻ വാക്കുകളേ പരസ്പരം പറഞ്ഞിട്ടുള്ളു. എന്നാൽ, മുഖവും മററും എല്ലായ്പോഴും വെടിപ്പുവരുത്തി, ഒന്നാംതരം വസ്ത്രങ്ങളും ധരിച്ച്, വലതുകയ്യിൽ ഒരു സിഗാററ്ടിന്നും ഇടതുകയ്യിൽ ഒരു കത്തിച്ച സിഗാററുമായി എൻെറ സ്നേഹിതൻ ജീവിതായോധനത്തിൽ ജയിച്ച ഒരു യോദ്ധാവിനെപ്പോലെ തലയെടുപ്പോടുകൂടി തൻെറ ഹസ്തിനികളുമായി കപ്പൽതട്ടിൽ അങ്ങനെ വിലസുന്നത് ഇംഗ്ലണ്ടിൽ എത്തുന്നതുവരെ എന്നെ പലപ്പോഴും രസിപ്പിച്ചിട്ടുള്ള ഒരു കാഴ്ച ആയിരുന്നു.

സിലോണിൽനിന്ന് ഉദ്യോഗം ഒഴിഞ്ഞു പോരുന്ന എൻെറ മററു സഹയാത്രക്കാരിൽ ഒരാൾ ഒരു പോലീസുദ്യോഗസ്ഥനും അപരൻ ഒരു സർവ്വേസൂപ്രണ്ടും ആയിരുന്നു. എൻെറ കട്ടിലിൻെറ നേരെ മുകളിലുള്ള കട്ടിൽ ഉപയോഗിച്ചിരുന്ന പോലീസുദ്യോഗസ്ഥൻ കാഴ്ചയിലും മററുള്ളവരുമായുള്ള വേഴ്ചയിലും എല്ലാംതന്നെ ഒരു പോലീസുകാരൻ ആയിരുന്നു. ഏതാണ്ട് ആറു അടിയോളം ഉയരം, കൃശമെങ്കിലും ഉറച്ചതായ ശരീരം, വളരെ മിതമായ സംഭാഷണം, ധൃതിയിലുള്ളതും പ്രത്യക്ഷത്തിൽ ലക്ഷ്യമുണ്ടെന്ന് തോന്നുന്നതുമായ നടപ്പ്—ഇത്രയുമായാൽ അയാളുടെ ബാഹ്യപ്രകൃതിയുടെ ഒരു മട്ടായി. രാവിലെ തന്നെ ക്യാബിൻവിടുക, എന്തെങ്കിലും പുസ്തകം വായിച്ചുകൊണ്ട് കപ്പൽതട്ടിൻെറ ഒരു കോണിൽ ഇരിയ്ക്കുക, വായനകൊണ്ട് കണ്ണ് കലങ്ങുമ്പോൾ അനന്തമായി പരന്നുകിടക്കുന്ന കടലിലേക്ക് അങ്ങനെ ദീർഘനേരം നോക്കുക, രാത്രി ഏതാണ്ട് പതിനൊന്ന് മണിയാകുമ്പോളേയ്ക്ക് ക്യാബിനിൽവന്ന് മെത്തയിലേയ്ക്ക് ഒരൊററ ചാട്ടംകൊണ്ട് കയറി [പോലീസ്കാരനായ സ്നേഹിതൻ കട്ടിലിൽ കയറാൻ കോവേണി ഉപയോഗിയ്ക്കുകയില്ലായിരുന്നു] ഉറങ്ങാനുള്ളവസ്ത്രങ്ങളിലേയ്ക്ക് കയറി ഉറങ്ങുക—ഇങ്ങനെയാണ് അയാൾ ദിവസങ്ങൾ പിൻതള്ളിക്കൊണ്ടിരുന്നത്. കപ്പൽ ഇംഗ്ലണ്ടിൽ എത്തുന്നതിനു ഇടയ്ക്ക് എൻെറ ക്യാബിൻ കൂട്ടുകാരൻ ചുരുക്കം ചിലരോട് മാത്രമേ സംസാരിയ്ക്കുന്നതായി ഞാൻ കണ്ടുള്ളു. പക്ഷേ മി: ക്ലെൻഷായുമായി ഒന്നുരണ്ടു പ്രാവശ്യം സംസാരിച്ചതിൽനിന്ന് എനിയ്ക്കു മനസ്സിലായത് ആൾ കണ്ടതും ഭാവിച്ചതുംപോലെ ഒരു ശുണ്ഠിക്കരടി അല്ലെന്നായിരുന്നു. വയസ്സ് ഒരു മുപ്പത്തിയഞ്ചോളംമാത്രം വരുന്ന താൻ ഒരു നല്ല ബംഗ്ലാവും ജീവിതസൗകര്യങ്ങളും എല്ലാം വിട്ടിട്ട് താൽക്കാലികമെങ്കിലുമായ തൊഴിലില്ലായ്മയിലേയ്ക്കും, മിക്കവാറും നിത്യമായ ബംഗ്ലാവില്ലായ്മയിലേയ്ക്കും, ക്യൂവിൽനിൽപ്പിലേയ്ക്കും തിരിച്ചുപോകേണ്ടി വന്നതിൽ അതിഗ്ലാനമായ ഒരു മനസ്സായിരുന്നിരിയ്ക്കണം മി: ക്ലെൻഷായ്ക്കുണ്ടായിരുന്നത്. പൗരസ്ത്യരാജ്യങ്ങളിലും ആഫ്രിക്കയിലും നല്ല തടിയൻ ഉദ്യോഗങ്ങൾ വഹിച്ചതിനുശേഷം താരതമ്യേനയുള്ള ജീവിതവൈഷമ്യങ്ങളിലേയ്ക്കും വിസ്മൃതിയിലേയ്ക്കും തിരിച്ചുപോകേണ്ടിവരുന്ന പല പാശ്ചാത്യർക്കും ഈയൊരു മനഃപ്രയാസം ഉള്ളതായും എനിയ്ക്കു കാണുവാൻ പിൽക്കാലത്ത് ഇടയായിട്ടുണ്ട്. ചൂടും, മഴയും, കൊതുകും പാമ്പും തെണ്ടു

ക്കാരും ധാരാളമുള്ളകിഴക്കൻ രാജ്യങ്ങളിലെ താമസം ചിലകാര്യങ്ങളിൽ ഇവക്ക് അസഹനീയമാണെങ്കിലും, മററുചില കാര്യങ്ങളിൽ സഹനീയമെന്നു മാത്രമല്ല സന്തോഷപ്രദവും ആണ്. മനുഷ്യജീവിതത്തിന് വലിയ വിലയൊന്നുമില്ലാത്ത കിഴക്കൻരാജ്യങ്ങളിൽ, ഇംഗ്ലണ്ടിൽ ഒരു പ്രാവശ്യത്തെ ആഹാരത്തിനുള്ള തുക ഒരു മാസത്തെ ശമ്പളമായി കൊടുത്താൽ, മേംസാഹിബ്, മേംസാഹിബ് എന്ന് വിളിയ്ക്കാൻ ഭൃത്യന്മാരെ കിട്ടാൻ വിഷമമില്ലല്ലോ. സന്ദർശനാർത്ഥം വന്നിരുന്ന ഒരു വൈസ്രായിപത്നിയുടെ ഉടയാടയിൽ ഒരല്പം ചായംപററിയതിന് ഒരു സംസ്ഥാനത്തെ ചീഫ് എൻജിനീയരെ സസ്പെൻഡ് ചെയ്ത സംഭവം ഇവിടെ ഓർമ്മിയ്ക്കണം.

എന്റെ ക്യാബിനിലെ മൂന്നാമത്തെ ഇംഗ്ലീഷുകാരനും ഉദ്യോഗം ഒഴിഞ്ഞു വരികയായിരുന്നെങ്കിലും, മുകളിൽ പറഞ്ഞ പോലീസുദ്യോഗസ്ഥനിൽനിന്ന് പല കാര്യങ്ങളിലും വിഭിന്നനായിരുന്നു അയാൾ. ഇടത്തരത്തിലുള്ള പൊക്കവും, സ്ഥൂലിച്ച ശരീരവും, സദാ പ്രസന്നമായ ഭാവവും, ഒരു നേരിയ നർമ്മബോധവും ആയാൽ ഏതാണ്ട് മി: ഗാർഡ്നറുടെ ചിത്രമായി. എന്റെ കപ്പൽയാത്രയുടെ ആദ്യത്തെ ദിവസം തന്നെ ഞങ്ങൾ തമ്മിൽ സ്നേഹിതന്മാർ ആകുകയും, കപ്പൽ സൗതാംപ്ടൺ തുറമുഖത്ത് അടുക്കുന്നതുവരെയുള്ള മൂന്ന് ആഴ്ചകൾകൊണ്ട് ഞങ്ങളുടെ മൈത്രി ദൃഢതരമാകുകയും ചെയ്തു. എസ്പെറാന്റോ എന്ന കൃത്രിമ ഭാഷ സാമാന്യം വശമായിരുന്ന എന്റെ സ്നേഹിതൻ മററുള്ളവരെയും അതു് പഠിപ്പിയ്ക്കുന്ന കാര്യത്തിൽ വലിയ ഭ്രമക്കാരൻ ആയിരുന്നു. കപ്പലിൽവച്ച് ഞങ്ങളുടെ കൂട്ടുകാരി ആയിത്തീർന്ന മിസ്സിസ്. ബെററിമൊറാൻ എന്ന ആസ്ട്രേലിയാക്കാരിയും ഞാനുംകൂടി ആ മൂന്നാഴ്ചകൊണ്ട് മി: ഗാർഡനറുടെ അധ്യക്ഷതയിൽ അല്പമൊക്കെ എസ്പെറാന്റോ പഠിയ്ക്കുകയും ചെയ്തു.

എന്റെ ക്യാബിൻ കൂട്ടുകാരനായ മി. ഗാർഡനറെ കൂടാതെ കപ്പലിൽവച്ച് എനിയ്ക്കു വളരെ ഇഷ്ടപ്പെട്ട ഒരാളാണ് മിസ്സിസ്. ബെററി മൊറാൻ. സിഡ്നിയിലെ ഒരു വിദ്യാലയത്തിൽ അദ്ധ്യാപികയായി ജോലി നോക്കിവന്ന ഈ യുവതി ഇംഗ്ലണ്ടിൽ താമസിച്ചുകൊണ്ടിരുന്ന തന്റെ ഭർത്താവിനോട് ചേരുന്നതിനും, ആ നാട്ടിൽ എന്തെങ്കിലും ജോലിചെയ്ത് അവിടെ സ്ഥിരതാമസമാക്കാനും ആയി ആസ്ട്രേലിയായിൽ നിന്ന് വരികയായിരുന്നു. മിസ്സിസ്. മൊറാൻ ഒരു സുന്ദരിയായിരുന്നില്ല. അവരുടെ ശരീരം അത്ര മെലിയേണ്ടിയിരുന്നില്ലെന്ന് എനിയ്ക്കു തോന്നുകയും ചെയ്തിട്ടുണ്ട്. പക്ഷേ ചുറുചുറുക്കായി നടക്കുന്ന ആ യുവതിയുമായി പല വിഷയങ്ങളെക്കുറിച്ച് സംസാരിച്ചുകൊണ്ട് കപ്പലിന്റെ തട്ടിന്മേൽ കൂടി നടക്കുമ്പോഴെല്ലാം എനിക്കു വളരെ സന്തോഷം തോന്നിയിട്ടുണ്ട്. മിസ്സിസ് മൊറാനുമായുള്ള എന്റെ സഹവാസത്തിൽനിന്ന് എനിക്കു കിട്ടിയ സംതൃപ്തിക്കു കാരണമായി, ആ സ്ത്രീയുടെ വ്യക്തിത്വവൈശിഷ്ട്യം കൂടാതെ മററൊരു കാര്യംകൂടി ഉണ്ടെന്നു ഈ വിഷയത്തെക്കുറിച്ച് ചിലപ്പോഴെല്ലാം ആലോചിക്കുമ്പോൾ എനിയ്ക്ക് തോന്നാറുണ്ട്. സ്ത്രീപുരുഷസഹവാസത്തിന് ധാരാളം സ്വാതന്ത്ര്യമുള്ള ഒരു സമുദായത്തിൽനിന്നു വന്ന മിസ്സിസ്. മൊറാന്റെ പെരുമാററത്തിലുണ്ടായിരുന്ന സ്വാതന്ത്ര്യവും നേർബുദ്ധിയും, ജന്മനാതന്നെയുള്ള ഒതുക്കം സമുദായസ്ഥിതികൊണ്ട് പതിന്മടങ്ങു വർദ്ധിച്ചിരുന്ന എന്നെ, ഞാനൊളിച്ചിരുന്ന ആമയോട്ടിൽനിന്ന് പുറത്തു കൊണ്ടുവന്നിരിക്കുമെന്നാണ് എനിയ്ക്കു തോന്നുന്നതു്. ഏതുവിഷയത്തെക്കുറിച്ചും—ലൈംഗികകാര്യങ്ങൾ ഉൾപ്പെടെ—ധീരമായി ചിന്തിയ്ക്കാൻ കഴിവുള്ള ഒരു സ്ത്രീയുമായി ഇടപെടാൻ കഴിയുമ്പോളാണ് നമുക്കു മനസ്സിലാകുന്നതു് സമുദായത്തിലെ രണ്ടു പ്രധാന ഘടകങ്ങളായ സ്ത്രീയും പുരുഷനും തമ്മിൽ ഇടപെടുന്നതു് ആനന്ദകരമായ ഒരു മാനസികവ്യാപാരമാകാമെന്നും, അപരാധത്തിന്റെ കാപുരളാത്ത ഒരു വൈകാരികവേഴ്ച ആ വ്യവസായത്തെ മധുരതരമാക്കാമെന്നും.

കപ്പലിൽ ഉണ്ടായിരുന്ന ചില ഇന്ത്യാക്കാരിൽ എനിയ്ക്ക് പരിചിതരായി തീർന്നതു് ഇംഗ്ലീഷുകാരിയായ ഭാര്യയുമായി സഞ്ചരിച്ചുകൊണ്ടി

രുന്ന ബംഗാളത്തുകാരനായ ഒരു ഡോക്ടരും, രോഗാണുശാസ്ത്രം സംബന്ധിച്ച് പഠനം നടത്താൻ ഇംഗ്ലണ്ടിലേയ്ക്കു യാത്രചെയ്തിരുന്ന ഒരു തെലുങ്കൻ ഡാക്ടരും അദ്ദേഹത്തിൻെറ ഭാര്യയും ആയിരുന്നു. ഞാൻ കുറെ സംസ്കൃതം പഠിച്ചിട്ടുണ്ടെന്നു മനസ്സിലായപ്പോൾമുതൽ ബംഗാളി ഡാക്ടർക്കും അദ്ദേഹത്തിൻെറ പത്നിയ്ക്കും എന്നോട് പ്രത്യേകകാര്യമായി. ജീവിതത്തിൻെറ പല തുറകളിലും വിദേശീയമായ ഒരു രീതി സ്വീകരിക്കുകയും, സ്വന്തം നാടിൻെറ സാംസ്കാരികപാരമ്പര്യത്തെക്കുറിച്ച് ചില അവ്യക്താശയങ്ങൾ മാത്രം ഉണ്ടായിരിക്കുകയും ചെയ്യുന്ന ഇന്ത്യാക്കാരിൽ പലക്കും ഇൻഡ്യയുടെ പുരാതനകാലജീവിതത്തെയും സാഹിത്യത്തെയും കുറിച്ചു പഠനം നടത്തുന്നവരെക്കുറിച്ച് ഒരു പ്രത്യേകതരം ഭാവമാണ് ഉണ്ടാകാറുള്ളത് എന്നു എനിയ്ക്കു് പലപ്പോഴും തോന്നിയിട്ടുണ്ട്. പട്ടണങ്ങളിലോ മറേറാ വലിയ ഉദ്യോഗങ്ങൾ വഹിച്ചിട്ട്, അവധിക്കാലത്ത് വീട്ടിൽവരുന്ന ചിലക്ക്, കൃഷിയും മററും നടത്തി കുടുംബംവക സ്വത്തുകൾ പരിപാലിച്ച് വീട്ടിൽതന്നെ കഴിഞ്ഞുകൂടുന്ന അമ്മാവന്മാരോടുംമററും, സ്നേഹവും, ബഹുമാനവും, നേരിയ ഒരനുകമ്പയും കലർന്ന ഒരു ഭാവം ഉണ്ടാകാറുണ്ടല്ലോ, ഏതാണ്ട് അതിനോടു തുല്യമായ ഒരു ഭാവമാണ് സംസ്കൃതാദികൾ പഠിക്കുന്നവരെക്കുറിച്ച്, കുറെക്കൂടി ആധുനികമായ കാര്യങ്ങൾ ജീവിതവ്യാപാരമാക്കിക്കഴിയുന്നവക്ക് തോന്നാറുള്ളത്. സഹൃദയനും സുഹൃദയനും ആയ എൻെറ ബംഗാളി സ്നേഹിതൻ അദ്ദേഹത്തിൻെറ ശ്വേതപ്രേയസിയോട്, സംസ്കൃതത്തെയും എന്നെയും കുറിച്ച് പല നല്ലകാര്യങ്ങളും പറയാറുണ്ടായിരുന്നു. കപ്പലിലെ പല യാത്രക്കാർക്കും കടൽചൊരുക്ക് ബാധിച്ച ഒരു സന്ദർഭത്തിൽ, അതിൻെറ പിടിയിൽപെടാതെ നിന്നിരുന്ന നാലഞ്ചുപേരുടെ കൂട്ടത്തിൽ ഞാനും ഉൾപ്പെട്ടപ്പോൾ, സംസ്കൃതാദ്ധ്യയനത്തിൻെറ സർവ്വപ്രധാനമായ ഒരു ഫലം എൻെറ ബംഗാളിസ്നേഹിതൻ അതിൽ ദർശിച്ചു. 'സുഖദുഃഖസമോധീരഃ' എന്ന ഗീതാശയം കടൽചൊരുക്കിനുകൂടി ബാധകമാണെന്നും, കപ്പലിലെ പല യാത്രക്കാരും കടൽചൊരുക്കുനിമിത്തം കപ്പൽതട്ടുകളിലും മററും വീണു കിടന്നപ്പോൾ ഞാൻ നിവർന്നുനില്ക്കാൻ കാരണമായതു് എൻെറ ഗീതാഭ്യസനമാണെന്നും അദ്ദേഹം വിശ്വസിച്ചു; പറയുകയും ചെയ്തു.

തെലുങ്കൻ ഡാക്ടരായ എൻെറ സ്നേഹിതൻ കാളേജിൽ പഠിക്കുന്ന കാലത്ത് കായികാഭ്യാസങ്ങളിലും കളികളിലും മററും ധാരാളമായി പങ്കെടുക്കുകയും, പിൽക്കാലത്ത് പട്ടാളത്തിൽ ഉദ്യോഗസ്ഥനായി ഇരിക്കുകയും ചെയ്യുകയാൽ അയാൾക്ക് ഒരു കായികാഭ്യാസിയുടെ ശരീരപുഷ്ടി ഉണ്ടായിരുന്നു; അതിനോടൊപ്പം പല കായികാഭ്യാസികൾക്കും ഇല്ലാത്ത ബുദ്ധിശക്തിയും ഉണ്ടായിരുന്നു. പല കാര്യങ്ങളെക്കുറിച്ച് സംസാരിക്കാൻ കഴിവുണ്ടായിരുന്ന അയാൾക്ക്. പട്ടാളത്തിലെ ജീവിതത്തിൽ യൂറോപ്യന്മാരോടു ഇടപഴകാൻ സാധിച്ചിരുന്നതുകൊണ്ടു്, കപ്പലിൽ കയറിയ ദിവസംമുതൽ അയാൾ വെള്ളക്കാരായ യാത്രക്കാരുമായി പരിചയബന്ധത്തിൽ ഏർപ്പെട്ടു. വെള്ളക്കാരായ യാത്രക്കാരുമായി സ്നേഹബന്ധം സ്ഥാപിക്കാൻ സഹായകമായ പാനീയപാനശീലങ്ങളും എൻെറ സ്നേഹിതനു ഉണ്ടായിരുന്നു. ഇതു കൂടാതെ നല്ലതുപോലെ വേഷം കെട്ടുക, ആത്മവിശ്വാസത്തോടുകൂടി സംസാരിക്കുക എന്നു തുടങ്ങി ഒരു സംഘത്തിൽ താൽക്കാലികമെങ്കിലും ആയ ഒരു സ്ഥാനം സമ്പാദിക്കുവാൻ ഉപകരിക്കുന്ന ചില ഗുണവിശേഷങ്ങളും അയാളിൽ ഞാൻ കണ്ടു. ഡാക്ടരുടെ പത്നി വിദ്യാസമ്പന്നയായിരുന്നു എങ്കിലും കൂട്ടത്തിൽനിന്നു ഒഴിഞ്ഞുമാറുന്ന പ്രകൃതക്കാരി ആയിരുന്നു. യാത്രയ്ക്കിടയിൽ അവരും ഞാനുമായി ആകപ്പാടെ അരഡസൻ വാക്കുകളിൽ കൂടുതൽ പറഞ്ഞിട്ടില്ല. എങ്കിലും, സദാ ഊർജ്ജസ്വലതയോടുകൂടി ഓടിനടക്കുന്ന മദാമ്മമാരുടെ ഇടയിൽ, ലജ്ജയും ഒഴിഞ്ഞുമാററവും, നിശ്ശബ്ദതയും എല്ലാംകൂടിച്ചേർന്നു് പൂജ്യമായി തീർന്നിട്ടുള്ള ഭാരതീയ വനിതാത്വത്തിന്, അതിനു് പ്രത്യേകമായ ഒരഴകു് ഉണ്ടായിരുന്നെന്നും പറയേണ്ടിയിരിക്കുന്നു.

ഞാൻ കപ്പലിൽ കയറി ഏതാണ്ടു് ഒരു മണിക്കൂർ കഴിഞ്ഞപ്പോഴേയ്ക്കു് കപ്പലിലെ അ

ആഴത്തിന്റെ സമയം ആയിക്കഴിഞ്ഞു. ഒരു വിഭാഗത്തിലുള്ള യാത്രക്കാർ മാത്രം യാത്രചെയ്തിരുന്ന കപ്പൽ ആകയാൽ, അത്താഴമൂണിന് പ്രത്യേകമായി വേഷം കെട്ടേണ്ട ആവശ്യമില്ലെന്ന മി. ഗാർഡ്നർ പറഞ്ഞു. ഇതെനിയ്ക്കു് പ്രത്യേകം ആശ്വാസംതന്നു. പക്ഷേ ഊണിന്റെ സമയമായപ്പോൾ വാതിലിന്റെ സമീപം എത്തിനോക്കിയ എനിയ്ക്കു് ഭയവും പരിഭ്രമവും ആണു് അനുഭവപ്പെട്ടതു്. വിശാലമായ ഒരു ഹാളിൽ അങ്ങോളം ഇങ്ങോളം വെള്ളക്കാർ ഇരിയ്ക്കുകയാണു്. വളരെയാളുകൾ ഇരിയ്ക്കുന്ന മദ്ധ്യസ്ഥലങ്ങളിലും മററും കയറിച്ചെല്ലുക എന്നതു് എന്നും ഒരു പ്രയാസമായിരുന്നിട്ടുള്ള എനിയ്ക്കു്, എന്റെ ചങ്കു് വല്ലാതെ ഇടിയ്ക്കുന്നതായും തൊണ്ടയ്ക്കു് എന്തോ ഒരു ഉണ്ട കയറി ഞെരുക്കുന്നതായും തോന്നി. അത്രയധികം വിദേശീയരെ അതിനുമുൻപു് കണ്ടിട്ടില്ലാത്ത എനിക്കു്, അവരെല്ലാം നോക്കിയിരിയ്ക്കേ, അവരുടെ ഇടയ്ക്കുകൂടി ഞാൻ ഇരിയ്ക്കേണ്ടിയിരുന്ന മേശയുടെ അടുത്തേയ്ക്കു് നടന്നുപോകുകയെന്നതു് വലിയ വിഷമമായി. ഇൻഡ്യാക്കാരും സിലോൺകാരുമായി ആ ഹാളിൽ ചിലരെല്ലാം ഉണ്ടായിരുന്നെങ്കിലും, പുതിയതായി ഒരു 'സവർണ്ണൻ' കയറിച്ചെല്ലുമ്പോൾ അവർ എല്ലാം നോക്കുമെന്നു് എനിയ്ക്കു് അറിയാമായിരുന്നു. ഏതായാലും ഈവക ചിന്തകളിലും ഭയത്തിലും മുഴുകാൻ അധികം സമയം ഇല്ലാതിരുന്നതിനാൽ, ഒരുവിധം അവയെല്ലാം അടക്കി ഞാൻ എന്റെ മേശയുടെ സമീപത്തു് എത്തിച്ചേർന്നു. മററു് ആരെല്ലാം ആ മേശയുടെ അടുത്തിരുന്നു എന്നു് എനിയ്ക്കു് ഇപ്പോൾ ഓർമ്മയില്ല. എനിയ്ക്കു് തൊട്ടടുത്തായി ഒരു തടിച്ച പയ്യൻ ഇരുന്നിരുന്നു. അയാളും ഞാനുമായി പരസ്പരം 'ഗുഡ് ഈവിനിംഗ്' എന്നു് അഭിവാദനം ചെയ്യുകയല്ലാതെ, മേശയ്ക്കുചുറ്റത്തിരുന്ന ആരുമായി ഞാൻ സമ്പർക്കം സ്ഥാപിച്ചില്ല. എന്റെ മനസ്സിൽ അല്പമൊരു അസ്വാസ്ഥ്യത ഉണ്ടായിരുന്നതു് പുറത്തു കാട്ടാതിരിയ്ക്കാൻ ഞാൻ ശ്രമിച്ചു. എങ്കിലും പകലത്തെ ശ്രമവും, അപരിചിതരുടെ ഇടയിൽ പെട്ടതുകൊണ്ടുള്ള അസ്വാസ്ഥ്യതയുംകൂടി ആയപ്പോൾ, ആകപ്പാടെ ആ രംഗത്തു് ശാരീരികവും മാനസികവുമായ ഒരു നിലയുറപ്പു് എനിയ്ക്കു് കിട്ടിയിട്ടില്ലെന്നു് എനിയ്ക്കു് തോന്നി. മനുഷ്യനും മനുഷ്യനുമായി സൗഹൃദം സ്ഥാപിയ്ക്കുന്നതിന് ഉള്ള മാർഗ്ഗങ്ങളിൽ ഒന്നു് സഹഭോജനം ആണല്ലോ. താഴ്ന്നവരും ഉയർന്നവരും തമ്മിലുള്ള സ്ഥിതിഭേദത്തെ കാണിയ്ക്കുന്നതിന് പല സമുദായത്തിലും സഹഭോജനമില്ലായ്മയെ ഉപയോഗിയ്ക്കാറുമുണ്ടു്. ആഹാരം കഴിയ്ക്കുന്ന രീതി തുടങ്ങിയവയിൽ എന്റെ സഹഭോക്താക്കളായ മററു് യാത്രക്കാരോടു് ഒരു പൊരുത്തം സ്ഥാപിയ്ക്കാൻ ആ അത്താഴമൂണിൽ കഴിയാതെ പോയതിൽ എനിയ്ക്കു് അല്പം വ്യാകുലതയുണ്ടായി. ഒരു കൂട്ടത്തിനോടു് അഭിപ്രായവ്യത്യാസമോ, അവരുടേതിൽനിന്നു് വിഭിന്നങ്ങൾ ആയ ശീലങ്ങളോ ഉണ്ടായാലും ആ കൂട്ടത്തിൽതന്നെ ഉൾക്കൊണ്ടിരിയ്ക്കാൻ ആഗ്രഹമുള്ളവരിൽ ഒരുവൻ ആണു ഞാൻ. ഏതെങ്കിലും ഒരു സമൂഹത്തിന്റെ അഭിപ്രായങ്ങളോ ശീലങ്ങളോ മാററണമെങ്കിൽതന്നെ അതിൽ ഉൾക്കൊണ്ടു നിന്നു് വിമർശിയ്ക്കുകയാണു് വെളിയിൽ ഇറങ്ങിനിന്നു് അതിനെ അപലപിയ്ക്കുന്നതിനെക്കാൾ നല്ലതെന്നു് എനിയ്ക്കു് തോന്നാറുമുണ്ടു്. അതുകൊണ്ടു് അടുത്ത പ്രാവശ്യത്തെ ഭക്ഷണസമയത്തു്, സഹഭോക്താക്കളുമായി കൂടുതൽ എളുപ്പത്തിൽ ഒരു സമ്പർക്കം പുലർത്താൻവേണ്ടി നേരത്തെ തന്നെ പരിചിതരായ ആരെങ്കിലും ഇരിക്കുന്ന മേശയുടെ അടുത്തു് ഇരിയ്ക്കണമെന്നു് ഞാൻ തീർച്ചപ്പെടുത്തി.

പകൽ ജോലി: രാത്രി വിനോദം—ഇങ്ങനെയാണു് വെള്ളക്കാരിൽ ഒരു നല്ല അംശം ജീവിയ്ക്കുന്നതെന്നു് ഞാൻ കേട്ടിട്ടുണ്ടു്. ഞാൻ കപ്പലിൽ എത്തിയദിവസമാണു് അതു് ആദ്യമായി അടുത്തു് കാണുവാൻ ഇടയായതു്. ദീർഘമായ ഒരു കപ്പൽയാത്രയിൽ വിനോദങ്ങൾക്കു് അത്യന്തം പ്രാധാന്യം ഉണ്ടുതാനും. അനന്തമായി പരന്നുകിടക്കുന്ന നീലക്കടലിൽ നോക്കിക്കൊണ്ടിരിയ്ക്കുന്നതു് സാധാരണസന്ദർഭങ്ങളിൽ വിനോദകരമായിരിയ്ക്കുമെങ്കിലും, മൂന്നുനാലാഴ്ച കടലിൽത്തന്നെ കഴിച്ചുകൂട്ടേണ്ടിവന്നാൽ അതിന്റെ പുതുമയിൽ ഒട്ടൊക്കെ പായൽ പിടിയ്ക്കും; അല്ലെങ്കിൽ ആ നിത്യസുന്ദരങ്ങളായ

പ്രഭാതങ്ങളിലോ സാന്ധ്യരാഗത്തിന്റെ സമ്മോഹനതയിലോ ആയിരിയ്ക്കണം. ദീർഘമായ ഒരു യാത്രയുടെ മുഷിവ് യാത്രക്കാർ തീർക്കുന്നതു് പുതിയ സ്നേഹബന്ധങ്ങൾ സ്ഥാപിച്ചോ, വിനോദങ്ങൾകൊണ്ടോ ആയിരിയ്ക്കും. വിനോദലഹരിയും, മറവലഹരിയും ഒക്കെ കൂടിയായാൽ രണ്ടു മൂന്നാഴ്ചത്തെ കപ്പൽയാത്ര അറിയാതെ അങ്ങു കഴിഞ്ഞുപോകും. അത്താഴമുണ്ടു് കഴിഞ്ഞതിനു് ശേഷം മിക്കവരും വിനോദങ്ങളിൽ ഏർപ്പെട്ടുകയായി. ഒരിടത്തു് പുരുഷന്മാരും സ്ത്രീകളും ചേർന്നുള്ള നൃത്തം; മറെറാരിടത്തു് മരംകൊണ്ടുണ്ടാക്കിയ പട്ടികളെ ഉപയോഗിച്ചുകൊണ്ടുള്ള പന്തയമോട്ടം, മൂന്നാമതൊരിടത്തു് ഒരു വിദ്വാന്റെ പുളുപ്രസംഗം–ഇങ്ങനെപോകുന്ന അവിടത്തെ വിനോദരീതി. ഇതിനെല്ലാം ഉപരിയായി ധാരാളം ആളുകൾ ഒററയായും അല്ലാതെയും പൊതുമുറികളിൽ ലഹരിപദാർത്ഥങ്ങളോ മറേറാ കുടിച്ചുകൊണ്ടു് അങ്ങനെ ഇരിയ്ക്കുന്നതും കാണാം. കപ്പലിൽ ഞാൻ കണ്ട പലരും ബീയർ അല്ലെങ്കിൽ അതിന്റെ വകഭേദങ്ങളാണു് കുടിയ്ക്കുന്നതു കണ്ടതു്. ബീയറിനെ ഇംഗ്ലീഷുകാരന്റെ ദേശീയ ലഹരിസാധനം ആയി പരിഗണിയ്ക്കാമെന്നു് പന്നീടു് ഇംഗ്ലണ്ടിലെ എന്റെ താമസത്തിൽ നിന്നു് എനിയ്ക്കു മനസ്സിലായി. കപ്പലിൽവച്ചുതന്നെ എനിയ്ക്കു് കാണാൻകഴിഞ്ഞ മറെറാരുകാര്യം വെള്ളക്കാർ പ്രണയിയ്ക്കുന്ന രീതിയാണു്. പരസ്പരം അനുരക്തരായ യുവതീയുവാക്കൾ കപ്പൽതട്ടിന്റെ വല്ല മൂലകളിലും ഇരുന്നു് പരസ്പരം ചുംബിച്ചും, സേ്നഹവാക്കുകൾ കൂകിയും, ആലിംഗനംചെയ്തും പലപ്പോഴും വിവാഹത്തിന്റെ മുന്നോടിയായി വരണവും ആത്മസമർപ്പണവും നടത്തുന്ന കാഴ്ച നമ്മുടെ തരളവികാരങ്ങളെ സ്പർശിയ്ക്കുന്നതാണു്. സ്ഥായിയായ ഒരു വിവാഹബന്ധത്തിനു് ഉതകുന്നതു് ഇമ്മാതിരി വരണരീതിയോ, അതോ പൌരസ്ത്യരാജ്യങ്ങളിൽ നടപ്പിൽ ഇരിയ്ക്കുന്നതുപോലെ പ്രായമായവരുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെടുന്ന വിവാഹമോ എന്നതു് ചിന്ത അർഹിക്കുന്ന ഒരു പ്രശ്നമാണു്. വിവാഹബന്ധത്തിൽ ഏർപ്പെടാൻ പോകുന്ന സ്ത്രീപുരുഷന്മാർ കഴിവുള്ളിടത്തോളം പരസ്പരം അറിയുന്നതു് ആവശ്യമാണെന്നാണു് എന്റെ അഭിപ്രായം. എന്നാൽ എത്രത്തോളം അറിയണമെന്നുള്ളതു് വിവാദവിഷയമാണു്. അമേരിക്കയിൽ ഇന്നു് ചില സ്ഥലങ്ങളിൽ നിലവിലിരിയ്ക്കുന്ന കംപാനിയനററ്മാരിയേജ് വരെ പോകുന്നതു് നല്ലതാണോ എന്നു പലക്കും സംശയമുണ്ടു്. വിവാഹകർമ്മത്തിനു് മുൻപു് സ്ത്രീപുരുഷന്മാർ സംപൂർണ്ണമായും ദമ്പതിമാരായി കുറെക്കാലത്തേയ്ക്കു് ജീവിയ്ക്കുകയെന്നതാണു് കംപാനിയററ്മാരിയേജിന്റെ തത്വം. ഈ പരീക്ഷണദാമ്പത്യജീവിതത്തിനുശേഷം ഇരുകൂട്ടർക്കും ഇഷ്ടമെങ്കിൽ അവർ വിവാഹബന്ധത്തിൽ ഏർപ്പെടും. അതുപോലെതന്നെ, സംഭോഗം കൂടാതെയുള്ള ഒരു വരണകാലം തരക്കേടില്ല എന്നു് വിശ്വസിക്കുന്നവർകൂടി, ആ വരണകാലം ദീർഘമായി പോകുന്നതിനു് എതിരാണു്. പാശ്ചാത്യസമ്പ്രദായപ്രകാരം ഈ വരണസമ്പ്രദായത്തിൽ ചുംബനം ആലിംഗനം തുടങ്ങി സംഭോഗം ഒഴിച്ചുള്ള അംഗങ്ങൾ എല്ലാം ഉൾപ്പെടുന്നു. വികാരോത്തേജകങ്ങളായ പരിപാടികളിൽ ഏർപ്പെട്ടു് അവയെ അവയുടെ പരിണതഫലമായ സംഭോഗത്തിൽ അവസാനിപ്പിയ്ക്കാതിരിയ്ക്കുകയെന്നതു് ദീർഘകാലമായി തുടർന്നാൽ അതു് ആരോഗ്യത്തിനു് ഹാനികരമാണെന്നാണു് ഇന്നത്തെ അഭിപ്രായം. അതു് യുവതീയുവാക്കളുടെ സംഭോഗശക്തിയെ ഇല്ലാതാക്കുമെന്നും അഭിപ്രായമുണ്ടു്. എന്നാൽ ഈ വരണവ്യാപാരത്തിൽ സംഭോഗത്തിനെക്കൂടി ഉൾപ്പെടുത്താമെന്നുവച്ചാൽ, അതു് വിവാഹത്തെ വെറുമൊരു മുദ്രയടിക്കൽ ആക്കിത്തീർക്കുന്നു; സ്വപ്നസുന്ദരമായ പ്രഥമരാത്രിയെ വെറുമൊരു രാത്രിയാക്കുന്നു.

വിവാഹജീവിതത്തിന്റെ വിജയം എന്ന പ്രശ്നത്തെ ലാക്കാക്കിയാണു്, വിവാഹപൂർവ്വവരണരീതിയെക്കുറിച്ചു് നാം ചിന്തിയ്ക്കുന്നതെങ്കിൽ, ആ വിജയത്തിന്റെ കാര്യത്തിൽ പരിഗണിയ്ക്കപ്പെടേണ്ട വസ്തുതകൾ വേറെയാണു്. വരണരീതിയെമാത്രം ആശ്രയിച്ചല്ല വിവാഹവിജയം സ്ഥിതിചെയ്യുന്നതു്. വിവാഹത്തെക്കുറിച്ചു് ദമ്പതികൾക്കുള്ള വീക്ഷണഗതിയെ പ്രമു

# ഒരു ഇന്ത്യൻ സാഹിത്യപരിഷത്ത്

സർദാർ കെ. എം. പണിക്കർ

"നോട്സ് ഓൺകൾച്ചർ (Notes on Culture) എന്ന കൃതിയിൽ പ്രസിദ്ധ ഇംഗ്ലീഷ് കവിയായ ടി. എസ്. എലിയട്ട് ഒരു കാര്യം ഊന്നിപറഞ്ഞിട്ടുണ്ട്. ദേശീയസംസ്കാരങ്ങളുടെ ശക്തിയും ജീവനും പ്രാദേശികസംസ്കാരങ്ങളെ ആശ്രയിച്ചാണ് നിലനിൽക്കുന്നതെന്ന്. ഇംഗ്ലണ്ടിനെപോലുള്ള ഒരു ചെറിയ രാജ്യത്തിന്റെ കാര്യംതന്നെ നോക്കുക. വെയ്ൽസ്, സ്കോട്ട്ലണ്ട് 'ഐൽ ഓഫ്മാൻ' ഇവയുടെ എല്ലാം പ്രാദേശികസംസ്കാരങ്ങൾ അതതിന്റെ സവിശേഷ ചൈതന്യവും സ്വഭാവവിശേഷങ്ങളും സംഭാവന ചെയ്തിട്ടാണ് സമ്പന്നവും സംശ്ലിഷ്ടവുമായ ഒരു ഇംഗ്ലീഷ്ദേശീയസംസ്കാരം രൂപം പ്രാപിച്ചിട്ടുള്ളത്.

ചില്ലറ പ്രാദേശികവൈവിധ്യങ്ങളുണ്ടെങ്കിലും യഥാർത്ഥത്തിൽ ഒററയായ ഇംഗ്ലീഷ്സംസ്കാരത്തിന്റെ കഥ ഇതാണെങ്കിൽ സകല വൈവിധ്യങ്ങളുടെയും ആകരമായ ഇന്ത്യയുടെ കഥ പറയാനുണ്ടോ?

*　　*　　*　　*

ഇന്ത്യയുടെ ദേശീയമായ സംസ്കാരം ഇന്ത്യയിലെ പ്രാദേശികഭാഷകളോടു ഒട്ടധികം കടപ്പെട്ടതാണ്. അതു് അനേകം ഉപനദികൾ വന്നുവീഴുന്ന ഗംഗയെപ്പോലെയാണ്. എല്ലാം ഒരേ ഹിമാലയത്തിൽനിന്നുതന്നെയാണ് ഉത്ഭവിക്കുന്നതു്. ഈ ഉപനദികൾ ഗംഗയെ വിപുലതരവും അഗാധതരവും ആക്കുക മാത്രമല്ല, ചില

---

ഖമായി ആശ്രയിച്ചാണ് അതിന്റെ നില പാശ്ചാത്യരാജ്യങ്ങളിൽ പ്രായേണ വ്യക്ത്യധിഷ്ഠിതമായ ഒരു വീക്ഷണഗതിയാണ് ദമ്പതിമാക്കുള്ളതു്. കുടുംബത്തിന്റെ ഭദ്രത പാലിയ്ക്കുക, കുട്ടികളുടെ ഭാവി പരിഗണിയ്ക്കുക മുതലായ കാര്യങ്ങൾ ഭാര്യയുടെയും ഭർത്താവിന്റെയും വ്യക്തിഗതമായ സുഖം എന്നതിന്റെ പിന്നിലാണ് നിൽക്കുന്നതു് എന്ന് വളരെ സാമാന്യമായിട്ടെങ്കിലും പറയാം. ജോലിയ്ക്ക്പോകുന്ന ഭർത്താവിനെ ഉടുപ്പും കോട്ടുമെല്ലാം അണിയിച്ച തനിക്ക് ഒരു ചുംബനം സമ്മാനിയ്ക്കാതെ ആ ഭയങ്കരൻ ഇറങ്ങിപ്പൊയ്ക്കളഞ്ഞതിനാൽ, തനിക്ക് വിവാഹമോചനം നൽകണമെന്ന് കോടതിയോടു് ആവശ്യപ്പെട്ട ഭാര്യ വിവാഹവിഷയത്തിൽ ഒരു തികഞ്ഞ വ്യക്തിസ്വവാദിയാണ്, അതുപോലെതന്നെ തന്റെ ഭാര്യ തന്നെക്കാൾ കൂടുതൽ പൂച്ചക്കുട്ടികളെ സ്നേഹിയ്ക്കുന്നെന്ന് തനിക്ക് ബോധ്യം വന്നതിനാൽ വിവാഹമോചനം ആവശ്യപ്പെട്ട പുരുഷനും അങ്ങേഅററത്തെ ഈ വ്യക്തിസ്വാധിഷ്ഠിതചിന്തയാണ് വിവാഹമോചനങ്ങൾ വർദ്ധിച്ചുവരുവാനുള്ള ഒരു പ്രധാനകാരണം ഭർത്താവു് കുടിയൻ ആണെങ്കിലും, കുഞ്ഞുങ്ങളെ പുലർത്താൻവേണ്ടി ദുസ്സഹമായ ഒരു വിവാഹജീവിതം സഹിച്ചുകൊണ്ടിരിക്കുന്ന പൗരസ്ത്യവനിതയുടെ സ്ത്രീസ്വാതന്ത്ര്യബോധം പ്രശംസനീയമല്ലെങ്കിലും, അവരുടെ ത്യാഗബുദ്ധി തികച്ചും അനുകരണീയമാണ്. കള്ളുകുടിയന്റെ മക്കളെ തള്ളിയിട്ട്പോകാത്ത ആ അമ്മ സ്വതന്ത്രയല്ലായിരിക്കാം; പക്ഷേ അമ്മയാണ് ഭാവി തലമുറയുടെ നന്മയെ നെയ്യുകയോ കൊയ്യുകയോ ചെയ്യാൻ തനിക്കുള്ള സ്വാതന്ത്ര്യം അറിഞ്ഞിട്ട് അസ്വാതന്ത്ര്യംവരിക്കുന്ന അവർ സമുദായത്തിന്റെ ഒരു വലിയ നേട്ടമാണ്.

ഒരു തെലുങ്കുസാഹിത്യകാരനെക്കുറിച്ചു്:—

# കുലപതി ബാപ്പിരാജു

## ബുദ്ധവരപു കാമരാജു

മദ്രാസിലെ റായപ്പേട്ട ആശുപത്രിയിൽവച്ചു് 1952 സെപ്റ്റംബർ 22നു- പരമംപ്രാപിച്ച അടിവി ബാപ്പിരാജുവിന്റെ വേർപാടു്, തെലുങ്കുസാഹിത്യത്തിൽ മാത്രമല്ല, ആന്ധ്രസംസ്കാരമണ്ഡലത്തിലൊട്ടാകെത്തന്നെ ഒരു വലിയ വിടവുണ്ടാക്കിയ സംഭവമാണു്. ചിത്രകാരൻ, കവി, കഥാകൃത്തു് നാടകകാരൻ, പ്രസംഗകൻ ഇങ്ങനെ നാനാവിധത്തിലും പ്രതിഷ്ഠപ്രാപിച്ച ആ പ്രസിദ്ധ സാഹിത്യഭക്തൻ ജനങ്ങളുടെകണ്ണിലുണ്ണിയായിരുന്നു. ആ ജീവിതം കലയ്ക്കുവേണ്ടി സർവ്വസ്വാർപ്പണം ചെയ്യപ്പെട്ട ഒന്നായിരുന്നു.

1895-ൽ ഭീമവാരത്തിനു് സമീപമുള്ള സാരിപ്പള്ളി എന്ന ഗ്രാമത്തിലാണു് ബാപ്പിരാജുവിന്റെ ജനനം. രാജമന്ത്രി ആർട്ടു് കോളേജിൽനിന്നു് ബി. എ. ബിരുദം നേടിയശേഷം സത്യഗ്രഹപ്രസ്ഥാനത്തിലെ ഒരു ഭടനായി അദ്ദേഹം ചേർന്നു. 1922-ൽ ഒരു കൊല്ലത്തെ ജയിൽവാസത്തിനുശേഷം പുറത്തുവന്നപ്പോൾ ചിത്രകല പഠിക്കണമെന്നുള്ള ആഗ്രഹമാണു മുന്നിട്ടു നിന്നതു്. അന്നു പ്രസിദ്ധ ബംഗാളി ചിത്രകാരനായ പ്രമോദ്കുമാർ ചാററർജിയുടെ നേതൃത്വത്തിൽ "ആന്ധ്രജാതീയകലാശാല" മസൂലിപട്ടണത്തു്

---

പ്പോൾ യമുനയെപ്പോലെ നിറവും രൂപവുംകൂടി മാററിക്കളയുകകൂടി ചെയ്യുന്നുണ്ടു്.

ആ നിലയ്ക്കു് നമ്മുടെ പ്രാദേശികസംസ്കാരങ്ങളെ സംരക്ഷിക്കുക മാത്രമല്ല, അവയെ പ്രയോജനകരമായി വളർത്തുന്നതിനുകൂടി ശ്രമിക്കേണ്ടതാണെന്നാണു് എന്റെ അഭിപ്രായം. വളരുന്ന പ്രാദേശികസംസ്കാരങ്ങളാൽ ഇവ്വണ്ണം സംപുഷ്ടമാക്കപ്പെട്ടില്ലെങ്കിൽ നമ്മുടെ ദേശീയസംസ്കാരം വേഗം പരിക്ഷീണമാകുകയും അചിരേണ നശിക്കുകയും ചെയ്യും. ഇന്ത്യാഗവർമ്മെൻറു് ഈ പ്രശ്നത്തിൽ കുറച്ചൊക്കെ ശ്രദ്ധ ചെലുത്തുകയും പ്രഥമനടപടിയെന്ന നിലയ്ക്കു് ഒരു "ഇന്ത്യൻ സാംസ്കാരിക കൗൺസിൽ" ഏർപ്പെടുത്തുകയും ചെയ്യുകയുണ്ടായി. ഒരു "അക്കാഡമി ഓഫ് ലെറേറഴ്സ്" ആലോചനയിലുണ്ടെന്നു പറയപ്പെടുന്നു. ഇതു് ഇന്ത്യയിലെ എല്ലാ സാഹിത്യകാരന്മാരും തീർച്ചയായും സ്വാഗതം ചെയ്യേണ്ട ഒരു സമുദ്യമമാണു്.

പക്ഷേ ഒരു കേന്ദ്രസംഘടനകൊണ്ടുമാത്രം—അതെത്രതന്നെ പ്രാതിനിധ്യസ്വഭാവത്തോടുകൂടിയതായാലും—നമ്മുടെ ലക്ഷ്യത്തിലെത്താൻ സാധ്യമല്ല. ഇന്ത്യയിലെ ഭാഷകൾ വെറും ദേശ്യങ്ങളായ അപരിഷ്കൃതഭാഷകളല്ല. അവ മഹത്തായ പാരമ്പര്യവും വിശാലമായ സാഹിത്യവുമുള്ള ഭാഷകളാണു്. അതുകൊണ്ടു് ഈ പ്രാദേശിക സാഹിത്യങ്ങളെ വികസിപ്പിക്കത്തക്കവണ്ണം അതതു് സ്റ്റേററഗവർമ്മെൻറുകളുടെ ആഭിമുഖ്യത്തിൽ വേറേ വേറേ അക്കാഡമികൾ ഉണ്ടാക്കുകയാണു് അടിയന്തിരമായ കർത്തവ്യം.

ദക്ഷിണേന്ത്യൻ സാഹിത്യങ്ങളെ ഉൾക്കൊള്ളുന്ന ഒരു ദക്ഷിണേന്ത്യൻ സാഹിത്യപരിഷത്തു് ആദ്യമായി നിർമ്മിക്കാവുന്നതാണു്. ഈയിടെ രാഷ്ട്രപതി രാജേന്ദ്രപ്രസാദ് ചൂണ്ടിക്കാണിച്ചതുപ്പോലെ ഹിന്ദുധർമ്മത്തെ പുനരുജ്ജീവിപ്പിച്ച മൂന്നു ആചാര്യന്മാരുടെയും (ശങ്കരൻ, രാമാനുജൻ, മധ്വൻ) നാടാണു് ദക്ഷിണാപഥം. ആ ദക്ഷിണാപഥത്തിന്റെ ഭാഷകൾക്കെല്ലാം പ്രാചീനതയും വൈപുല്യവും ഉണ്ടു്. അതുകൊണ്ടു് അവയെ ഉൾക്കൊള്ളുന്ന ഒരു അക്കാഡമിയ്ക്കു് കേന്ദ്രഅക്കാഡമിയുടെ പ്രവർത്തനത്തിൽ ഗണ്യമായ സഹായം ചെയ്യാൻ കഴിയും.

[ഇന്ത്യൻ ലിസനറിൽനിന്നു്. തർജ്ജിമ: എസ്.]

നടക്കുകയാണ്. ആ സ്ഥാപനത്തിൽചേൎന്നു പഠിച്ചു. ഏതാനും കൊല്ലങ്ങൾക്കുശേഷം അതേ കലാശാലയുടെ അദ്ധ്യക്ഷനായി അദ്ദേഹം അവരോധിക്കപ്പെട്ടു.

## ചിത്രകാരൻ

ഒരു ചിത്രകാരനെന്ന നിലയിൽ ബാപ്പിരാജു ഗണ്യമായ സംഭാവനകൾ ചെയ്തിട്ടുണ്ട്. ബംഗാൾ സ്കൂളിൻെറയും അജന്താ സങ്കേതത്തിൻെറയും സൂക്ഷ്മമായ പഠനത്തിൽനിന്ന് ഒരു പുതിയ "ആന്ധ്ര സ്കൂൾ ഓഫ് പെയ്ൻറിംഗ്" പ്രചരിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. അദ്ദേഹത്തിൻെറ "ശബ്ദബ്രഹ്മം" എന്ന ചിത്രം ഡെൻമാൎക്കിലെ കലാഭവനത്തിലും 'ഭാഗവതപുരുഷൻ' എന്ന ചിത്രം തിരുവിതാംകൂറിലെ ചിത്രാലയത്തിലും "സൂര്യദേവൻ" ബ്രൂച്ച്ബിഹാറിലും മാന്യസ്ഥാനങ്ങൾ അലങ്കരിക്കുന്നുണ്ട്. അടുത്ത കാലത്ത് മദിരാശി ഗവൺമെൻറിൻെറ നിർദ്ദേശപ്രകാരം സിലോണിലെ 'സിഗിരിയാ' ഗുഹകളിലെ ഫ്രെസ്കോചിത്രങ്ങൾ അദ്ദേഹം പകൎത്തി എടുക്കുകയുണ്ടായി. അവ മദ്രാസ് ഗവൺമെൻറു മ്യൂസിയത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

## നോവലെഴുത്തുകാരൻ

ബാപ്പിരാജുവിൻെറ സാമൂഹ്യനോവലുകൾക്ക് ആധുനിക തെലുങ്കുസാഹിത്യത്തിൽ സമ്മാന്യമായ ഒരു സ്ഥാനമുണ്ട്. "നാരായണറാവു" എന്ന നോവൽ ആന്ധ്രസൎവ്വകലാശാലയുടെ സമ്മാനംനേടിയ ഒരൊന്നാംതരം കൃതിയാണ്. കോണങ്കി, ടുഫാൻ, സാജി മല്ലി ഇവയും വിശ്രുതങ്ങൾ തന്നെ.

നാലു ചരിത്ര നോവലുകൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ഗവേഷണങ്ങൾകൊണ്ടും, വിപുലമായ ദേശാടനംകൊണ്ടും താൻ പ്രതിപാദിക്കാൻ പോകുന്ന ചരിത്രകഥകളെ വേണ്ടവണ്ണം അദ്ദേഹം സാത്മ്യപ്പെടുത്തിയിരുന്നു. പുറമേ ഫലഭൂയിഷ്ഠമായ സങ്കല്പശക്തിയും അദ്ദേഹത്തിനുണ്ടായിരുന്നു. (ഹിമബിന്ദു, അംശുമതി മുതലായവയാണ് ചരിത്രനോവലുകൾ)

## കവി

ആധുനിക തെലുങ്കു സാഹിത്യത്തിൽ ഇത്രയും ഉന്നതനായ ഒരു കവി വേറേ ഉണ്ടായിരുന്നില്ലെന്നു പറയുന്നതു് അത്യുക്തിയല്ല. പ്രാചീനങ്ങളും നവീനങ്ങളുമായ ഗ്രാമീണഗാനങ്ങളിൽ വിപുലമായ ഗവേഷണം നടത്തി ഗ്രാമജീവിതത്തിൻെറ വിവിധവശങ്ങളെ മനോഹരമായി പുനഃപ്രകാശിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. സംഗീതശാസ്ത്രത്തിലും അദ്ദേഹത്തിനു പരിചയമുണ്ടായിരുന്നു. അദ്ദേഹത്തിൻെറ നിരവധി ഗാനങ്ങൾ ആകാശവാണിയിൽക്കൂടി പ്രക്ഷേപണം ചെയ്യപ്പെട്ടിട്ടുണ്ട്.

## കഥാകൃത്ത്

അഞ്ജലി, തരംഗിണി, രാഗമാലിക മുതലായ സമാഹാരഗ്രന്ഥങ്ങളിലാണ് ബാപ്പിരാജുവിൻെറ മനോഹരങ്ങളായ ചെറുകഥകൾ അടങ്ങിയിട്ടുള്ളതു്. ജീവിതത്തിലെ സൎവ്വസാധാരണങ്ങളായ സംഭവങ്ങളെ അത്യന്തം കലാസുഭഗമായി പ്രതിപാദിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ചെറുകഥകൾക്കു പുറമേ, റേഡിയോനാടകങ്ങളും യാത്രാവിവരണങ്ങളും സാഹിത്യവിമൎശനങ്ങളും എല്ലാം ബാപ്പിരാജു എഴുതിയിട്ടുണ്ട്.

'കുലപതി' എന്ന ബിരുദം ഔപചാരികമായി മസൂലിപട്ടണത്തിലെ വിദ്വത്സഭ അദ്ദേഹത്തിന് നൽകുന്നതിനു മുമ്പുതന്നെ ആ പേരിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നതു്. അദ്ദേഹം ചെല്ലുന്നിടത്തൊക്കെ ശിഷ്യന്മാർ തിങ്ങിക്കൂടും. സകലരോടും സമഭാവനയോടും സ്നേഹത്തോടുംകൂടി അദ്ദേഹം പെരുമാറി. അരിവയ്പു മുതൽ കൈനോട്ടംവരെ എന്തിലും അദ്ദേഹത്തിനു താല്പൎയ്യമുണ്ടായിരുന്നു. വായനയിലാണെങ്കിൽ അദമ്യമായ തൃഷ്ണയും. "വൈൽഡ്‌വെസ്റ്റ്" നോവലുകൾപോലും വായിക്കാനും, ഒരു നല്ല ആശയത്തിൻെറയോ ശൈലിയുടെയോ പേരിൽ അവയെ പുകഴ്ത്താനും അദ്ദേഹം ഒരുക്കമായിരുന്നു.

ബാപ്പിരാജുവിൻെറ നഷ്ടംകൊണ്ട് ഒരു വ്യക്തിയല്ലാ ഒരു സൎവ്വകലാശാലയാണ് ആന്ധ്ര‌യ്ക്കു് നഷ്ടപ്പെട്ടതു്.

[തൎജ്ജിമ. എസ്. ജി.]

# എം. ആർ. കൃഷ്ണവാര്യരുടെ കൃതികൾ

എസ്. ഗുപ്തൻനായർ

മിക്കവാറും വിസ്മൃതപ്രായനായ ഒരു കവിയെ ഇന്നത്തെ തലമുറയ്ക്കു പരിചയപ്പെടുത്തിക്കൊടുക്കുക എന്നതാണ്, ഈ കൃതിയുടെ പ്രസാധനംകൊണ്ട് തൽപ്രസാധകന്മാർ സാധിച്ചിട്ടുള്ളത്. മലയാളകവിതയുടെ നവോത്ഥാന ഘട്ടത്തിന്റെ ചരിത്രത്തിലേക്ക് ഗവേഷകദൃഷ്ടി പായിച്ചിട്ടുള്ള ചുരുക്കം ചിലക്കല്ലാതെ എം. ആർ. കൃഷ്ണവാര്യരുടെ നാമം ഇന്ന് സുപരിചിതമല്ല. എന്നാൽ ഒരു പതിനഞ്ചിരുപതുകൊല്ലം മുമ്പ് അക്ഷരശ്ലോകക്കാരുടെ വലയത്തിലും ശ്ലോകകുതുകികളുടെ രസനാഗ്രത്തിലും ചില മലയാളപദ്യങ്ങൾ തത്തിക്കളിച്ചിരുന്നതായി ഓർമ്മിക്കുന്നു.

ചരിത്രപ്രധാനത്വമേറുന്നാപള്ളാ-
ത്തുരുത്തിൻ കിഴക്കേക്കരെയ്ക്കുണ്ടൊരിക്കൽ
കൃഷിക്കാരനായൊരുതീയൻ സ്വഭാര്യാ-
കൃതാശ്ലേഷസന്തോഷസമ്പത്തിൽവാണാൻ

എന്നിങ്ങനെ ചിലത്. ഇന്നവയൊന്നും നാം കേൾക്കാറില്ല. കാലം മാറിയതോടെ അഭിരുചികളും മാറി. ഇന്ന് ശ്ലോകങ്ങൾക്കു പകരം ശിലുകളാണ്. വെണ്മണിക്കു പകരം ചങ്ങമ്പുഴയും. എങ്കിലും പിന്നാക്കം തിരിഞ്ഞു നോക്കുമ്പോൾ ഈ പഴയകൃതികളേയും അതാതിന്റെ സ്ഥാനം നോക്കി മാനിക്കാൻ നാം തയ്യാറാകേണ്ടതാണ്. പക്ഷേ ഇവിടെ ഒരു വലിയ വൈഷമ്യം. ഈ സമ്പൂർണ്ണകൃതികളിലടങ്ങിയിരിക്കുന്ന വിവിധ ലഘുകൃതികളുടെ നിർമ്മാണകാലത്തെപ്പററി ഇതിലെങ്ങുംതന്നെ യാതൊരു സൂചനയുമില്ല. വിദ്യാലയവിനോദങ്ങളിലും മററും പരാമൃഷ്ടമായിട്ടുള്ള ജോർജ് അഞ്ചാമന്റെ തിരുനാളും ശ്രീമൂലം പ്രജാസഭയും ചില പുരാവൃത്തങ്ങളുടെ സ്മരണയെ ഉദ്ദീപിച്ചുകൊണ്ട് അവിടവിടെ തലപൊക്കുന്നുണ്ട്. നരിച്ചീർ കയറിയ പഴയ കെട്ടിടങ്ങളുടെ ഒരു ഗന്ധമുണ്ട് അത്തരം പഴയകൃതികൾക്ക്. ഇങ്ങേഅററത്ത് പ്രതിനവഭംഗിയോടുകൂടി നവഖാലിയുടെ ഉദന്തംവരെ ഉണ്ട്. അപ്പോൾ വിപുലമായ സാമൂഹ്യപരിവർത്തനങ്ങളുടെ വെളിച്ചത്തിൽ വേണം ഈ കൃതികളെ പരിശോധിക്കാൻ.

രണ്ടുപന്തിരാണ്ട് മുമ്പ് മലയാളപദ്യസാഹിത്യത്തിന്റെ സ്ഥിതി എന്തായിരുന്നു? രൂപമാത്രനിഷ്ഠങ്ങളായ മഹാകാവ്യങ്ങളുടെ രചനയിൽനിന്ന് നമ്മുടെ മഹാകവികൾ പിന്മാറി സ്വയം ജീവിതദത്തദൃഷ്ടികളായി, നൂതനസംവിധാന ഭംഗിയോടുകൂടി കൂടുതൽ കൂടുതൽ ഭാവനിർഭരങ്ങളായ ലഘുകാവ്യങ്ങൾ നിർമ്മിക്കാൻ തുടങ്ങിയിരുന്നു. മഹാകാവ്യമെഴുതാതെതന്നെ ആശാൻ മഹാകവിയായി അംഗീകരിക്കപ്പെട്ടു. പ്രാസത്തിനുവേണ്ടിയുള്ള പ്രാസവും അലങ്കാരത്തിനുവേണ്ടിയുള്ള അലങ്കാരവും അത്യാവശ്യമല്ലാത്ത ചില പഴഞ്ചൻ സങ്കേതങ്ങളുടെ ആചരണം മാത്രമാണെന്ന് പ്രായേണ സമ്മതിക്കപ്പെട്ടു.

അങ്ങനെയൊരു കാലത്താണ് ശ്രീ. എം. ആർ. കൃഷ്ണവാര്യർ ഈ പരിവർത്തനങ്ങളിൽ പലതും ശ്രദ്ധിക്കാതെ മിക്കവാറും ദ്വിതീയാക്ഷരപ്രാസദീക്ഷയോടുകൂടി ഇതിവൃത്തപ്രധാനങ്ങളായ ഖണ്ഡകാവ്യങ്ങൾ എഴുതാൻ തുടങ്ങിയത്. ഈ കാവ്യസംപുടത്തിൽ മുക്കാൽപങ്കും കഥയുള്ള കവിതകളാണ്. അല്ലാത്തുള്ളവ, വിദ്യാലയവിനോദങ്ങൾ എന്ന വകുപ്പിൽപ്പെടുന്ന ബാലസാഹിത്യം, സ്വതന്ത്രമായും, ത്യാഗരാജകീർത്തനങ്ങളുടെ പരിഭാഷയായും രചിച്ചിട്ടുള്ള സംഗീതകൃതികൾ ഇത്യാദിയാണ്.

കഥയുള്ള കവിതകൾതന്നെ രണ്ടിനമുണ്ട്. കരുംബ, തേവൻ, അണിഞ്ചൻ, പൂവൻ, ചീരൻ ഇങ്ങനെ കൃഷിക്കാരുടെ ജീവിതത്തെ സ്പർശിക്കുന്ന ലഘുകൃതികൾ; ഒരുവക; സുമിത്ര ഭാർഗ്ഗവി, ഭാഗീരഥി, ഇന്ദിര ഇങ്ങനെ ഇടത്തരക്കാരുടെ ജീവിതത്തെ വിവരിക്കുന്ന ദീർഘക

ന്ധകൃതികൾ മറെറാരുവക. ആദ്യംപറഞ്ഞകൃതികൾ ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ കുറച്ചൊക്കെ 'പ്രോലിട്ടേറിയൻ' ആണു്. കുമാരനാശാൻെറ ജാതിവിരുദ്ധങ്ങളായ കൃതികളെക്കാൾ പ്രോലിട്ടേറിയനാണു്. ആശാൻ കൃതികളിലുള്ളതിലധികം താഴ്ന്നവരുടെ ജീവിതചിത്രീകരണം വാര്യരുടെ കൃതികളിലുണ്ടു്. പിന്നെ ഒന്നേ ഉള്ളു; വാര്യരുടെ കാവ്യങ്ങളിലെ പുലയനായകന്മാരും നായികമാരും അധികം 'മുന്നേറ'ന്നില്ല. അവർ വർഗ്ഗബോധമുള്ളവരും അല്ല. അക്കാരണത്താൽമാത്രം അവയെ ആക്ഷേപിക്കുന്ന കുറച്ചാളുകളും ഇന്നു കണ്ടേക്കാം. പക്ഷേ അവരോടു സഹതപിക്കുകയേ നിവ്വാഹമുള്ളു.

കൃഷ്ണവാര്യർ വരയ്ക്കുന്ന ചിത്രങ്ങൾ നമ്മുടെ ഉള്ളിൽകൊള്ളുന്നുണ്ടോ എന്നു നോക്കാം. നമുക്കു് തീച്ചയായും ഉണ്ടു്. പ്രകൃതിയുടെ സർവ്വവിധവിക്ഷോഭങ്ങളേയും സഹിച്ചു്, അതിൻെറ ദുന്നിവാരങ്ങളായ ഗതിവിഗതികളിൽ ജീവിതംതന്നെ സമർപ്പിച്ചു്, സേവ്യന്മാരെ സേവിക്കുകയും സ്നേഹിക്കുകയും ജീവിതവ്രതമായി കരുതുന്ന അടിയാന്മാരുടെ ദുഃഖമയങ്ങളായ ഈ കഥകൾ പലതും നമ്മുടെ ഉള്ളിൽ തട്ടമാറു് അദ്ദേഹം ചിത്രീകരിച്ചിട്ടുണ്ടു്. കായലുപോലെ പരന്നുകിടക്കുന്ന കുട്ടനാടൻ പാടങ്ങൾ, ഇടയ്ക്കിടയ്ക്കു കൊച്ചുദ്വീപുകൾപോലെ പൊങ്ങിക്കാണുന്ന തുരുത്തുകൾ, അവയിൽ നാലു്കീറോലവച്ചു മറച്ച കൊച്ചു പുലമാടങ്ങൾ ഇങ്ങനെഅനവധി ചിത്രങ്ങൾ. ഒന്നു രണ്ടു കഥകൾ എടുത്തു് ഉദാഹരിക്കുന്നതു് ആവശ്യമാണെന്നു തോന്നുന്നു.

കുരുംബയിലെ കഥ ഇതാണു്:—വയലിലെ പണിയും കഴിഞ്ഞു്, ഗൃഹനായകൻ അന്തിക്കു വരുമ്പോഴേക്കും കഞ്ഞിവയ്ക്കാൻ അടുപ്പിൽ തീയില്ലെന്നു് തീയത്തികണ്ടു. തൻെറ കൊച്ചുമകളെ തീക്കൊള്ളിവാങ്ങാൻ പറഞ്ഞയക്കുന്നു. കുരുമ്പ ഒരു കൊതുമ്പുവള്ളവുമായി അക്കരെയ്ക്കുപോകുന്നു. പെട്ടെന്നു് ഒരു കൊടുംകാററും മഴയും വന്നു് വള്ളംമറിഞ്ഞു് കുരുമ്പ അപമൃത്യുവിന്നിടയാകുന്നു. മകളെ പ്രതീക്ഷിച്ചു് രാത്രിമുഴുവൻ ഉന്തിതള്ളിക്കഴിച്ച അച്ഛനമ്മമാർ പിറേറന്നു് വള്ളം ചിന്നിച്ചിതറി ഓളത്തിൽ അലയുന്നതു കണ്ടു. ഇപ്പോഴും അവളുടെ പ്രേതം കൈയ്യിൽ തീയുമായി തോണി തുഴഞ്ഞുപോകുന്ന കാഴ്ച പള്ളാത്തുരുത്തിൽ കാണാറുണ്ടത്രേ.

ഇനി 'തേവൻ' എന്ന മറെറാരു കാവ്യം നോക്കാം. തേവനും പുലച്ചിയുംകൂടി കൃഷിക്കു കാവലായി വരമ്പത്തു മാടംവച്ചു് താമസിക്കുകയാണു്. പെട്ടെന്നു് എവിടെയോ മടപൊട്ടി. തുള്ളിക്കൊരു കുടമെന്ന മട്ടിൽ മഴപെയ്യുകയാണു്. അതൊന്നും കൂട്ടാക്കാതെ പാഞ്ഞുവരുന്ന വെള്ളത്തോടു ഒററയ്ക്കു് പൊരുതാൻ തൂമ്പയും എടുത്തുകൊണ്ടു് തേവൻ കുതിച്ചു. ഇടിയും മിന്നലും തകക്കുകയാണു്; അവൻെറ ശ്രമം നിഷ്ഫലമാകുന്നു. അപ്പോൾ പുറകിലൊരു വലിയ വെളിച്ചം കണ്ടു. തിരിഞ്ഞുനോക്കിയപ്പോൾ അവൻെറ മാടം ഇടിത്തീ വീണു കത്തുകയാണു്.

നിരാശബാധിച്ചഥ നിമ്മലപ്രിയാ
നിശാദ്ധ്വനിയ്യാണ നിരീക്ഷണത്തിനാൽ
നിരഗ്ഗളാശ്രുസ്രവണാകുലാക്ഷനായ്
നിരാശ്രയൻനിന്നിതു നിർവികാരനായ്

ഒടുവിൽ ഒരാവേശത്തിൽ അവൻകൂടി ആ ചിതയിലേക്കു ചാടി ആത്മഹത്യചെയ്യുന്നു. മറെറാരു കൃതിയിൽ ഒരു പുലച്ചിയെ മാടത്തിൽനിന്നു മുതല പിടിച്ചുകൊണ്ടുപോയ കഥയാണു്.

ഇവയിലൊക്കെ പ്രകൃതിയോടു മല്ലിട്ടു തോൽക്കുന്ന നിസ്സഹായരായ കൂലിവേലക്കാരെയാണു് നാം കാണുന്നതു്. തോമസ്ഹാർഡിയുടെ വെസെക്സ്പോലെ ക്രൂരയാണു് വാര്യരുടെ കുട്ടനാട്ടു്. ഈ വിധിവശഗത്വം പിന്തിരിപ്പനാണെന്നു് ചിലർ പറഞ്ഞേക്കും. പക്ഷേ അങ്ങനെ നോക്കുമ്പോൾ ദുഃഖമുള്ള കഥകളൊന്നും എഴുതാൻ നിവൃത്തിയില്ലെന്നു വരും. വാര്യരുടെ കഥകൾ പലതും അങ്ങനെയാണുതാനും—ഒന്നുകിൽ പ്രകൃതിയുടെ ക്രൂരത, അല്ലെങ്കിൽ മനുഷ്യൻെറ ക്രൂരത അതിൽപ്പെട്ടുഴലുന്ന നിസ്സഹായർ. ക്രൂരതകാണിക്കുന്ന ജന്മിയെ അദ്ദേഹം വഗ്ഗമടച്ചു ചീത്ത പറയുന്നില്ല; മന്ദമായി പരിഹസിക്കമാത്രമേ ചെയ്യുന്നുള്ളു. "പൂവൻ" എന്ന കഥയിൽ

അത്തരം ഒരു ജന്മിയെക്കാണാം. സപ്പ്ക്കാവു തീണ്ടി എന്നുപറഞ്ഞുകൊണ്ട് പുല്ലു ചെത്തുന്ന ഒരു പുലയയുവാവിനെപിടിച്ചുകെട്ടി ജന്മി നിർദ്ദയം തല്ലുന്നതായി വർണ്ണിച്ചിരിക്കുന്നു. ആ ജന്മിക്കു കൂട്ടുനില്ക്കുന്ന ഒരു ദുഷ്ടൻ വാര്യരും ഒരു മണ്ടൻ പോററിയും ഉണ്ട്. ഈ മൂവരുടെയും ചിത്രങ്ങൾ വളരെ സ്വാഭാവികത്വത്തോടെയാണ് കവി വരച്ചിരിക്കുന്നത്. തകന്നുവരുന്ന ജന്മിത്വത്തിൻെറ ചിത്രം അതിൽ കാണാം. കവി മനുഷ്യത്വത്തിൻെറ ഭേരിയിലാണെന്ന് അസന്നിദ്ധമായി അതിൽനിന്നു ഗ്രഹിക്കുകയും ചെയ്യാം.

ഈ ലഘുകാവ്യങ്ങളിൽനിന്ന് വാര്യരുടെ ദീർഘകാവ്യങ്ങളിലേക്കു കടക്കുമ്പോൾ വായനക്കാർ അല്പം നിരാശപ്പെടുമെന്നു എനിക്കു തോന്നുന്നു. ലഘുകാവ്യങ്ങളിൽ അത്ര സ്പഷ്ടമാകാതിരുന്ന വാര്യരുടെ ദൗർബല്യങ്ങൾ ഇവയിൽ സ്പഷ്ടതരമാകുന്നു. കേവലമായ ആഖ്യാനംകൊണ്ട്—അതു് എത്ര ഒഴുക്കുള്ള പദ്യങ്ങളിലായാലും ഒരു കവിക്കു തൻെറ കാവ്യത്തെ മോടിപിടിപ്പിക്കാൻ എളുപ്പമല്ല. ശീവൊള്ളി, വെണ്മണി, ഒറവു മുതലായവർ സാമുദായികകഥകളെ അവലംബിച്ച് കാവ്യങ്ങളെഴുതിയപ്പോൾ ഉക്തിവൈചിത്ര്യവും ഹാസ്യവും കൊണ്ടാണ് അവർ തങ്ങളുടെ കാവ്യങ്ങളെ കൊഴുപ്പിച്ചതു്. അവ രണ്ടും ശ്രീ. കൃഷ്ണവാര്യർക്ക് കൈവാണതാനും. ഒരൊഴുക്കൻമട്ടിൽ കഥ പറഞ്ഞങ്ങനെപോവുകയാണദ്ദേഹം. കഥകളിൽ പലതും അത്രവളരെ ഭാവോത്തേജകങ്ങളായിട്ടുമില്ല. "ഭാഗീരഥി" എന്ന കാവ്യത്തിൻെറ കഥ നോക്കുക: കുമാരമേനവൻ എന്ന വക്കീലിൻെറ ഭാര്യയായ ഭാഗീരഥിഅമ്മയുടെ പൂർവ്വകാമുകനായിരുന്ന ഒരു ഭാഗവതർ പെട്ടെന്നൊരുദിവസം പ്രത്യക്ഷനാകുന്നു. അയാളുടെ അപേക്ഷപ്രകാരം മകളെ പാട്ടുപഠിപ്പിക്കാൻ അയാൾ നിയോഗിക്കപ്പെടുന്നു. അയാൾ ചതിയിൽ ഭാഗീരഥിയുടെ വൃദ്ധപിതാവിനെ നിഗ്രഹിക്കുന്നു, പിന്നീടു അവളുടെ ഭർത്താവിനേയും. ഒടുവിൽ ക്ഷയരോഗബാധിതനായി, പശ്ചാത്താപമഗ്നനായി അയാളും മരിക്കുന്നു"

ഇത്രയുംമരണങ്ങൾ കൂട്ടിവച്ചിട്ടും ഈകാവ്യം ഒരു ട്രാജഡിയുടെ നിയത ധർമ്മമായ ഹൃദയദ്രവീകരണം സാധിക്കുന്നു എന്നു പറഞ്ഞുകൂടാ. അത്രമേൽ ഭവിതവ്യതയെ ആശ്രയിച്ചാണ് കഥയുടെ പുരോഗതി. ശ്രീ. വാര്യർ ഒരു സ്ഥൂലശില്പിയല്ല; ഒരു രൂപശില്പിമാത്രമാണ്. ആശാൻെറയും വള്ളത്തോളിൻെറയും കൃതികൾ ജനഹൃദയങ്ങളെ ആകർഷിച്ചതു് അവയുടെ ഭാവശില്പംകൊണ്ടാണ്; ചിലപ്പോൾ നാടകീയമായ സംവിധാനഭംഗികൊണ്ടും. ഇതൊന്നും വാര്യരുടെ കൃതികളിൽവളരെയൊന്നും കാണാനില്ല. ഉണ്ടായിരുന്നെങ്കിൽ ഉൽകൃഷ്ടവും ധീരവുമായ ആദർശങ്ങളുടെ പ്രഖ്യാപനങ്ങളാൽ ശ്രീ. കൃഷ്ണവാര്യരുടെ കവിത ജനഹൃദയങ്ങളെ ഇതിലും എത്രയോ മടങ്ങ് സ്വാധീനപ്പെടുത്തിയേനേ.

സംഗീതകൃതികൾ, വിദ്യാലയവിനോദങ്ങൾ ഇവയെപ്പററി സ്ഥലപരിമിതികൊണ്ട് തൽക്കാലം മൗനം ഭജിക്കുകയേ നിർവ്വാഹമുള്ളൂ.

പ്രസാ: നാഷനൽ ബുക്ക്സ്റ്റാൾ, കോട്ടയം
വില 5 രൂപാ 500 പേജ് 1952 നവംബർ.

## സാമൂഹ്യവിദ്യാഭ്യാസം

സാമൂഹ്യവിദ്യാഭ്യാസത്തിന് പ്രയോജകീഭവിക്കുന്ന കൃതികൾ ഏതെല്ലാമെന്നും, അത്തരം കൃതികൾ ഭാരതീയഭാഷകളിൽ രചിക്കുന്നവർ ശ്രദ്ധിക്കേണ്ട വിഷയങ്ങൾ എന്തെല്ലാമെന്നും വിവരിക്കുന്ന ഒരു ഗ്രന്ഥം, പ്രസിദ്ധലൈബ്രറി ശാസ്ത്രവിദഗ്ദ്ധനായ എസ്. ആർ. രംഗനാഥൻ എഴുതിയിരിക്കുന്നു. ഗ്രന്ഥം പ്രസിദ്ധീകരിച്ചിരിക്കുന്നതു് "Indian adult Education Association, 30 Faiz Bazar Delhi" ആണ്. വില രൂ. 10

# ബാലസാഹിത്യരചന

(M. T.)

കുഞ്ഞുങ്ങൾക്കുവേണ്ടിയുള്ള പുസ്തകങ്ങൾ രചിക്കുന്നതും അവരെ സ്നേഹിക്കയും അവരുടെ ഇഷ്ടം സമ്പാദിക്കുകയും ചെയ്തുകൊണ്ട് ബാലസാഹിത്യരചന നടത്തി സാമ്പത്തിക വിജയം വരിക്കുന്നതും വളരെ എളുപ്പമാണെന്നു ചിലർ ചിന്തിക്കാറുണ്ട്. വാസ്തവം നേരേ മറിച്ചാണ്. മുതിർന്നവർക്കുവേണ്ടി എഴുതുന്നതുപോലെതന്നെ സാമർത്ഥ്യവും, സൂക്ഷ്മതയും പരിശ്രമവും ബാലസാഹിത്യനിർമ്മാണത്തിലും ആവശ്യമാണ്. അതിനു പുറമേ അസാധാരണ ഭാവനാശക്തിയും, അസാമാന്യമായ മാനസികഗുണങ്ങളും കൂടുതലായിവേണംതാനും. കുട്ടികൾക്കുവേണ്ടിയുള്ള രചനയും കുട്ടികളേപ്പററിയുള്ള രചനയും വിഭിന്നങ്ങളാണ്. മുതിന്ന ഒരു മനുഷ്യൻ ഒരു ബാലന്റെ സ്ഥാനത്തുനിന്നുകൊണ്ട് അജ്ഞാതമായ— പുതുമനിറഞ്ഞ — ബഹിർലോകത്തിലേയ്ക്കു് ജിജ്ഞാസയോടും അത്ഭുതത്തോടുംകൂടി ആഞ്ഞു നോക്കുന്നതു് ലിപിരൂപമാകുന്നതാണ്, ശിശുക്കൾക്കു വായിക്കുവാനുള്ള സാഹിത്യം; മുതിന്ന മനുഷ്യൻ തന്റെ ബാല്യകാലത്തിലെ ഭോഷത്തങ്ങളും, സുഖങ്ങളും, വേദനകളും അനുഭവത്തിൽനിന്നും മനസ്സിലാക്കി ബാല്യകാല ജീവിതത്തെക്കുറിച്ചു് അവഗാഢം ആലോചിച്ചു് രചിക്കുന്നതു് ശിശുക്കളെപ്പററിയുള്ള സാഹിത്യമായിരിക്കും.

ശ്രീമാൻ മാത്യു എം. കുഴിവേലിയുടെ ബാലൻപ്രസിദ്ധീകരണങ്ങൾ പലതും ശിശുക്കൾക്കുവേണ്ടി എഴുതപ്പെട്ടിട്ടുള്ളതും എന്നാൽ അദ്ദേഹത്തിന്റെ ശിശുവിദ്യാഭ്യാസം എന്ന പുസ്തകം ബാലന്മാരെക്കുറിച്ചു് മുതിർന്നവർ അറിഞ്ഞിരിക്കേണ്ട വിദ്യാഭ്യാസകാര്യങ്ങളെപ്പററി പ്രതിപാദിക്കുന്നതുമാണ്. അത്ഭുതത്തോടും ആത്തിയോടും കൂടി ലോകത്തെ ഓരോദിവസവും കാണുവാനുള്ള ശിശുവിന്റെ മനോഭാവമാണ്, അവനെ സാധാരണക്കാരനായ ഒരു മുതിന്നവനിൽനിന്നും വ്യത്യസ്ഥതയുള്ളവനാക്കുന്നതു്. അതിനാൽ ബാലസാഹിത്യനിർമ്മാണത്തിനു ഒരുങ്ങുന്ന ഒരാൾക്കു് ഒരു ബാലനുണ്ടാകാവുന്ന ആനന്ദത്തിൽ ഏറെക്കുറെ പങ്കുകൊള്ളുന്നതിനു ശേഷിയും അതുപോലെതന്നെ ഒരിക്കലും കണ്ടിട്ടില്ലാത്ത ലോകത്തേയും അതിന്റെ സകല വൈവിദ്ധ്യത്തേയും പുതുമയോടുകൂടി ദൈനംദിനം ദർശിക്കുന്നതിനുള്ള സാമർത്ഥ്യവും ഉണ്ടായിരിക്കേണ്ടതാണ്.

കുട്ടികളെപ്പററി നേരിട്ടു നല്ല പരിജ്ഞാനം ഒരു ബാലസാഹിത്യകാരനു വേണമെന്നു് പറയേണ്ടതില്ലല്ലോ. അതുപോലെതന്നെ ആ പരിജ്ഞാനം ഇന്നത്തെ കുട്ടികളുമായുള്ള അനുദിനപരിചയത്തിൽ അധിഷ്ഠിതമായിരിക്കേണ്ടതുമാണ്. ബാലഹൃദയത്തിൽ മൗലികമായ മാററങ്ങൾ വന്നിട്ടില്ലെങ്കിലും, അവർ മണലും ചിരട്ടയും കളിക്കോപ്പുകളാക്കുമ്പോൾ ലഭിക്കുന്ന ആഹ്ളാദത്തിന്റെ സ്വഭാവം ആധുനികകളിക്കോപ്പുകളായ വിമാനം, മോട്ടാർവണ്ടി എന്നിത്യാദിയിൽനിന്നും ലഭിക്കുന്ന ആഹ്ളാദത്തിന്റെ സ്വഭാവത്തിൽനിന്നും ഭിന്നമല്ലെങ്കിലും കുഞ്ഞുങ്ങളുടെ അഭിരുചികളിലും വീക്ഷണഗതികളിലും ഈ അടുത്തകാലങ്ങളിൽ അത്ഭുതപൂർവമായ വ്യതിയാനങ്ങൾ വന്നിട്ടുണ്ടെന്നുള്ളതു് വെറും പരമാത്ഥമാണ്. പഴയ കഥകളിലെ ആനയും കുതിരയും ഇന്നു വിമാനവും മോട്ടാറും ആയി രൂപാന്തരപ്പെട്ടിരിക്കുന്നു. ചെപ്പിടിവിദ്യക്കഥകൾ ഒരു കാലത്തു് പ്രചാരമായിരുന്നുവെങ്കിൽ അമ്പരിപ്പിക്കുന്ന യാന്ത്രികകാലഘട്ടത്തിലെ അത്ഭുതങ്ങൾ ഇന്നു സാർവ്വത്രികമായിട്ടുണ്ട്. വെറും ലളിതഘടനാരൂപങ്ങളായ കഥകൾ കേൾക്കുന്നതിനെക്കാൾ സങ്കീർണ്ണരൂപമായിത്തീർന്നിരിക്കുന്ന സിനിമാ ദർശിക്കുന്നതിനാണ് ഇന്നത്തെ കുഞ്ഞുങ്ങൾക്കു് കൂടുതൽ അഭിനിവേശം. പത്തു വയസ്സിനു മുകളിലുള്ള കുഞ്ഞുങ്ങളിലാണ്. ഈ വ്യതി

യാനങ്ങൾ അധികവും കാണാവുന്നതു്. ബാലികമാരെക്കാൾ ബാലന്മാരിലും. മുതിൎന്നവൎക്കെന്നപോലെ ബാലന്മാൎക്കുവേണ്ടിയുള്ള സാഹിത്യനിൎമ്മാണത്തിലും വിഷയവ്യവച്ഛേദനം ഒരു പ്രധാന കാൎയ്യമാണു്. ബാലസാഹിത്യനിൎമ്മിതിയിൽ വ്യതിയാനങ്ങൾ വരേണ്ടതു് ദ്രുതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ ബാലലോകത്തിന്റെ ആവശ്യവുമാണു്.

ബാലലോകം വ്യക്തമായ നാലു ദശകളിൽ കൂടി മുൻപോട്ടു കടന്നുപോകുന്നതായി കാണാം. വായനയിൽ ദൃശ്യമാകുന്ന അവരുടെ അഭിരുചികളും ഈ ദശാവസ്ഥകളെ പ്രതിഫലിപ്പിക്കുന്നുണ്ടു്. ഒന്നാമത്തെ ദശയിൽ സാധനമയമായ ലോകത്തിന്റെ ഓരോ അംശങ്ങളും അവർ തന്നെത്താനെ കണ്ടുപിടിക്കുന്നു. അണുജീവിമുതൽ ആനവരെയും സസ്യങ്ങൾമുതൽ വനങ്ങൾവരെയും, മണൽത്തരിമുതൽ സൂൎയ്യചന്ദ്രനക്ഷത്രാദികൾവരെയും എന്നുവേണ്ടാ വലിപ്പച്ചെറുപ്പവ്യത്യാസമൊന്നുമില്ലാതെ എല്ലാററിനോടും അവൎക്കു് അതിരററ പ്രതിപത്തിയാണു്. കാരണം അവ ഓരോന്നും പുതിയതും പുതുമയുള്ളതുമാണു്. "പൂച്ച എലിയെ പിടിക്കുന്നു" എന്നുള്ളതു് അക്ഷരം പഠിക്കുന്നതിനുള്ള ഒരു മുഷിവുള്ള പാഠമായി അവർ കരുതുന്നില്ല. അതു് ഒരു വലിയ വാസ്തവമായി അവർ കരുതുന്നു. പ്രത്യേകിച്ചു് ഒരു ചിത്രംകൂടി ഉണ്ടെങ്കിൽ പറയാനുമില്ല. അതിനാൽ ഈ ഒന്നാമത്തെ ദശയിലുള്ള കുട്ടികൾക്കുവേണ്ടി രചിക്കപ്പെടുന്ന പുസ്തകങ്ങൾ പൂച്ച, പട്ടി, തീവണ്ടി, മോട്ടാർകാർ എന്നീവിധ വസ്തുമയമായ സാധനങ്ങളെ ആധാരമാക്കിയുള്ളവയായിരിക്കണം. അതു് മാത്രവുമല്ല ആ പദാൎത്ഥങ്ങളുടെയിടയിൽ ബാലനു് സൎവ്വപ്രധാനസ്ഥാനം നൽകുകയും ചെയ്തിരിക്കണം.

പുതിയതും അത്ഭുതകരവുമായ ഏതും സംഭവിക്കാമെന്നു് വിശ്വസിക്കുന്ന ഒരു കാലഘട്ടമാണു രണ്ടാമത്തെ ദശ.

ഏതെങ്കിലും ഒന്നിനെക്കണ്ടിട്ടു് വേറൊന്നായി സങ്കല്പിക്കുവാൻ അവൎക്കു് ഈ കാലഘട്ടത്തിൽ കഴിവുണ്ടു്. വിവിധതരത്തിലുള്ള യക്ഷികഥകൾ കേൾക്കുന്നതിൽ അവൎക്കു് അതിരററ സന്തോഷമുണ്ടാകുന്നു. പഞ്ചതന്ത്രകഥകൾ, ഈസോപ്പുകഥകൾ, ഹാൻസ് ആൻഡേർസന്റെ സങ്കല്പകഥകൾ, വാൾട്ടർഡിലാമേയറിന്റെ ഡിക് ആൻഡ് ദി ബീൻ സ്റ്റിക്കു് എന്നിവകൾ ഇവയ്ക്കു് ഉദാഹരണങ്ങളാണു്. പ്രായമുള്ള കുട്ടികൾ വീരകഥകൾ ഇഷ്ടപ്പെടുന്നതുപോലെ ധാത്രീകഥകളും യക്ഷികഥകളും അവരിലും പ്രായംകുറഞ്ഞ കുട്ടികൾ ഇഷ്ടപ്പെടുന്നുണ്ടു്. യഥാൎത്ഥലോകത്തിന്റെ പരിധിയ്ക്കപ്പുറം നടക്കുന്ന അത്ഭുതസംഭവങ്ങൾ നിറഞ്ഞ വീരകഥകളാണു് യക്ഷികഥകൾ. ഇവ ബാലികമാർ അധികം ഇഷ്ടപ്പെട്ടേയ്ക്കാം. എന്നാൽ യഥാൎത്ഥലോകത്തു നടക്കുന്ന വീരകഥകളും അത്ഭുതങ്ങളും സങ്കല്പലോകത്തിലേയ്ക്കു് പകൎത്തി ധൈൎയ്യവും വീൎയ്യവും സൃഷ്ടിച്ചിട്ടുള്ള ഹാൻസ് ആൻഡേഴ്സന്റെ കഥകളുടെ മാതൃകയിലുള്ള കഥകൾ ബാലന്മാർ ഇഷ്ടപ്പെടുന്നു. ഭയജനകങ്ങളായവ ഒന്നും കുഞ്ഞുങ്ങൾക്കുവേണ്ടിയുള്ള സങ്കല്പകഥകളിൽ കാണാൻ പാടില്ല എന്നു് ഒരു തത്വമുണ്ടു്. പക്ഷേ ഈ തത്വത്തിനു് അമിതപ്രാധാന്യം നൾകേണ്ട ആവശ്യമില്ല.

അന്യാദൃശമായ വിഭാവനാശക്തിയുള്ള ഈ കാലഘട്ടം പള്ളിക്കൂടത്തിൽ ചേൎന്നു പഠിക്കുന്ന പ്രായമാകുമ്പോഴേയ്ക്കും മിക്കവാറും അവസാനിക്കാറാകുന്നു. ഈ പുതിയ കൂട്ടജീവിതത്തിൽ യഥാൎത്ഥലോകത്തിലെ ആളുകളെക്കുറിച്ചു് വിശിഷ്യാ അവരുടെ സമകാലീനന്മാരെക്കുറിച്ചു് കേൾക്കുവാനുള്ള താല്പൎയ്യം ഉദിച്ചുയരുന്നു. സങ്കല്പലോകം ക്രമേണ മാഞ്ഞുമറയുന്നു. യഥാൎത്ഥമായി നടന്നിട്ടുള്ള വീരകൃത്യങ്ങളിലെ നായികാനായകന്മാരുമായി ഏകഭാവം കൈക്കൊള്ളാൻ സാധിക്കത്തക്ക കഥകൾ ആവശ്യമായിത്തീരുന്നു.

വീരാരാധന സ്വാഭാവികവും അനിൎവാൎയ്യവുമായിത്തീരുന്ന റൊമാൻറിക് കാലഘട്ടമാണു് ഒടുവിലത്തെ ബാല്യകാലഘട്ടം. സ്വഭാവം, പെരുമാററം, ആദൎശങ്ങൾ എന്നിവയിൽ താല്പൎയ്യം ജനിക്കുന്നതും ഈ സന്ദൎഭത്തിലാണു്. ബാലികമാൎക്കും ബാലന്മാൎക്കും ഈ കാലഘ

ട്ടത്തിൽ വലിയ വ്യത്യാസങ്ങൾ ഉണ്ടായിരിക്കും. ബാലികയിൽ ഈ കാലഘട്ടത്തിലെ ലക്ഷണങ്ങൾ താരതമ്യേന കൂടുതൽ പുഷ്ടിപ്പെട്ടിരിക്കും. ഈ ഗുണവിശേഷങ്ങൾ അവർ വായിക്കാനെടുക്കുന്നതോ, വായിക്കാനാഗ്രഹിക്കുന്നതോ ആയ പുസ്തകങ്ങൾ പ്രതിഫലിപ്പിക്കുന്നുണ്ട്. സ്കൂൾകഥകളാണെങ്കിൽ, സർവ്വഗുണസംപൂർണ്ണയും അതിസുന്ദരിയുമായ ഒരു യുവതിയെക്കുറിച്ചുള്ളതോ അതല്ലെങ്കിൽ ഫുട്ബോൾ, ക്രിക്കററ് എന്നിത്യാദികളിലെ നായകനേക്കുറിച്ചോ ആയിരിക്കും. വീരകഥകളാണെങ്കിൽ നായകൻ മുറിവും ചതവുംപററി ശത്രുസംഘത്തിനെതിരായി യുദ്ധം ചെയ്ത് വിസ്മയജനകമാംവിധം സ്വന്തം ദുർഗ്ഗത്തെ പരിരക്ഷിക്കുന്നവനായിരിക്കണം.

ഈ വസ്തുമയമായ ലോകത്തിൽനിന്നും സങ്കല്പലോകത്തിലേക്കും അവിടെനിന്നും യഥാത്ഥ ബാലികാബാലന്മാരുടെ ലോകത്തിലേക്കും, അതിനുശേഷം അനുകരണഭ്രമമുള്ള ആദർശലോകത്തിലേയ്ക്കും അവർ ചെന്നുചേരുന്നു. പ്രധാനമായ ഈ ഘട്ടങ്ങൾ കഴിഞ്ഞാണു മുതിന്ന മനുഷ്യൻ ജീവിക്കുന്ന പരുപരുത്തതും സങ്കീർണ്ണവും ആയ യഥാത്ഥലോകത്തിലേക്കു അവർ കാലെടുത്തുവയ്ക്കുന്നതു്.

അവർ ജീവിക്കാനിടയാകുന്ന അന്തരീക്ഷത്തിന്റെ സ്വഭാവമനുസരിച്ച് മുൻപറഞ്ഞ ബാല്യകാലാവസ്ഥകൾ പല കുഞ്ഞുങ്ങളിലും പലതരത്തിലിരിക്കാനിടയുണ്ട്. ഏതു ദശയിലുള്ളവർക്കുവേണ്ടിയാണു എഴുതുവാൻ പോകുന്നതെന്നു ഒന്നാമതായി ഒരു ബാലസാഹിത്യകാരൻ നിശ്ചയിച്ചുറയ്ക്കണം. തദനുസരണം കഥയും രചനാരീതിയും രൂപപ്പെടുത്തണം. ബാലികാബാലന്മാർ നൈസർഗ്ഗികമായി അവരേക്കുറിച്ച് വലിയ വില കല്പിക്കുന്നവരാണെന്നുള്ളതും ഒരു ബാലസാഹിത്യകാരൻ വിസ്മരിക്കരുത്. ഓരോരുത്തരും അവരവരുടെ സ്വന്തസാമ്രാജ്യത്തിലെ നായകനോ നായികയോ ആയിരിക്കും. കേൾക്കുന്ന കഥകളിലെ നായികാനായകന്മാരുമായി സങ്കല്പലോകത്തിൽ അവർ സ്വചരനും വിഹരിക്കുന്നവരാണ്. ബാലസാഹിത്യകഥകളിൽ മുതിർന്നവർ രംഗപ്രവേശം ചെയ്താലും പ്രാധാന്യം കുഞ്ഞുങ്ങൾക്കുതന്നെ ആയിരിക്കണം. ആർ. എൽ. സ്റ്റീവൻസന്റെ 'ട്രഷർ ഐലൻറ്' എന്ന ഗ്രന്ഥത്തിൽ കഥാപാത്രങ്ങൾ ഒരാൾ ഒഴിച്ച് എല്ലാവരും മുതിർന്ന ആളുകളാണെങ്കിലും ആ കഥയുടെ ചാട്ടപിടിച്ചുമുറുക്കുന്നതു് 'ജിംഹാക്കിൻസ്' എന്ന പേരുള്ള ഒരു ബാലൻ ആണ്.

അതുപോലെതന്നെ കുഞ്ഞുങ്ങൾ സന്മാഗ്ഗമനോഭാവമുള്ളവരാണ്. നല്ലതും ചീത്തയും വെളുപ്പും കറുപ്പും ആണെന്ന് ചിന്തിക്കുന്നവരാണ് അവർ. നല്ല ആളുകളിലും ദുർഗ്ഗുണങ്ങൾ കാണാമെന്നോ, ദുഷ്ടന്മാരിലും ചില സത്ഗുണങ്ങൾ തെളിയുമെന്നോ അവർക്കു ചിന്തിക്കുവാൻ സാധ്യമല്ല. സൂക്ഷ്മങ്ങളും ലോലങ്ങളുമായ വ്യത്യാസങ്ങൾ അവർ ദർശിക്കുന്നില്ല. അതിനാൽ ഗുണദോഷസമ്മിശ്രമായ സൂക്ഷ്മകഥാപാത്രങ്ങൾ കുഞ്ഞുങ്ങളുടെ വായനയ്ക്കുവേണ്ടി സൃഷ്ടിക്കാതിരിക്കണം. അവരുടെ കഥാപാത്രങ്ങൾക്കു പൂർണ്ണചൈതന്യവും വ്യക്തതയും നൾകണം. ഒരേ സമയത്തു നല്ലതും ചീത്തയും ഇടകലത്തിയിട്ടുള്ളവയായിരിക്കരുത്.

ഏതുപ്രായത്തിലുള്ള കുഞ്ഞുങ്ങൾക്കും ഫലിതം പ്രിയമാണ്. അതു് അവർക്കു സുഗ്രാഹ്യമായിരിക്കണമെന്നും അവരെക്കുറിച്ച് വ്യക്തിപരമായി ആയിരിക്കരുതെന്നും മാത്രമേ നിർബന്ധമുള്ളു. ചുരുക്കം ചില ഗൌരവസ്വഭാവക്കാരൊഴിച്ച് മുതിർന്നവർ മിക്കവാറും പ്രായേണ ഫലിതങ്ങളിൽ രസിക്കുന്നവരാണ്. മഴക്കാലത്തു റോഡിൽക്കൂടി നടന്നുപോകുമ്പോൾ കാൽ വഴുതി വീഴുന്നതു കണ്ടാൽ ആരാണു ഒന്നു ചിരിച്ചുപോകാത്തതു്. മാവുള്ളവർക്കു പറവുന്ന അമിളികളിൽ ചിരിച്ചുപോകുന്നവരാണ് കുഞ്ഞുങ്ങൾ. അമിളിപറവുന്നതു് അത്യാഗ്രഹിക്കോ, പരോപദ്രവിക്കോ ആണെങ്കിൽ അവർ അത്യധികം രസിക്കുകയും ചെയ്യും.

പൗരാണികപ്രാധാന്യമുള്ള ബാലഫലിതകഥകളിൽ ഇത്തരം തമാശകൾ നമുക്കു കാണാവുന്നതാണ്. ഒരു കാളയുടെ അത്രയും വലിപ്പത്തിലാകാൻ ഒരു തവള ആഗ്രഹിച്ച് തന്നെത്താനെ വീക്കുവാൻ ശ്രമിച്ചു ശ്രമിച്ച് സ്വയം

നശിക്കാനിടയാകുന്ന ഈസോപ്പുകഥ ഇതിനു ഉദാഹരണമാണു്. സിംഹത്തിന്റെ തോൽ ധരിച്ചു് മൃഗരാജനായി അഭിനയിച്ചു് കുറുക്കനു പററിയ അമിളിയും ഇതുപോലെതന്നെ. ഇപ്രകാരമുള്ള ഫലിതസംഭവങ്ങളും കഥകളും വിദ്യാലയങ്ങളിൽ അംഗീകരിക്കപ്പെടുന്ന പുസ്തകങ്ങളിൽ പലപ്പോഴും കാണാനിടയാകുന്നതു് ഫലിതകഥകൾ ബാല്യകാലഘട്ടങ്ങളിലെല്ലാം പററിയതാണെന്നു അനുഭവപ്പെട്ടിട്ടുള്ളതുകൊണ്ടായിരിക്കണം—പദപ്രയോഗംകൊണ്ടുമാത്രമുള്ള ഫലിതവും കുട്ടികൾ ഇഷ്ടപ്പെടുന്നുണ്ടു്. "ഒന്നാംകുന്നിന്മേൽ ഓരടിക്കുന്നിന്മേൽ ഓരായിരംകിളി കൂടുവെച്ചു." എന്നിപ്രകാരമുള്ള വരികളിലെ ശബ്ദശ്രവണം മാത്രം—കുട്ടികളെ രസിപ്പിക്കുന്നുണ്ടു്. നിരർത്ഥകങ്ങളായ പദപ്രയോഗങ്ങളാണെങ്കിലും അവയുടെ ഉച്ചാരണം അവരുടെ മനസ്സിനെ ചലിപ്പിക്കുന്നു. യഥാർത്ഥമല്ലാത്ത സന്ദർഭങ്ങൾ സൃഷ്ടിച്ചും ഇത്തരം ഫലിതം ചില ഗ്രന്ഥകാരന്മാർ ഉൾപ്പെടുത്തീട്ടുണ്ടു്. ആംഗ്ലേയ ഗ്രന്ഥകർത്താവായ ലീവ്വിസ്ക രോളിന്റെ 'ആലിസ് ഇൻഒണ്ടർലൻഡ്' എന്ന ബാലസാഹിത്യകൃതി ഇതിനൊരു ഉദാഹരണമാണു്. കീഴ്മേൽമറിഞ്ഞുകിടക്കുന്ന ഒരു ലോകം സൃഷ്ടിച്ചിട്ടു് അസംഭാവ്യങ്ങളായ പലതും സംഭവിക്കുന്നതായി ചിത്രീകരിക്കുന്നു. എന്നാൽ അപ്രകാരമുള്ള നിരർത്ഥകലോകം സൃഷ്ടിച്ചതിനു ശേഷം ആ നിരർത്ഥകത നൈസർഗ്ഗികമായി കഥയുടെ അവസാനംവരെ തുടർന്നുപോകുന്നതായി കാണാം.

നിരർത്ഥകഫലിതം സ്വാഭാവികമായി വരേണ്ടതാണു്. പക്ഷേ അതു് ഫലപ്രദമാകുന്നതിനു ഭാഷ ലളിതവും സുകുമാരവും ആയിരിക്കേണ്ടതാണു്. പദപ്രയോഗം ഏററവും ലളിതമായി തോന്നും. പക്ഷേ രചനയിൽ അവ അത്യുത്തമമാണു്. ഭാഷാരീതി അപ്രധാനമാണെന്നും കുട്ടികൾ ശ്രദ്ധിക്കുന്നതു് കഥയുടെ ഇതിവൃത്തം ആണെന്നും ഒരു നാടോടി ചൊല്ലുണ്ടു്. പക്ഷേ അതു് അത്ര ശരിയല്ല. കഥയിലാണു് കുട്ടികൾക്കു് പ്രധാന താല്പര്യമെന്നും, ഭാഷാരീതി എത്ര മോശമായിരുന്നാലും കഥ രസകരമാണെങ്കിൽ അതു് ഇഷ്ടപ്പെടുമെന്നും ഉള്ളതു് വാസ്തവമാണു്. പക്ഷേ ഇതിനുകാരണം എട്ടുവയസിനും പന്ത്രണ്ടുവയസിനും ഇടയ്ക്കുള്ള കുട്ടികൾ സ്വഭാവേന ആർത്തിയോടുകൂടി വായിച്ചുതള്ളുന്നവരായതുകൊണ്ടാണു്. അല്ലാതെ പദപ്രയോഗത്തിൽ അവക്കു താല്പര്യമില്ലെന്നല്ല അർത്ഥമാക്കേണ്ടതു്. സുന്ദരങ്ങളായ പദപ്രയോഗങ്ങൾ വായിക്കുമ്പോൾ അവ കുറിച്ചെടുത്തു് ഹൃദിസ്ഥമാക്കുന്ന കുട്ടികൾ സാധാരണമാണു്. അതുപോലെതന്നെ ഇക്കാലത്തു് പ്രസിദ്ധീകരിച്ചാൽ ജനസാമാന്യം ബാലസാഹിത്യമായി അംഗീകരിച്ചു് അവയ്ക്കു് പ്രചാരം നൽകണമെങ്കിലും ഭാഷാരീതി നന്നായിരിക്കേണ്ടതാണു്.

ബാലഹൃദയം അത്ഭുതകരങ്ങളായ സംഭവങ്ങൾ സ്വാഗതം ചെയ്യുമെങ്കിലും യാഥാർത്ഥ്യവുമായി നിശ്ശേഷം ബന്ധം നശിപ്പിക്കാത്ത കഥകളോടു പൊതുവേ കൂടുതൽ താല്പര്യം പ്രദർശിപ്പിക്കുന്നുണ്ടു്. അറബിക്കഥകൾമാത്രം ഇതിനു ഒരു വ്യത്യസ്തമായേക്കാം. അവരുടെ പരിചിതലോകത്തിന്റെ അതിരുകൾക്കുള്ളത്തു് സ്ഥിതിചെയ്യുന്നതായിരിക്കണം അവരുടെ കഥകളിലെ മാന്ത്രികലോകം. ഒരുകാലത്തു് അവർക്കും അവിടങ്ങളിൽ സഞ്ചരിക്കുവാൻ സാധിച്ചേയ്ക്കും, എന്നു് ഒരു തോന്നൽ ഉണ്ടാകണം. കഥാനായകൻ ഒരു ബാലനോ നായിക ഒരു ബാലികയോ ആയാൽ യഥാർത്ഥ ലോകവും സങ്കല്പലോകവും തമ്മിൽ അടുപ്പിക്കുന്ന ഏററവും ബലവത്തായ ഒരു ശൃംഖല ആവും. അതുപോലെതന്നെ യഥാർത്ഥ ലോകത്തിലെ ദൈനംദിനജീവിതസംഭവങ്ങളുമായി സമ്മിശ്രപ്പെടുത്തി കഥ രചിക്കുകയാണെങ്കിൽ ബാലസാഹിത്യകാരൻ സൃഷ്ടിക്കുന്ന സങ്കല്പലോകം കൂടുതൽ വിശ്വസനീയമായിത്തീരുന്നതുമാണു്. ഇംഗ്ലീഷുബാലസാഹിത്യത്തിലെ 'ജാക് ദിജയന്റ്കില്ലർ' ഒരു യക്ഷികഥയാണെങ്കിൽ യാഥാർത്ഥ്യലോകവുമായി അല്പം ബന്ധിപ്പിച്ചു് ആ കഥയെത്തന്നെ അടിസ്ഥാനമാക്കി വാൾട്ടർ ഡിലാമേയർ എന്ന സുപ്രസിദ്ധ സാഹിത്യകാരൻ ബാലന്മാർക്കു എഴുതിയിട്ടുള്ള 'ഡിക് ആൻഡ് ദി ബീൻസ്റ്റിക്ക്' സങ്കല്പലോകത്തെ യഥാർത്ഥലോകവുമായി ബന്ധിപ്പിച്ചിട്ടുള്ള കഥക്കു ഉദാഹരണമാണു്. ഈ യാഥാർത്ഥ്യഭാവം കഥ

കൾക്കു ലഭിക്കുന്നതു് കഥാപാത്രങ്ങളുടെ സജീവത്വം കഥയുടെ ഉറച്ച പശ്ചാത്തലം വിവരണങ്ങളിലുള്ള യാഥാർത്ഥ്യവും പൂർണ്ണതയും എന്നിവകൊണ്ടാണു്. തെരഞ്ഞെടുത്ത പദങ്ങൾ ഉപയോഗിച്ചു് അദ്ദേഹം പദാർത്ഥങ്ങളുടെ പ്രതീതിയും വിഭാവനയും അതിന്റെ അത്യുച്ചനിലയിലെത്തിക്കുന്നു. ഈ പദപ്രയോഗം കലാപരമാണെന്നു മുതിർന്നവർക്കേ മനസ്സിലാക്കാൻ സാധിക്കുകയുള്ളുവെങ്കിലും, ആ പദപ്രയോഗത്തിന്റെ ഫലം കുഞ്ഞുങ്ങളിലെപ്രകാരമാണെന്നുള്ളതാണു കാര്യമായിട്ടുള്ളതു്.

രാജാക്കന്മാരുടെ പേരും യുദ്ധങ്ങളുടെ തീയതിയും ആയി മാത്രം ഗണിക്കപ്പെട്ടുവന്ന ചരിത്രവും പട്ടണങ്ങളുടേയും നദികളുടേയും മലകളുടേയും പേരുവിവരമായി മാത്രം കരുതപ്പെട്ട ഭൂമിശാസ്ത്രവും സ്കൂൾവിദ്യാർത്ഥിലോകത്തിൽനിന്നും മാറിപ്പോയിരിക്കുന്നു. വിദ്യാഭ്യാസത്തിൽ മൗലികമായ പരിവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

വിദ്യാഭ്യാസരീതിയിൽവന്ന ഈ വ്യതിയാനം ബാലികാബാലന്മാർക്കുള്ള ടെക്സ്റ്റ്ബുക്കുകളിലും ചില മാററങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നുണ്ടു്. ടെക്സ്റ്റ്പുസ്തകങ്ങൾ സ്വാഭാവികമായി അത്രപെട്ടെന്നു മാറുന്നതല്ല. പക്ഷേ കുഞ്ഞുങ്ങളുടെ മനോവിശാലതയ്ക്കും അവരുടെ താല്പര്യങ്ങളെ തട്ടിയുണർത്തുന്നതിനും പററിയവിധത്തിൽ ജീവചരിത്രപരമായും, സങ്കീർണ്ണമായിരിക്കുന്ന ലോകവിജ്ഞാനത്തിന്റെ നാനാവശങ്ങളെക്കുറിച്ചും സുപ്രധാനങ്ങളായ പുസ്തകങ്ങൾ നിർമ്മിതങ്ങളായി വരികയാണു്. പാശ്ചാത്യരാജ്യങ്ങളിലെ ഈവക പ്രസിദ്ധീകരണങ്ങളിൽനിന്നും മനസ്സിലാകുന്നതു് വിജ്ഞാനാരാമത്തിലേയ്ക്കു് ബാലികാബാലന്മാരെ ആകർഷിച്ചു് കൈയ്യുപിടിച്ചു നടത്തിക്കൊണ്ടുപോകുന്നുവെന്നാണു്. അല്ലാതെ ചെവിക്കുപിടിച്ചു് വലിച്ചിഴച്ചുകൊണ്ടുപോകുകയല്ല.

മുൻകാലങ്ങളിലെ വിദ്യാഭ്യാസ ചിന്തകന്മാർ വിചാരിച്ചതു് കുഞ്ഞുങ്ങൾ ആവശ്യപ്പെടുന്നതു് കൂടുതൽകൂടുതൽ വിവരങ്ങളാണെന്നായിരുന്നു. അതനുസരിച്ചു് അജീർണ്ണം വരത്തക്കവിധം അവർ വാരിക്കോരികൊടുത്തു. എന്നാൽ ഇന്നത്തെ ലോകം ഇതു് അനുവദിച്ചുകൊടുക്കുന്നില്ല. കുഞ്ഞുങ്ങൾ വിജ്ഞാനത്തിനുവേണ്ടി വിജ്ഞാനം അഭിലഷിക്കുന്നില്ല. അവർ എന്തുകൊണ്ടു്, എങ്ങിനെ എന്നുള്ള പ്രായോഗിക ചോദ്യങ്ങൾക്കു് ഉത്തരം കണ്ടുപിടിക്കുന്നതിലാണു താല്പര്യം പ്രകടിപ്പിക്കുന്നതു്. അവരുടെ ചോദ്യങ്ങൾക്കുള്ള ഉത്തരം ലളിതവും മതിയായതുമായിരിക്കണം. ആവശ്യത്തിൽ കൂടുതൽ വിവരങ്ങൾ ദഹനമില്ലായ്മക്കുമാത്രമേ ഇടയാക്കുകയുള്ളു. അതിനാൽ അവശ്യം വേണ്ടവ തെരഞ്ഞെടുക്കുകയും അല്ലാത്തവയെ വർജ്ജിക്കുകയും ചെയ്യേണ്ടതു് ഒരു ബാലസാഹിത്യകാരന്റെ പ്രഥമകർത്തവ്യമാണു്. അതു് പറയുന്നതുപോലെ പ്രയോഗത്തിൽ വരുത്തുവാൻ അത്ര എളുപ്പമല്ല. ഒരു മുതിർന്ന മനുഷ്യനുള്ള വിജ്ഞാനസമ്പത്തു് തന്റെ വിഭാവനയിൽനിന്നും നിഷ്കാസനം ചെയ്യുന്നതിനുശേഷിയുണ്ടായിരിക്കണം. അതുകൊണ്ടു തന്റെ വായനക്കാർക്കു കൂടുതൽ അറിയാമെന്നുള്ള തെററിദ്ധാരണ ഉണ്ടാകാതിരിക്കുവാനും അതുപോലെതന്നെ അവരെ പൊടുന്നനവേ അപരിചിതലോകത്തിൽ അങ്ങോട്ടും ഇങ്ങോട്ടും ഓടിക്കാതിരിക്കുവാനും സാധിക്കും. പരിചിതമായതിൽനിന്നു് അപരിചിതമായവയിലേക്കു പോകുന്ന രീതിയാണു സ്വീകാര്യമായിട്ടുള്ളതു്. പുതിയ അറിവു അവരുടെ മുന്നറിവുമായി യോജിപ്പിച്ചു് ശക്തിപ്പെടുത്താൻ അതിനുമാത്രമേ സാധിക്കൂ. വിഷയങ്ങൾ തെരഞ്ഞെടുക്കുന്നതിലും വിവരിക്കുന്നതിലും പരമാർത്ഥത ഉണ്ടായിരിക്കേണ്ടതാണു്. മുൻവിധിക്കു അതീതമായി ഒരു നിലയാണു സ്വീകരിക്കേണ്ടതും. ചില വസ്തുതകൾ മായ്ക്കുന്നതും മററുചിലതിനു അമിതപ്രാധാന്യം നൽകുന്നതും വാസ്തവരൂപത്തെ അലങ്കോലപ്പെടുത്തും. കുഞ്ഞുങ്ങൾക്കു് ആ വസ്തുതകളെപ്പററിയുള്ള പ്രതീതി വികൃതവുമായിരിക്കും. ജീവചരിത്രപ്രധാനങ്ങളായ പുസ്തകങ്ങൾ രചിക്കുമ്പോൾ ഈ തത്വം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. മുതിർന്നവരുടെ അഭിപ്രായങ്ങൾ അടിച്ചുകയററുന്നതിനു ശ്രമിക്കരുതു്. കുട്ടികൾക്കു് വസ്തുതകൾ നൽകുക, അവർക്കു സ്വതന്ത്രതീരുമാനത്തിലെത്തിച്ചേരുന്നതിനു അവസരം നൽകുക. വസ്തു

# ഗ്രാൻറുപരിശോധനയിൽ കണ്ട പൊതുറിമാർക്കുകൾ

## 1. പുസ്തകങ്ങൾ:-

ഒരു പ്രാഥമിക ഗ്രന്ഥശാലയിലെ പകുതി പുസ്തകങ്ങളെങ്കിലും ബുക്കുസെലക്ഷൻ കമ്മററി അംഗീകരിച്ചിട്ടുള്ള പുസ്തകലിസ്റ്റിൽ നിന്നുള്ളവയായിരിക്കണം. ചില ഗ്രന്ഥശാലകൾ, എണ്ണം തികയ്ക്കുന്നതിനുവേണ്ടി പുസ്തകങ്ങളുടെ മേന്മയേയോ, വായനക്കാരുടെ ആവശ്യത്തേയോ, ഉപയോഗത്തേയോ പരിഗണിക്കാതെ ഗ്രന്ഥശേഖരണം നടത്തിവരുന്നതു് പ്രസ്ഥാനത്തിൻെറ ഉദ്ദേശത്തിനും പൊതുജനസഹകരണത്തിനും തടസ്സമുണ്ടാക്കുന്നതാണ്. പ്രാരംഭദശയിൽ പുതിയതും ഉത്തമങ്ങളുമായ പുസ്തകങ്ങൾ ശേഖരിച്ചിട്ടുള്ള ഗ്രന്ഥശാലകളെ അവയുടെ ആരംഭകാലം മുതൽ തന്നെ ജനങ്ങൾ ഉപയോഗിച്ചുവരുന്ന വിവരം അനുഭവമുള്ളതാണ്.

പുസ്തകങ്ങൾ ബയൻറുചെയ്തു് സൂക്ഷിക്കുന്നതിൽ പലരും പ്രായേണ വിമുഖരായി കാണുന്നുണ്ട്. ഗ്രന്ഥശേഖരം പോലെതന്നെ അവയുടെ ഭംഗിയായ സൂക്ഷിപ്പും ഗ്രന്ഥശാലയുടെ പ്രവർത്തനത്തിനും ആകർഷണത്തിനും അനിർവാര്യമാണ്.

## 2. ഗ്രന്ഥപാരായണം:-

ഒരു ഗ്രന്ഥശാലയുടെ അഭിവൃദ്ധി അതിപ്രധാനമായി ഗ്രന്ഥപാരായണത്തെ ആശ്രയിച്ചിരിക്കുന്നു. കൂടുതൽ ആളുകളെക്കൊണ്ടു് വായിപ്പിക്കേണ്ട കടമ പല ഗ്രന്ഥശാലകളും വേണ്ടപോലെ നിർവഹിക്കുന്നില്ല. പുസ്തകങ്ങൾ സർക്കുലേററ് ചെയ്തും ഗ്രന്ഥപാരായണം അഭിവൃദ്ധിപ്പെടുത്തേണ്ടതാണ്. വിതരണം ചെയ്യപ്പെടുന്ന പുസ്തകങ്ങൾ ക്ലിപ്തകാ

---

തകൾ അറിയുന്നതും മുൻവിധിരഹിതമായ അഭിപ്രായങ്ങൾ രൂപീകരിക്കുന്നതും അവരുടെ അവകാശമാണ്. ഇതിൽനിന്നും പ്രതിപാദ്യവിഷയങ്ങൾ സ്ഥൂലങ്ങളും വർണ്ണരഹിതവും ആയിരിക്കണമെന്നില്ല. ഹൃദയത്തേയും വിഭാവനയേയും ഉണർത്തേണ്ടതു് വിശദീകരിക്കുന്നതുപോലെയും വിവരണം നൽകുന്നതുപോലെയും പ്രാധാന്യമുള്ളതാണ്.

ആസൂത്രണംചെയ്തു് ക്രമീകരിച്ചു് എഴുതേണ്ടതിൽ ശ്രദ്ധ ചെലുത്തേണ്ടതു് എല്ലാ സാഹിത്യവിഭാഗത്തിനും ആവശ്യമാണ്. പ്രത്യേകിച്ചും ബാലസാഹിത്യനിർമ്മിതിയിൽ. ഒരു ചെറു ഉപന്യാസമായാലുംശരി ഒരു വലിയ കഥയായാലുംശരി പരിപൂർണ്ണ വ്യക്തത അപരിത്യാജ്യമാണ്. ഇതില്ലെങ്കിൽ കുഞ്ഞുങ്ങൾ വഴികാണാൻ പാടില്ലാത്ത വിജ്ഞാനവിപിനത്തിൽ കുടുങ്ങിപ്പോകും. വിഷയവിവരം ക്രമീകരിക്കുന്നതുതന്നെ വൈവിധ്യത്തോടും വിഭാവനയെ തട്ടിയുണർത്തുന്ന വിധത്തിലും ആയിരിക്കണം.

ബാലസാഹിത്യഗ്രന്ഥങ്ങൾക്കുണ്ടായിരിക്കേണ്ട മേന്മ, കുഞ്ഞുങ്ങൾ ചോദിക്കാൻ ആഗ്രഹിക്കാവുന്ന എല്ലാ പ്രശ്നങ്ങൾക്കും പ്രായോഗികമായ ഉത്തരങ്ങൾ നൽകുന്നതിനു പ്രാപ്തമായിരിക്കണമെന്നുള്ളതാണ്. വിവരങ്ങൾ ഔചിത്യപൂർവ്വമായും ലളിതഭാഷയിലും വ്യക്തമായും പ്രതിപാദിക്കുക; കുഞ്ഞുങ്ങൾ അറിയണമെന്നു ആഗ്രഹിക്കുന്ന വിവരം—അല്ലാതെ മുതിർന്നവർ അറിയണമെന്നു ഉദ്ദേശിക്കുന്നതല്ല,—മാത്രം നൽകി കുഞ്ഞുങ്ങളുടെ താല്പര്യങ്ങളെ ഉദ്ദീപിപ്പിക്കുക; പലപ്രാവശ്യം പലരും എഴുതി താല്പര്യവിഹീനമാകാത്തതും ഒരു യഥാർത്ഥ ആവശ്യം നിറവേറുന്നതുമായ വിഷയത്തെപ്പററി രചന നടത്തുക എന്നിങ്ങനെ പല സംഗതികളും ബാലസാഹിത്യ രചനയിൽ ശ്രദ്ധിക്കുന്നതു നന്നായിരിക്കും.

ലത്തിനുള്ളിൽ തിരിച്ചു വാങ്ങുന്നതിലും അനാസ്ഥ കാണുന്നുണ്ട്. പുസ്തകങ്ങൾ സൂക്ഷിച്ചും ഭദ്രമായും ഉപയോഗിക്കുന്നതിനും യഥാകാലം തിരിച്ചേൽപ്പിക്കുന്നതിനും പൊതുജനങ്ങളെ പ്രേരിപ്പിക്കേണ്ടതാണ്. ഗ്രന്ഥങ്ങൾ വർഗ്ഗീകരിച്ച് ഷെൽഫുകളിൽ അടുക്കിവെക്കുന്നതു് പുസ്തക പാരായണക്കാർക്ക വളരെ വളരെ സഹായകരമായിരിക്കും.

സാമാന്യം ഭേദമായ ലൈബ്രറികളെങ്കിലും ക്യാററലോഗ് തയാറാക്കേണ്ടതാണ്. ഈ കുറവു പൊതുവേ ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു.

## 3. പത്രമാസികകൾ:-

ഒരു പ്രാഥമിക ലൈബ്രറിയിൽ 3 ദിനപത്രങ്ങളും 2 വാരികകളും ഒരു മാസികയും എങ്കിലും ഉണ്ടായിരിക്കണം. ലൈബ്രറികൾ വളരുന്നതനുസരിച്ചു പത്രസംഖ്യയും മററും വർദ്ധിപ്പിക്കേണ്ടതാണ്. വായനശാലാസമയങ്ങളിൽ പത്രങ്ങളും വാരികകളും മാസികകളും ആർക്കും വായിക്കത്തക്കവിധം വായന ഹാളിൽ ഉണ്ടായിരിക്കുന്നതിനു് പ്രത്യേകം നിഷ്ക്കർഷിക്കണം. അടുത്തലക്കം വരുന്നതുവരെ മുൻ ലക്കങ്ങൾ ഡസ്കിൽ ഉണ്ടായിരിക്കണം. പഴയപത്രങ്ങൾ റഫറൻസിനു ആവശ്യമുള്ളവർക്ക് ഉപയോഗിക്കത്തക്കവിധം ക്രമത്തിൽ അടുക്കിവയ്ക്കുന്നതു സൌകര്യമായിരിക്കും. കുറഞ്ഞതു മൂന്നുമാസം എങ്കിലും കഴിഞ്ഞിട്ടുവേണം ഉപയോഗരഹിതമെന്നു കാണുന്ന പത്രങ്ങൾ വില്ക്കേണ്ടതു്. പത്രങ്ങൾ ലേലത്തിൽ–കമ്മററിയുടെ സഹകരണത്തോടുകൂടി--വില്ക്കുന്നതു് ഉചിതമായിരിക്കും. ആഴ്ചപ്പതിപ്പുകൾ, മാസികകൾ ഇവ വാല്യം തികച്ചു ബയൻഡുചെയ്തു് സൂക്ഷിക്കേണ്ടതുമാണ്. മാസികാസ്റ്റോക്ക രജിസ്റ്റർ പ്രത്യേകമായി വയ്ക്കുന്നതു് നന്നായിരിക്കും.

## 4. ഗ്രന്ഥശാലാറിക്കാർഡുകൾ:

പ്രവർത്തനത്തോടൊപ്പംതന്നെ പ്രധാനമാണ് ക്രമമായി റിക്കാർഡുകൾ സൂക്ഷിക്കേണ്ടതും. "ഞങ്ങൾ പ്രവർത്തിക്കുന്നുണ്ടല്ലോ പിന്നെ റിക്കാർഡിൽ ഇത്ര നിർബ്ബന്ധം പിടിക്കേണ്ട ആവശ്യമെന്താണ്." എന്നും മററും നിരർത്ഥകങ്ങളായ വാദങ്ങൾ ഉന്നയിക്കുന്ന ചിലരെ കാണാറുണ്ട്. റിക്കാർഡുകൾ ആവശ്യമാണെന്ന് അവർക്കറിയാമെങ്കിലും തല്ക്കാലസാധൂകരണത്തിനുവേണ്ടി പറയുന്ന ചില വാക്കുകൾ എന്നതിൽ കവിഞ്ഞു് അതിനർത്ഥമൊന്നുമില്ല. ശരിയായ പ്രവർത്തനം നടത്തുന്ന ലൈബ്രറിയിൽ റിക്കാർഡുകൾ ഏററവും വ്യവസ്ഥാപിതമായ രീതിയിൽ സൂക്ഷിച്ചുവരുന്നതായി കാണുന്നുണ്ട്. ഒരു ലൈബ്രറിയിൽ ഉണ്ടായിരിക്കേണ്ട റിക്കാർഡുകളുടെ വിവരം വീണ്ടും പ്രവർത്തകരുടെ അറിവിലേക്കുവേണ്ടി ചുവടെ ചേർക്കുന്നു.

1. പുസ്തകസ്റ്റോക്ക രജിസ്റ്റർ.
2. ഉപകരണ രജിസ്റ്റർ
3. പുസ്തകവിതരണ രജിസ്റ്റർ
4. പ്രവേശന രജിസ്റ്റർ
5. മാസവരി രജിസ്റ്റർ
6. നാൾവഴി
7. പേരേഡ്
8. രസീതുബുക്കുകൾ
9. വൌച്ചർ ഫയൽ
10. മാസാന്ത്യസ്റ്റേററമെൻറ്
11. മിനിട്ട്സ് ബുക്ക്
12. പൊതുയോഗഡയറി
13. പത്രമാസികാ രജിസ്ററർ
14. വായനക്കാരുടെ ഹാജർ ബുക്ക്
15. ഔട്ട്‌വേഡും ഇൻവേഡും രജിസ്റ്ററുകൾ
16. വിസിറേറഴ്സ് ഡയറി

ഇത്രയും റിക്കാർഡുകൾ ശരിയായി സൂക്ഷിക്കുന്നതിൽ സേവനതല്പരരായ പ്രവർത്തകർ ഒരിക്കലും ഒരു ബുദ്ധിമുട്ടായി ഗണിക്കാതിരിക്കേണ്ടതു് നമ്മുടെ പ്രവർത്തനത്തിൻെറ പരിപൂർണ്ണതയ്ക്ക് അത്യാവശ്യമാണ്. പുസ്തകസ്റ്റോക്ക രജിസ്റ്റർ ഏററവും തൃപ്തികരമായി സൂക്ഷിച്ചുവരുന്ന ഗ്രന്ഥശാലകൾ വളരെ ചുരുക്കംതന്നെ. ക്രമനമ്പർ, സ്റ്റോക്കനമ്പർ, പുസ്തകത്തിൻെറ പേരു് ഗ്രന്ഥകാരൻേറയോ പ്രസാധകൻേറയോ പേരു്, അച്ചടിച്ച വർഷമോ പതിപ്പോ, ലഭിച്ച തീയതി, വില, വൌച്ചർനമ്പരും തീയതിയും, ഏതു വിഭാഗം, റിമാർക്കുകൾ എന്നിത്രയും വിവരങ്ങളെങ്കിലും സ്റ്റോക്ക രജിസ്ററരിൽ ഉണ്ടായിരിക്കേണ്ടതാണ്, പുസ്തകത്തിൻെറ മൊത്തവില, സ്റേറാക്ക

രജിസ്റ്ററിൽ നിന്നും അറിയത്തക്കവിധം ഓരോ പേജിലും ആകെത്തുക രേഖപ്പെടുത്തി പോകേണ്ടതാണ്. ആണ്ടിൽ ഒരിക്കലെങ്കിലും, ഒരു സബ്കമ്മററിയുടെ ചുമതലയിൽ പുസ്തകങ്ങളുടെ സ്റ്റോക്ക് തിട്ടപ്പെടുത്തി കമ്മററിയിൽ സമർപ്പിക്കേണ്ടതും ആ വിവരം ഈ ആഫീസിൽ അറിയിക്കേണ്ടതുമാണ്.

ഒരേപുസ്തകത്തിൻെറ ഒന്നിലധികം പ്രതികൾ ഗ്രന്ഥശാലയിൽ ശേഖരിക്കുമ്പോൾ ആ പുസ്തകത്തിൻെറ ആദ്യസ്റ്റോക്കു രജിസ്റ്ററിനോടു ചേർത്തു, ഏ, ബി, സി എന്നിങ്ങനെ സ്റ്റോക്കു രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. ഇപ്രകാരം ചെയ്യുന്നതുകൊണ്ട് ഒരു ഗ്രന്ഥശാലയിൽ എത്ര വിഭിന്ന പുസ്തകങ്ങൾ ഉണ്ടെന്നു പെട്ടെന്നു മനസ്സിലാക്കാം. ക്രമനമ്പർ ഉള്ളതുകൊണ്ട് മൊത്തം എണ്ണം അറിയുവാനും സാധിക്കുമല്ലോ. മാസികയുടെ ഒററലക്കങ്ങൾ പുസ്തകസ്റ്റോക്കിൽ ചേർക്കുന്നതു ശരിയല്ല.

പുസ്തകസ്റ്റോക്ക് നല്ല രജിസ്റ്ററിൽ വൃത്തിയായും ഭംഗിയായും എഴുതി സൂക്ഷിച്ചു വരുന്നതായി അധികം കണ്ടുവരുന്നില്ല.

പുസ്തകവിതരണ രജിസ്റ്ററിൽ പുസ്തകമെടുക്കുന്നവരെക്കൊണ്ടോ അവർ അധികാരപ്പെടുത്തുന്നവരെക്കൊണ്ടോ ഒപ്പിടുവിക്കേണ്ടതു് ഏററവും പ്രധാനമായ ഒരു കൃത്യമാണ്. ഇതിന് പലരും പല ഒഴിവുകഴിവുകളും പറയാറുണ്ടെങ്കിലും പൌരബോധപരമായ ഒരു കർത്തവ്യംകൂടി ഇതുകൊണ്ട് സാധിക്കുന്നുണ്ട്.

പുസ്തകവിതരണരജിസ്റ്റർ എല്ലാ ലൈബ്രറികളും നാലുവഴി രീതിയിലും വലിയ ലൈബ്രറികൾ പേരേഡുരീതിയിലും ഉപയോഗിക്കേണ്ടതാണ്.

ഉപകരണരജിസ്റ്റർ സൂക്ഷിക്കുന്നതിന് പല വായനശാലകളും വേണ്ടത്ര ശ്രദ്ധിച്ചുവരുന്നില്ല. ഇന വിവരവും വിലയും ചേർത്തിട്ടുള്ളതായ ഉപകരണരജിസ്റ്റർ ഒരു സ്ഥാപനത്തിന് അത്യന്താപേക്ഷിതമാണ്. മാസവരി രജിസ്റ്ററിൽ അതതു മാസത്തിൽ വരുന്ന തുകയും വന്ന തീയതിയും രേഖപ്പെടുത്തേണ്ടതാണ്. അംഗങ്ങളുടെ പേരു മുറക്കെഴുതി 12 മാസത്തിലേയും കോളങ്ങളിട്ട രജിസ്റ്റർ തയാറാക്കിയാൽ മതിയാകുന്നതാണ്. മാസവരി കുടിശ്ശിക വരുത്താതിരിക്കുന്നതിലും കുടിശ്ശിക കണിശമായി പിരിക്കുന്നതിലും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വരവിനങ്ങൾ രസീതിൻപടി തന്നെ വരുത്തേണ്ടതാണ്. സകല ചെലവുകൾക്കും ക്രമനമ്പരിട്ട വൗച്ചറുകൾ ഉണ്ടായിരിക്കേണ്ടതും പ്രത്യേകം ഫയൽ സൂക്ഷിക്കേണ്ടതും ആണ്.

വിശേഷാൽ പിരിവുകൾ, നാടകം മുതലായ കലാപ്രകടനങ്ങളിൽ നിന്നുള്ള വരവ് എന്നിവയുടെ വിശദമായ കണക്കുകൾ കമ്മററിയിൽ ബോദ്ധ്യപ്പെടുത്തി അവ നാലുവഴിയിൽ ചേർക്കേണ്ടതാണ്.

രസീതു നമ്പരും, വൗച്ചർ നമ്പരും വരവുചിലവുതുകകളുടെ നേക്ക് നാലുവഴിയിൽ രേഖപ്പെടുത്തിയിരിക്കണം. നാലുവഴി കൃത്യമായി തയാറാക്കുന്ന കാര്യത്തിലാണ് മിക്കലൈബ്രറികളിലും ഉദാസീനതകാണുന്നത്. കണക്കുകൾ അതതു ദിവസംതന്നെ എഴുതി പൂർത്തിയാക്കേണ്ടതു് നിർബ്ബന്ധമാക്കേണ്ടതാണ്.

നീക്കിയിരുപ്പുതുകകൾ ഏതെങ്കിലും ബാങ്കുകളിൽ നിക്ഷേപിക്കേണ്ടതാണ്.

മാസാന്ത്യ സ്റ്റേറ്റുമെൻറ് നാലുവഴിയെ ആധാരമാക്കി തയ്യാറാക്കി മാസംതോറും കൂടുന്ന കമ്മററിയിൽ പാസ്സാക്കേണ്ടതും അതിപ്രധാനമായ കാര്യമാണ്. ഇതിൽ വേണ്ടത്ര ശ്രദ്ധിക്കുന്ന ലൈബ്രറികളെ പ്രോത്സാഹനാർഹമായി ഗണിക്കുന്നതാണ്. മാസാന്ത്യസ്റ്റേറ്റുമെൻറുകളെ ആധാരമാക്കിയുള്ള ക്വാർട്ടർലി സ്റ്റേറ്റുമെൻറു ഓരോ ഗ്രന്ഥശാലയും ഈ ആഫീസിൽ കൃത്യമായി അയച്ചുതരേണ്ടതാണ്.

മാസംതോറും ഒരു കമ്മററിയെങ്കിലും കൂടേണ്ടതു് ഒരു ജനകീയസ്ഥാപനത്തിൻെറ വളർച്ചക്ക് അത്യന്താപേക്ഷിതമാണ്. അതതു മാസത്തെ കണക്ക് കമ്മററിയിൽ പാസ്സാക്കേണ്ടതു് ഒരു പ്രാഥമികനടപടി ആണ്. മിനിട്ട്സിൽ ഹാജരംഗങ്ങളുടെ പേരും പ്രസിഡൻറിൻെറ ഒപ്പും അത്യാവശ്യമായി രേഖപ്പെടുത്തണം. കമ്മററിക്കാരുടെ ഹാജർബുക്കും കമ്മിററിക്കുള്ള നോട്ടീസുബുക്കും പ്രത്യേകം ഉണ്ടായിരിക്കുന്നതു കൊള്ളാം.

ഒരു സ്ഥാപനത്തിന്റെ സ്ഥിതിവിവരക്കണക്കുകൾ അറിയുന്നതിനാവശ്യമായ വായനക്കാരുടെ ഹാജർ രജിസ്റ്ററും മററും ബാലിശങ്ങളായ ശല്യങ്ങളെ അവഗണിച്ചും സൂക്ഷിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കണം.

## 5. ഗ്രന്ഥശാലാകെട്ടിടവും ഉപകരണങ്ങളും

സ്ഥായിയായ ഗ്രന്ഥശാലാനടത്തിപ്പിന് സ്വന്തമായ ഒരു കെട്ടിടം ആവശ്യമാണ്. ഒരു കെട്ടിടം ഉണ്ടായാൽ ആ സ്ഥലത്ത് സ്ഥിരമായ ഒരു ഗ്രന്ഥശാല രൂപം പ്രാപിച്ചതു തന്നെയാണ്. ഒരു കാലയളവിനുള്ളിൽ സ്വന്തമായി ഒരു കെട്ടിടം ഉണ്ടാക്കുന്നതിന് എല്ലാ പ്രവർത്തകരും അവരുടെ പരമാവധി കഴിവു ഉപയോഗിച്ചാൽ നാം ഏറ്റെടുത്ത പ്രസ്ഥാനം അങ്ങേയററം വിജയിക്കുന്നതാണ്.

പുസ്തകങ്ങൾ ഉപയോഗപ്രദമായ വിധത്തിൽ ക്രമീകരിച്ചു വയ്ക്കുന്നതിന് ആവശ്യമായ അലമാരകളുടേയും ബുക്ക്ഷെൽഫുകളുടേയും അഭാവം പല സ്ഥാപനത്തിലും കാണുന്നുണ്ട്. അതുപോലെതന്നെ ഇരുന്നു വായിക്കുന്നതിനുള്ള ബെഞ്ചു, കസേര, ഡസ്ക് എന്നിവകളും വേണ്ടപോലെ സജ്ജീകരിച്ചു ആളുകൾക്ക് കൂടുതൽ സൌകര്യം ഉണ്ടാക്കികൊടുക്കണം.

## 6. ഗ്രന്ഥശാലകളുടെ പൊതുപ്രവർത്തനം

ഗ്രന്ഥശാലയും വായനശാലയും പതിവായി കൃത്യസമയത്തു് തുറക്കാത്ത ദൃഷ്ടാന്തങ്ങൾ അനവധിയാണ്. യഥാസമയത്തു തുറന്നു പ്രവർത്തനം നടത്തുന്നതിൽ പ്രദർശിപ്പിക്കുന്ന കൃത്യനിഷ്ഠയാണ് പ്രസ്ഥാനത്തിൽ പൊതുജനസഹകരണത്തിനും മതിപ്പിനുമുള്ള ഏകമാറ്റം. കൃത്യനിഷ്ഠ പാലിച്ചില്ലെങ്കിൽ നാം ചെയ്യുന്ന എല്ലാ ത്യാഗങ്ങളും നിഷ്പ്രയോജനമായിതീരുന്നതാണ്.

ഒരു സ്ഥലത്തുള്ള എല്ലാ വിഭാഗങ്ങളിലുമുള്ള ജനങ്ങളുടേയും സഹകരണം സമ്പാദിക്കുന്നതിലാണ് പ്രവർത്തകരുടെ സാമർത്ഥ്യം സ്ഥിതിചെയ്യുന്നതു്. പൊതുപ്രവർത്തനത്തിൽ വ്യക്തിപരമായ ശത്രുതയെപ്പോലും ഗണ്യമാക്കാതെ എല്ലാ ആളുകളേയും സഹകരിപ്പിക്കാൻ കഴിയുമെങ്കിൽ അതുതന്നെയാണ് പ്രവർത്തകരുടെ മഹത്തായ സേവനവും നേട്ടവും. അപ്രകാരമുള്ള പൊതുജനസഹകരണം നേടാൻ കഴിയുന്ന പ്രവർത്തകരുടെ സ്ഥാപനങ്ങൾക്ക് ഉദാരമായ പ്രോത്സാഹനങ്ങൾ ലഭിച്ചു വരുന്നുണ്ട്. തല്ക്കാല പരിതസ്ഥിതിയിൽ ഒരു കരയിൽ ഒന്നിൽ കൂടുതൽ ലൈബ്രറിയുടെ ആവശ്യം ഉണ്ടാകുന്നില്ല. മാത്സര്യങ്ങളുടേയും ദുർവാശികളുടേയും ഫലമായി അടുത്തടുത്തു് രൂപം പ്രാപിക്കുന്ന ലൈബ്രറികൾ പൊതുജനങ്ങളുടെ അവഹേളനത്തിന് പാത്രമായി തീർകതന്നെ ചെയ്യുന്നു. ലൈബ്രറികളുടെ നാമധേയം കഴിയുന്നതു ദേശനാമത്തോടുകൂടി പബ്ളിക്ക്ലൈബ്രറി എന്നു് ചേർക്കുന്നതു നന്നായിരിക്കും.

ഓരോ വായനശാലയും ഉത്സാഹികളും സേവനതല്പരരുമായ പ്രവർത്തകരെ കമ്മററിയിലേക്ക് തിരഞ്ഞെടുക്കുന്നപക്ഷം കുറഞ്ഞതു് 3 വർഷക്കാലമെങ്കിലും അങ്ങിനെയുള്ളവരുടെ സേവനം തുടർച്ചയായി ഉപയോഗിക്കേണ്ടതാണ്.

ഗ്രാൻറ്, പ്രോത്സാഹനാർഹമായി നൽകപ്പെടുന്ന ഒരു ചെറിയ പാരിതോഷികം മാത്രമാണ്. ഗ്രാൻറുതുകകൾ, പുതിയ പുസ്തകൾ വാങ്ങുന്നതിന് ഉപയോഗിക്കേണ്ടതു് ഗ്രന്ഥശാലയുടെ അഭിവൃദ്ധിക്ക് ആവശ്യമാണ്. അതു കമ്മററിയുടെ നിശ്ചയപ്രകാരം പുസ്തകലിസ്റ്റ് തയ്യാറാക്കി പുസ്തകം വാങ്ങേണ്ടതാണ്. ഇതിലേക്ക് ബുക്ക് സെലക്ഷൻ കമ്മററി തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകലിസ്റ്റ് നിങ്ങൾക്ക് സഹായകമായിരിക്കും. പുസ്തകം വാങ്ങുന്ന ബില്ലിൽ ഓരോ പുസ്തകത്തിന്റെ പേരിനും എതിരേ പുസ്തകസ്റ്റോക്കു രജിസ്റ്ററിൽ കൊടുക്കുന്ന നമ്പർ നോട്ടുചെയ്തു് ബില്ല്, ഫയിൽചെയ്യേണ്ടതാണ്. അപ്രകാരമുള്ളതിന്റെ ഒരു കോപ്പിയാണ് ഈ ആഫീസിലേക്ക് അയച്ചുതരേണ്ടതു്. ചുരുക്കം ചില ലൈബ്രറിക്കാർ ഗ്രാൻറുതുകക്ക് യഥാകാലം പുസ്തകം വാങ്ങാതെ വർഷാവസാന

ത്തിൽമാത്രം നിർബ്ബന്ധം കൊണ്ടു് പുസ്തകം വാങ്ങി ബിൽ അയച്ചിട്ടുണ്ടു്. ഇതു് ഒരു ശരിയായ നടപടി അല്ല. കാലാകാലത്തിൽ ഗ്രാൻറപേക്ഷയും ക്വാർട്ടർലി റിപ്പോർട്ടുകളും മററും അയയ്ക്കാതിരിക്കുകയും സംഘത്തിലേക്കുള്ള വരിസംഖ്യകൾ കുടിശ്ശിക വരുത്തുകയും, ആർഗനൈസിംഗ് ഇൻസ്പെക്ടർമാരുടെ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്താതിരിക്കുകയും മററും ചെയ്യുന്ന ഗ്രന്ഥശാലകൾ ശരിയായ പ്രോത്സാഹനം അർഹിക്കുന്നവയല്ല.

ആണ്ടുതോറും വാഷികസമ്മേളനങ്ങൾ നടത്തി സ്ഥാപനത്തെപ്പററി പൊതുജനങ്ങളുടെ ഇടയിൽ മതിപ്പു വർദ്ധിപ്പിക്കേണ്ടതും ആവശ്യമാണു്. കൂടാതെ കലാപ്രകടനങ്ങൾ, സാമൂഹ്യ വിദ്യാഭ്യാസപ്രവത്തനങ്ങൾ മുതലായവ നടത്തി ഗ്രന്ഥശാലകളെ ആകഷകവും കൂടുതൽ പ്രയോജനകരവും ആക്കേണ്ടതു് സ്ഥാപനത്തിൻെറ അഭിവൃദ്ധിയ്ക്കു അത്യന്താപേക്ഷിതമാണു്.

കുട്ടികളുടെ ഉപയോഗത്തിനുള്ള പുസ്തകങ്ങൾ ശേഖരിച്ചു ചിൽഡ്രൻസ് വിഭാഗം കൂടി ഏർപ്പെടുത്തുന്നതും സമുചിതമായിരിക്കും.

## പുസ്തകബില്ലു് അയയ്ക്കേണ്ട തീയതി

1952–53–ലെ ഗ്രാൻറു തുകയ്ക്കു പുസ്തകം വാങ്ങിയതിനുള്ള ഡ്യൂപ്ലിക്കേററ് ബില്ലുകൾ 1953 ഏപ്രിൽ 30–നകം അയച്ചിരിക്കണമെന്നു നിർദ്ദേശിച്ചിരുന്നു. എന്നാൽ വായനശാലകളുടെ സൗകര്യത്തെ ഉദ്ദേശിച്ചു് 1953 മെയ് അവസാനത്തിനകം ബില്ലയച്ചാൽ മതിയാകുമെന്നു കമ്മിററി തീരുമാനിച്ചിരിക്കുന്നു.

## 1953-54-ലെ ലൈബ്രറി ഗ്രാൻറിനെക്കുറിച്ചു്

1953–54–ലെ ലൈബ്രറി ഗ്രാൻറിനു് ജൂലൈ 15–ാം തീയതിയ്ക്കകം അപേക്ഷ സംഘം ആഫീസിൽ അയക്കേണ്ടതാണു്. ഗ്രാൻറിനു് അപേക്ഷിക്കാത്ത ഗ്രന്ഥശാലകൾക്കു് അക്കാരണത്താൽ ഗ്രാൻറു ലഭിക്കുന്നതിനുള്ള അവകാശം നഷ്ടപ്പെടുന്നതുമാണു്. 1952–53–ലെ ഗ്രാൻറു തുകക്കു പുസ്തകം വാങ്ങി ഡ്യൂപ്ലിക്കേററ് ബില്ലു് അയയ്ക്കാത്തവർ 1953 മേയ് അവസാനത്തിനകം അയച്ചു തരേണ്ടതാണു്. ഗ്രാൻറാപേക്ഷയുടെ മാതൃക അടുത്ത ലക്കം ഗ്രന്ഥാലോകത്തിൽ പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും.

## റൂറൽ ലൈബ്രറികളുടെ പ്രവത്തനം

റൂറൽ ലൈബ്രറികളിലെ പുസ്തകങ്ങളും ഉപകരണങ്ങളും ഏല്പിച്ച ലൈബ്രറികൾക്കു് ആ പുസ്തകങ്ങളെ ആധാരമാക്കി ഗ്രാൻറു വർദ്ധിപ്പിച്ചിട്ടില്ല.

റൂറൽ ലൈബ്രറികൾ ഏല്പിച്ചപ്പോൾ ചെയ്തിട്ടുള്ള വ്യവസ്ഥകളെല്ലാം പരിപാലിക്കുന്ന കാര്യം റൂറൽ ലൈബ്രറികൾ ഏറെറടുത്ത ലൈബ്രറിക്കാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. വ്യവസ്ഥകൾ അനുസരിച്ചു് സ്വന്തകെട്ടിടത്തിനുള്ള സൗകര്യം ഉണ്ടാക്കുക, പ്രവത്തനം അഭിവൃദ്ധിപ്പെടുത്തുക, റിപ്പോർട്ടുകളും സ്റ്റേറ്റുമെൻറുകളും യഥാകാലം അയയ്ക്കുക എന്നിവയാണു് അടിയന്തിരമായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

# നാഷനൽ ബുക്ക്സ്റ്റാൾ പ്രസിദ്ധീകരണങ്ങൾ

ഇതാ ഞങ്ങളുടെ സ്വന്തം പ്രസിദ്ധീകരണങ്ങളുടെ ഒരു പ്രത്യേകലിസ്റ്റ്. എൻ. ബി. എസ്സ്. ഗ്രന്ഥങ്ങൾ പ്രശസ്തഗ്രന്ഥകാരന്മാരുടേതാണെന്നു നിങ്ങൾക്കറിയാം. ഏററവും മനോഹരമായിരിക്കും അവയുടെ കെട്ടും മട്ടും എന്നും നിങ്ങൾ ധരിച്ചിട്ടുണ്ട്. അതേസമയം അവയുടെ വില താരതമ്യേന കുറവാണെന്നും ഓർമ്മിക്കുക. ഗ്രന്ഥശാലകൾ ലിസ്ററ തയ്യാറാക്കുമ്പോൾ ഒരൊററ എൻ. ബി. എസ്സ്. പ്രസിദ്ധീകരണവും വിട്ടുപോകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

## നോവലുകൾ

| | | | |
|---|---|---|---|
| അമ്മ (രണ്ടുഭാഗം)—മാക്സിംഗോർക്കി | 5 | 0 | 0 |
| അന്നയും കാറലും—ഇ. കെ. ദിവാകരൻപോററി | 1 | 0 | 0 |
| ഇരുപത്തൊന്നു ഭാര്യമാർ—പി. ജി. പിള്ള | 1 | 4 | 0 |
| ഉലക്ക—കേശവദേവ് | 0 | 12 | 0 |
| ഒരു രാത്രി—കേശവദേവ് | 0 | 6 | 0 |
| ഓടയിൽനിന്ന്—കേശവദേവ് | 1 | 4 | 0 |
| കഷണ്ടിസംഹാരി—പി. കെ. രാജരാജവർമ്മ | 2 | 0 | 0 |
| കഴുമരം—വിക്ടർയൂഗോ | 1 | 0 | 0 |
| കാർമെൻ—ഏ. ബാലകൃഷ്ണപിള്ള | 1 | 0 | 0 |
| കാമുകൻെറ പ്രതികാരം—ഡിററക്ടീവ് | 0 | 8 | 0 |
| ഗൂഢാലോചന — ഡിററക്ടീവ് | 1 | 0 | 0 |
| ഗ്രാമബാലിക—ലളിതാംബിക അന്തർജ്ജനം | 0 | 12 | 0 |
| ചോരയും കല്ലുകളും—കെ. ഏ. അബ്ബാസ് | 0 | 12 | 0 |
| ജനുവരി ഒമ്പതു്—മാക്സിംഗോർക്കി | 0 | 10 | 0 |
| ജീവിക്കുവാൻ മറന്നുപോയ സ്ത്രീ—വെട്ടൂർ | 1 | 0 | 0 |
| ഞങ്ങൾ സോവിയററ ജനങ്ങൾ—റഷ്യൻനോവൽ | 0 | 8 | 0 |
| താലപുഷ്ക്കരം—കുന്നത്തു് ജനാർദ്ദനമേനോൻ | 1 | 4 | 0 |
| തികഞ്ഞ പെണ്ണ്—ഈ. എം. കോവൂർ | 1 | 0 | 0 |
| തെണ്ടിവർഗ്ഗം—തകഴി | 1 | 0 | 0 |
| തോട്ടി—നാഗവള്ളി | 1 | 8 | 0 |
| ദുരന്തദൃശ്യങ്ങ—കൈനിക്കര കുമാരപിള്ള | 3 | 0 | 0 |
| നടി—കേശവദേവ് | 2 | 4 | 0 |

| | | | |
|---|---|---|---|
| നിലവറയിലെ അസ്ഥിപഞ്ജരം—ഡിററക്ടീവ് | 2 | 4 | 0 |
| ൻറുപ്പുപ്പാക്കൊരാനേണ്ടാർന്ന്— ബഷീർ | 2 | 0 | 0 |
| പഞ്ചുമേനവനും കുഞ്ചിയമ്മയും—(രണ്ടു ഭാഗം) പി. കെ. | 2 | 4 | 0 |
| പാപികൾ—പോഞ്ഞിക്കര റാഫി | 2 | 4 | 0 |
| പിശാചും മനുഷ്യനും—പി. എ. എ. ഖാദർ | 1 | 4 | 0 |
| പ്രേമഭാജനം—കെ. സരസ്വതിഅമ്മ | 1 | 0 | 0 |
| പ്രേമസാഗരം—ശരശ്ചന്ദ്രചാററർജി | 1 | 4 | 0 |
| ഫുട്ട്നോട്ട് — പോഞ്ഞിക്കരറാഫി | 0 | 8 | 0 |
| ബറബാസ്—മേരികോറെല്ലി | 2 | 4 | 0 |
| മരണത്തിൻെറ നിഴലിൽ—ബഷീർ | 1 | 0 | 0 |
| മരണത്തിൻെറ പരാജയം—കെ. എ. അബ്ബാസ് | 1 | 0 | 0 |
| മായാലോകം (ഡിററക്ടീവ്) | 3 | 0 | 0 |
| മുച്ചീട്ടുകളിക്കാരൻെറ മകൾ—ബഷീർ | 0 | 6 | 0 |
| മോഹനവല്ലി—കെ. ഭാരതിഅമ്മ | 1 | 8 | 0 |
| രണ്ടു ലോകം—നാഗവള്ളി | 1 | 4 | 0 |
| രക്തംകുടിച്ച മോതിരം—ഡിററക്ടീവ് | 1 | 0 | 0 |
| രാഗപ്രഭ—കുഞ്ഞൻ തൈക്കാടവിൽ | 1 | 0 | 0 |
| രാജ്യദ്രോഹി—യശ്പാൽ | 3 | 0 | 0 |
| ലളിത—കെ. ജി. വറുഗീസ് | 1 | 8 | 0 |
| വിഷകന്യക—പൊററക്കാട്ട് | 3 | 0 | 0 |
| വിലാസകുമാരി — പള്ളത്തു് രാമൻ | 1 | 4 | 0 |
| വീരവനിത—കെ. കെ. ശിവദാസനുണ്ണി | 1 | 8 | 0 |
| വെറുംകോവിൽ—ഖാണ്ഡേക്കർ | 2 | 0 | 0 |
| വെള്ളിത്തിര—പി. കെ. കുരുവിള | 1 | 4 | 0 |
| സുമതി—ശരശ്ചന്ദ്രചാററർജി | 0 | 8 | 0 |

## ചെറുകഥകൾ

| | | | |
|---|---|---|---|
| അണിയറ—പൊൻകുന്നം വർക്കി | 1 | 0 | 0 |
| അന്തരംഗം—വെട്ടൂർ രാമൻനായർ | 1 | 4 | 0 |
| അസ്ട്രോളജർ—കാരൂർ | 1 | 0 | 0 |
| അമ്മവീട്ട്—കെ. എം. തേവര | 1 | 0 | 0 |
| അപ്പന്റെ അന്തകൻ—റാഫി | 0 | 12 | 0 |
| ഇങ്ക്വിലാബ്—തകഴി | 1 | 0 | 0 |
| ഇററലിയിലെ കഥകൾ—മാക്സിംഗോർക്കി | 1 | 4 | 0 |
| ഒഴിവുകാലം—റാഫി | 1 | 4 | 0 |
| ഒരു പിടിമണ്ണ്—കാരൂർ | 1 | 4 | 0 |
| ഒമ്പതു ഫ്രഞ്ചുകഥകൾ—എം. ബാലകൃഷ്ണപിള്ള | 1 | 8 | 0 |
| കനത്തമതിൽ—കെ. സരസ്വതിഅമ്മ | 1 | 4 | 0 |
| കഥയല്ല—കാരൂർ | 1 | 0 | 0 |
| കറുത്ത ഏടുകൾ—കെ. വി. തോമസ് | 1 | 0 | 0 |
| കാമുകന്റെ കത്ത്—കേശവദേവ് | 0 | 10 | 0 |
| കാരൂർ കഥകൾ—കാരൂർ | 1 | 4 | 0 |
| കിളിവാതിലിലൂടെ—അന്തർജ്ജനം | 1 | 0 | 0 |
| കുററവിസ്താരകഥകൾ വി. മാധവൻനായർ | 1 | 8 | 0 |
| കുമ്പെടുക്കുന്ന മണ്ണ്—പി. സി. കുട്ടികൃഷ്ണൻ | 1 | 8 | 0 |
| കൊടുംകാററിൽനിന്നു—അന്തർജ്ജനം | 1 | 4 | 0 |
| ഗൃഹനായിക—കാരൂർ | 1 | 0 | 0 |
| ചിരിക്കുന്ന കാട്ടാറ്—മേരീജാൺ | 1 | 0 | 0 |
| ചുവന്ന കഥകൾ—മാക്സിംഗോർക്കി | 0 | 12 | 0 |
| ചുമട്ടുകാരന്റെ പെണ്ണ്—പുളിമൂട്ടിൽ | 1 | 4 | 0 |
| ജ്വാലയും പൂവും—കൃഷൻചന്ദർ | 1 | 8 | 0 |
| ഡെമോക്രസി—പൊൻകുന്നംവർക്കി | 2 | 4 | 0 |
| തകന്ന തലമുറ—അന്തർജ്ജനം | 1 | 4 | 0 |
| തകഴിയുടെ കഥകൾ—തകഴി ശിവശങ്കരപ്പിള്ള | 1 | 4 | 0 |
| തേക്കുപാട്ട്—കാരൂർ | 1 | 8 | 0 |
| തൊപ്പിയും തട്ടവും—എൻ. പി. മുഹമ്മദ് | 1 | 0 | 0 |
| നാളത്തെ ലോകം—കമുകറ | 0 | 12 | 0 |
| നാം കാടന്മാരാണ്—കൃഷൻചന്ദർ | 1 | 0 | 0 |
| നിവേദനം—പൊൻകുന്നംവർക്കി | 1 | 4 | 0 |
| നീലമല—പി. സി. കുട്ടികൃഷ്ണൻ | 1 | 0 | 0 |
| പാവപ്പെട്ടവരുടെ വേശ്യ—ബഷീർ | 1 | 0 | 0 |
| പാറകളുടെ സംഗീതം—വെട്ടൂർ | 1 | 8 | 0 |
| പുതിയ പ്ലാൻ—സി. അച്ച്യുതക്കുറുപ്പ് | 0 | 12 | 0 |
| പൂവമ്പഴം—കാരൂർ | 1 | 4 | 0 |
| പെൺബുദ്ധി—കെ. സരസ്വതിഅമ്മ | 1 | 8 | 0 |
| ഭടന്റെ സ്വപ്നം—വെട്ടൂർ | 1 | 4 | 0 |
| മലരും മണവും—ആർ. മാധവൻനായർ | 1 | 0 | 0 |
| മറനീക്കൽ—ഇ. എം. കോവൂർ | 1 | 8 | 0 |
| മഞ്ഞപ്പിത്തം—കൃഷ്ണൻചന്ദർ | 1 | 0 | 0 |
| മഴക്കാറുകൾ—മുട്ടത്തുവർക്കി | 1 | 0 | 0 |
| മിന്നൽക്കൊടി—കെ. എം. തേവര | 1 | 0 | 0 |
| മീൻകാരി—കാരൂർ | 1 | 4 | 0 |
| മേൽവിലാസം—കാരൂർ | 1 | 0 | 0 |
| യമന്റെ മുമ്പിൽ—ഇ. എം. കോവൂർ | 1 | 8 | 0 |
| രണ്ടു ദിവസം—വെട്ടൂർ | 1 | 4 | 0 |
| രാജമല്ലി—എസ്സ്. കെ. പൊററക്കാട്ട് | 2 | 8 | 0 |
| വിഡ്ഢികളുടെ സ്വർഗ്ഗം—ബഷീർ | 1 | 4 | 0 |
| വിവാഹസമ്മാനം—കെ. സരസ്വതിയമ്മ | 1 | 4 | 0 |
| വിശപ്പും ദാഹവും—വെട്ടൂർ | 1 | 4 | 0 |
| ശിഥിലഹൃദയം—ചങ്ങമ്പുഴ കൃഷ്ണപിള്ള | 1 | 0 | 0 |
| സ്നേഹവും സൌന്ദര്യവും—എം. കെ. ബാലകൃഷ്ണപിള്ള | 1 | 0 | 0 |
| ഹൃദയം—വെള്ളായണി | 1 | 0 | 0 |
| റാണിയുടെ പട്ടി—എം. ഗോവിന്ദൻ | 1 | 8 | 0 |

## നാടകങ്ങൾ

| | | | |
|---|---|---|---|
| അഗ്നിപഞ്ജരം—കൈനിക്കര പത്മനാഭപിള്ള | 1 | 0 | 0 |
| അവൻ വീണ്ടും വരുന്നു—സി. ജെ. തോമസ് | 1 | 0 | 0 |
| അനുരഞ്ജനം—എൻ. കൃഷ്ണപിള്ള | 1 | 8 | 0 |
| അപ്പുപ്പൻ—കാരൂർ | 0 | 10 | 0 |
| അനശ്വരതയിലേക്കുള്ള ക്ഷണം—അബ്ബാസ് | 0 | 8 | 0 |
| ഇരുട്ടിനു മുമ്പ്—ജി. ശങ്കരക്കുറുപ്പ് | 0 | 8 | 0 |
| കാൽവറിയിലെ കല്പപാദപം—കൈനിക്കര | 1 | 12 | 0 |
| കൂട്ടുകൃഷി—ഇടശ്ശേരി ഗോവിന്ദൻനായർ | 1 | 4 | 0 |
| ജനദ്രോഹി—ടി. എൻ. ഗോപിനാഥൻനായർ | 1 | 4 | 0 |
| ജേതാക്കൾ—പൊൻകുന്നം വർക്കി | 1 | 8 | 0 |
| തപ്തബാഷ്പം—കെ. രാമകൃഷ്ണപിള്ള | 1 | 8 | 0 |
| നാളത്തെ നാടകം (ഇന്നത്തെ വനിത) മാടശ്ശേരി | 0 | 8 | 0 |
| പാട്ടബാക്കി—കെ. ദാമോദരൻ | 0 | 12 | 0 |
| പിന്തിരിപ്പൻപ്രസ്ഥാനം (വിനോദനാടകം) ടി. എൻ. | 0 | 12 | 0 |
| പ്രധാനമന്ത്രി—പി. കേശവദേവ് | 1 | 0 | 0 |
| പ്രേമവിപ്ലവം—പൊൻകുന്നം വർക്കി | 1 | 0 | 0 |

പ്രേമപരിണാമം—കൈനിക്കര കുമാരപിള്ള 0 10 0

ബലാബലം—എൻ. കൃഷ്ണപിള്ള 1 4 0

ബലി—കെ. സുരേന്ദ്രൻ 1 4 0

മണിമംഗലം—കൈനിക്കര കുമാരപിള്ള 1 12 0

മിസ്റ്റർ കൊമ്പത്ത് (വിനോദനാടകം)—മീശാൻ 1 8 0

മോഹവും മുക്തിയും—കൈനിക്കര 1 12 0

വേലുത്തമ്പിദളവാ—കൈനിക്കര പത്മനാഭപിള്ള 1 12 0

സ്ഥാനാർത്ഥികൾ—വള്ളംകുളം പി. ജി. പിള്ള 1 0 0

ഹനേലെ (ജർമ്മൻനാടകം) ചങ്ങമ്പുഴ 1 8 0

## നിരൂപണങ്ങളും പ്രബന്ധങ്ങളും

ആധുനികസാഹിത്യം—എസ്. ഗുപ്തൻനായർ. 1 8 0

ഉയരുന്ന യവനിക—(നാടകശാസ്ത്രം)—സി. ജെ. തോമ്മസ് 1 8 0

കാളിദാസൻ (ഒരു പഠനം)—വടക്കുംകൂർ 1 8 0

കുഞ്ചൻെറശേഷം (സാഹിത്യചരിത്രം)—മാടശ്ശേരി 5 0 0

കൈവിളക്ക്—കുട്ടികൃഷ്ണമാരാര് 1 8 0

ദളങ്ങൾ—പരീക്ഷിത്തു തമ്പുരാൻ 0 12 0

നോവൽസാഹിത്യം—എം. പി. പോൾ 2 4 0

പ്രബന്ധചന്ദ്രിക—ഡാ. കെ. എം. ജോർജ്ജ് 1 8 0

പൂവും കായും (3 ഭാഗങ്ങൾ) ഫാദർ സി. കെ. മററം 3 12 0

മുന്തിരിച്ചാറ്—ഡാ കെ. എം. ജോർജ്ജ് 1 4 0

പുരോഗമനസാഹിത്യം എന്തിന്—(പ്രസംഗങ്ങൾ) 1 4 0

വിലയിരുത്തൽ—സി. ജെ. തോമ്മസ് 1 4 0

വിചാരകൗതുകം—ഡാ. കെ. എം. ജോർജ്ജ് 1 8 0

ശ്രീശങ്കരാചാര്യർ (ഒരു പഠനം)—വടക്കുംകൂർ 1 8 0

സംസ്കാരകേദാരം - ഡാ. എസ്. കെ. നായർ 1 12 0

സാഹിതീയം—കുററിപ്പുഴ കൃഷ്ണപിള്ള 1 8 0

സാഹിത്യദർശനം - ഈ. കെ. നാരായണൻപോററി 1 8 0

സാഹിത്യചർച്ച—പവനൻ 0 12 0

ഇടിമുഴക്കം (ഗദ്യകവിത)—വി. വി. കെ. വാലത്ത് 1 0 0

തിരുമുൽക്കാഴ്ച " —പൊൻകുന്നം വർക്കി 1 8 0

## ശാസ്ത്രങ്ങൾ

കന്നുകാലിസംരക്ഷണം—എസ്. എം. പിള്ള 0 12 0

കോഴിവളർത്തൽ—കെ. ഡൊമിനിക്ക് ചെറിയാൻ 1 4 0

കൃഷിതത്വങ്ങൾ—എസ്. ഏ. പിള്ള 1 0 0

ചലച്ചിത്രകല—നാഗവള്ളി 1 0 0

ജനനനിയന്ത്രണം—ഡാ. സി. ആർ. നാരായണൻ 3 0 0

മന്ത്രവാദവും മതവും—സർ. ജെ. ജി. ഫ്റേസർ 3 0 0

ശാസ്ത്രദീപ്തി—എം. ബാലരാമമേനോൻ 1 4 0

## രാഷ്ട്രീയകൃതികൾ

അന്വേഷണത്തിൻെറ ആരംഭം—എം. ഗോവിന്ദൻ 2 0 0

ഗ്രാമോദ്ധാരണം—എൽ. എം. തോമസ് 1 4 0

ചൈനയിലെ വിപ്ലവം—കെ. ദാമോദരൻ 2 4 0

പഞ്ചായത്തുകൾ—ആർ കേശവൻനായർ 1 4 0

വിപ്ലവത്തിൻെറ മാറ്റം—ആചാര്യകൃപലാനി 1 0 0

സോവിയററനാട്—സി. അച്യുതമേനോൻ 4 0 0

സോഷ്യലിസം – സി. ജെ. തോമ്മസ് 0 12 0

സോഷ്യലിസവും ജയപ്രകാശും—ബാലൻ 0 8 0

സോഷ്യലിസത്തിലേക്ക് ഒരെത്തിനോട്ടം—നാഗവള്ളി 0 12 0

## ഹാസ്യസാഹിത്യം

എലിവാണം—ഡീ സീ 1 4 0

കറപ്പും വെളുപ്പും—ഡീ സീ 1 0 0

കാററുപിടിച്ച തോണി—കോവൂർ 1 4 0

കുററിച്ചൂൽ—ഡീ സീ 1 0 0

ഗോപീവിലാസം—ഗോപി 1 4 0

പുലിവാല്—ആർട്ടിസ്റ്റ് 1 0 0

മുള്ളുകൾ—ആനന്ദക്കുട്ടൻ 1 4 0

ലഘുഭക്ഷണം—രാജരാജവർമ്മ 1 4 0

ലാത്തിച്ചാർജ്ജ്—ആർട്ടിസ്റ്റ് 1 4 0

ഹാസ്യവിലാസം (തുള്ളൽ)—ഷെപ്പ് 1 0 0

നാഷനൽ ബുക്ക്സ്റ്റാൾ

**POST BOX 40 :: KOTTAYAM**

# തിരു-കൊച്ചി ഗ്രന്ഥശാലാസംഘപ്രവർത്തനത്തെപ്പററി
## പ്രൊഫസർ ഹുമയൂൺകബീറിൻെറ അഭിനന്ദനം

ഇൻഡ്യാഗവർമ്മെൻറ് എഡ്യൂക്കേഷൻവകുപ്പു ഡെപ്യൂട്ടിസെക്രട്ടറി പ്രൊ: ഹുമയൂൺകബീർ തിരു-കൊച്ചി ഗ്രന്ഥശാലാസംഘം ആഫീസ് സന്ദർശിക്കുകയും സംഘപ്രവർത്തനത്തെപ്പററിയുള്ള വിവരങ്ങൾ വിശദമായി മനസ്സിലാക്കി അഭിനന്ദനം രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ലൈബ്രറി സർവ്വീസ് സാർവ്വത്രികമാക്കുന്നതിനും പരിഷ്കൃതരീതിയിൽ പുസ്തകവിതരണം നടത്തുന്നതിനും ബുക്കുവാനും പ്രൊജക്ററും ആവശ്യമാണെന്നും അതിനു കേന്ദ്ര ഗവർമ്മെൻറിനോടു സഹായധനത്തിനു അപേക്ഷിച്ചിട്ടുണ്ടെന്നുമുള്ള വിവരവും അദ്ദേഹത്തെ തദവസരത്തിൽ അനുസ്മരിപ്പിക്കയുണ്ടായി.

---

## തിരു-കൊച്ചി ഗ്രന്ഥശാലാസംഘം രണ്ടാമത്തു ഭരണസമിതി യോഗം

പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുടെ രണ്ടാമത്തുയോഗം 1953 മാർച്ചു 22-ാം തീയതി വൈകിട്ടു 6 മണിക്കു സംഘം ആഫീസിൽവച്ചു കൂടി. ചുവടെ വിവരിക്കുന്നപ്രകാരം ഉദ്യോഗസ്ഥാംഗങ്ങളെ തെരഞ്ഞെടുത്തു.

പ്രസിഡൻറ് ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ

വൈസ്പ്രസിഡൻറന്മാർ ശ്രീ. കെ. എം. അഗസ്റ്റിൻ, ശ്രീ. ഏ. അച്യുതൻ.

ജനറൽസെക്രട്ടറി ശ്രീ. പി. എൻ. പണിക്കർ.

ജോയിൻറുസെക്രട്ടറി ശ്രീ. എം തോമ്മസ്.

ട്രഷറർ ശ്രീ. എം. എം. ജോൺ.

മേൽപ്പറഞ്ഞ ആറുപേരും മെസ്സേഴ്സ്: എൻ. പി. വറുഗീസ്, വെട്ടൂർ രാമൻനായർ കെ. ചന്ദ്രശേഖരൻനായർ എന്നിവരും ഉൾപ്പെട്ട ഒരു എക്സിക്യൂട്ടീവ് കമ്മിററി രൂപീകരിച്ചു.

---

## പുതിയപ്രവർത്തകസമിതിയുടെ ഒന്നാമത്തുയോഗം

1953 മാർച്ചു 24-ാം തീയതി വൈകിട്ടു 6 മണിക്കു സംഘം ആഫീസിൽ വച്ചു സ്ഥിരം പ്രസിഡൻറ് ശ്രീ. പനമ്പിള്ളിഗോവിന്ദമേനോൻെറ അദ്ധ്യക്ഷതയിൽ കൂടി. ഗ്രന്ഥാലോകം മാസികയുടെ നടത്തിപ്പു, ഓർഗനൈസിംഗ് പ്രവർത്തനം പുന:സംഘടിപ്പിക്കുക മുതലായവയെപ്പററി ചർച്ചചെയ്യുകയും, പുതിയ സ്കീം നടപ്പിൽ വരുന്നതുവരെ മൂന്നുമാസത്തേക്കുകൂടി ഓർഗനൈസിംഗ് ഇൻസ്പെക്ടറന്മാരുടെ ഉദ്യോഗകാലാവധി നീട്ടികൊടുക്കുന്നതിനു തീരുമാനിക്കുകയും ചെയ്തു.

---

## രണ്ടാമത്തു പ്രവർത്തക സമിതിയോഗം

29-4-53-ൽ പ്രവർത്തകസമിതിയുടെ ഒരു യോഗം ശ്രീ. കെ. എം. അഗസ്റ്റിൻെറ അദ്ധ്യക്ഷതയിൽകൂടി.

1952-53-ലെ ആഡിററു ചെയ്ത കണക്കു അംഗീകരിച്ചു. 1952-53 ലെ വാർഷിക റിപ്പോർട്ടും 1953-54-ലെ ബഡ്ജററും ചർച്ചകൾക്കുശേഷം ഭേദഗതികളോടുകൂടി അംഗീകരിച്ചു.

1952-53-ലെ ഗ്രാൻറു തുകയ്ക്കു പുസ്തകം വാങ്ങി ഡ്യൂപ്ലിക്കേററ് ബില്ലയയ്ക്കേണ്ട തീയതി 1953 മെയ് അവസാനംവരെ നീട്ടുകയുണ്ടായി.

ഗ്രന്ഥാലോകം മാസികയുടെ ഒരു വാർഷികപ്പതിപ്പു പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നു നിശ്ചയിച്ചു.

ഗ്രന്ഥനിരീക്ഷണം

## ചൈന മുന്നോട്ട്

ഗ്രന്ഥകർത്താ:—പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി

രാഷ്ട്രീയമായി സ്വാതന്ത്ര്യം കിട്ടിയതിനു ശേഷം സാമ്പത്തികമായും സാംസ്കാരികമായും മുന്നേറുവാൻ വെമ്പിക്കൊണ്ടിരിക്കുന്ന നാം നമ്മേപ്പോലെ ആ മഹാ ശ്രമത്തിലേർപ്പെട്ടിരിക്കുന്ന അന്യരാജ്യങ്ങളുടെ വിജയാപജയങ്ങളെക്കുറിച്ച് പഠിക്കുന്നതു നന്നായിരിക്കും. നമ്മുടെ തൊട്ടുകിടക്കുന്നതും നമ്മെപ്പോലെതന്നെ ഒരു പ്രാചീന സംസ്കാരത്തിൽ അഭിമാനിക്കുന്നതും നമ്മുടേതുപോലുള്ള അവശതകൾ ഉണ്ടായിരുന്നതുമായ ഒരു മഹാരാജ്യമാണ് ചൈന. രാഷ്ട്രീയമായി വിമോചനം നേടിയതിനുശേഷം രണ്ടു മൂന്നു കൊല്ലംകൊണ്ടു ചൈന പൊതുജനക്ഷേമകരങ്ങളായ പല നല്ല കാര്യങ്ങളും ചെയ്തുകഴിഞ്ഞു എന്നു കേൾക്കുന്നു. എന്തെല്ലാമാണ് അവിടെ നടന്നതു്, അതിന്നവിടെ കൈക്കൊള്ളപ്പെട്ട പദ്ധതികൾ എന്തെല്ലാമാണ് എന്നീചോദ്യങ്ങൾക്ക്, അവിടെപോയി കാണുകയും, പഠിക്കുകയും ചെയ്ത ഒരാളുടെ അനുഭവത്തെ മുൻനിർത്തി മറുപടിപറയുവാൻ-പ്രൊഫസർ മുണ്ടശ്ശേരി ശ്രമിച്ചതിന്റെ ഫലമാണ്, 'ചൈന മുന്നോട്ട്' എന്ന പുതിയ പുസ്തകം. ഒരു നോവൽപോലെ വായിക്കാവുന്ന വിധത്തിലാണ് പുസ്തകം എഴുതിയിട്ടുള്ളതു്. പേജ് മുന്നൂറോളമുണ്ട്. ഇരുപത്തിയാറു നല്ല ചിത്രങ്ങളും. വില മൂന്നു. ക യേ ഉള്ളൂ. കോട്ടയം നാഷണൽ ബുക്ക്സ്റ്റാളിലോ, തൃശ്ശൂർ മംഗളോദയം ബുക്ക്സ്റ്റാളിലോ ആവശ്യപ്പെട്ടാൽ കിട്ടും.

വെറുമൊരു യാത്രാവിവരണമാണു ഈ പുസ്തകമെന്ന് ധരിച്ചുപോകരുതു്. രാഷ്ട്രീയവും സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവുമായി കുറെ സംഗതികൾ ഉൾക്കൊള്ളിച്ചെഴുതിയിട്ടുള്ള ഈ പുസ്തകം ആക്കായാലും ഒരു നല്ല നേട്ടമായിരിക്കും—

എൻ. പി.

## ഭാസ്കരാകലണ്ടർ

61 വർഷം.

[ആർ. കെ. തിരുമുല്പാട്ട് തെക്കേ കോവിലകം, മതിൽഭാഗം, തിരുവല്ലാ.

123 പുറം, വില 1 രൂ 4 ണ.

ഇക്കഴിഞ്ഞ 61 വർഷക്കാലത്തെ ഇംഗ്ലീഷു മലയാളം തീയതികളും വാരങ്ങളും കലത്തി എഴു

## ഭരണസമിതിയോഗം

ഭരണസമിതിയുടെ ഒരു യോഗം 30-4-53-ൽ ശ്രീ. എ. അച്ചുതൻ എം. എൽ. എ. യുടെ അദ്ധ്യക്ഷതയിൽകൂടി.

1952-53 ലെ വരവു ചെലവു കണക്കു അംഗീകരിച്ചു. 1952-53-ലെ വാഷികറിപ്പോർട്ടും 1953-54-ലെ ബഡ്ജററും പരിശോധിച്ച് അവശ്യമായ ഭേദഗതികളോടുകൂടി അംഗീകരിച്ചു.

ഭരണസമിതിയിലെ അംഗത്വവും ഗ്രന്ഥാലോകം പത്രാധിപസ്ഥാനവും രാജിവച്ചുകൊണ്ട് ശ്രീ. സി. നാരായണപിള്ള അയച്ച കത്തിനെ അടിസ്ഥാനമാക്കി രാജി അംഗീകരിക്കുന്നതിനും ഭരണസമിതി അംഗം മാസികാ പത്രാധിപർ എന്നീ നിലകളിൽ അദ്ദേഹം അനുഷ്ഠിച്ചിട്ടുള്ള സേവനങ്ങളിൽ കൃതജ്ഞത രേഖപ്പെടുത്തുന്നതിനും തീരുമാനിച്ചു.

സെൻട്രൽ ലൈബ്രറികളിൽ വാങ്ങേണ്ട പുസ്തകങ്ങളെപ്പററി—പ്രത്യേകിച്ച് ഇംഗ്ലീഷ് പുസ്തകങ്ങളെ സംബന്ധിച്ച് സ്വീകരിക്കേണ്ട മാനദണ്ഡത്തെപ്പററിയും, ഗ്രന്ഥാലോകം മാസികയുടെ ഉള്ളടക്കത്തിൽ വരുത്തേണ്ട മാററങ്ങളെപ്പററിയും, സംഘത്തിന്റെ ജനകീയസ്വഭാവം നഷ്ടപ്പെടാത്ത വിധത്തിൽ ഒരു സ്റ്റാററ്യൂട്ടറിപ്രൊവിഷൻ ഉണ്ടാക്കേണ്ടതിന്റെ ആശാസ്യതയെക്കുറിച്ചും കമ്മിററി പര്യാലോചിക്കുകയുണ്ടായി.

# ഗ്രന്ഥശാലാവാർത്തകൾ

## ശങ്കരവിലാസം ലൈബ്രറി, ചെങ്ങന്നൂർ

പ്രസ്തുത ഗ്രന്ഥശാലയുടെ ഒരു പൊതുയോഗം ഏപ്രിൽ 5-ാംതീയതി ശ്രീ. സി. കെ. നാരായണപിള്ള ബി. എ. ബി. എൽ-ൻെറ അദ്ധ്യക്ഷതയിൽക്കൂടി. ശ്രീ. സി. കെ. നാരായണപിള്ള ബി. എ. ബി. എൽ. പ്രസിഡൻറായും, എൻ. നാണുപിള്ള സെക്രട്ടറിയായും ഏഴുപേരുൾപ്പെട്ട ഒരു ഭരണസമിതിയെ തെരഞ്ഞെടുത്തു.

പുതിയ പുസ്തകങ്ങൾ തെരഞ്ഞെടുത്തു വാങ്ങുന്നതിലേയ്ക്കു സെക്രട്ടറി കൺവീനറായി ഒരു കമ്മിററിയേയും രൂപീകരിച്ചു.

## ദി പീപ്പിൾസ് ലൈബ്രറി, തീക്കോയി

ഈ ഗ്രന്ഥശാലയുടെ ഒരു പൊതുയോഗം മാർച്ച് 28-ാംതീയതി കൂടി. ശ്രീ. ജാൺസൺ ജെ. വള്ളിക്കാപ്പൻ ബി. എ. പ്രസിഡൻറായും, ററി. എസ്സ്, അഗസ്റ്റിൻ ബി. എ. വൈസ് പ്രസിഡൻറായും, ററി. പി. ചെറിയാൻ ഖജാൻജിയായും, ററി. എസ്സ്. ജാർജ് സെക്രട്ടറിയായും ഉള്ള ഒരു കമ്മിററിയെ തെരഞ്ഞെടുത്തു.

## ശ്രീ അവിട്ടംതിരുനാൾ ഗ്രന്ഥശാല, കുരിയാത്തി

പ്രസ്തുത ഗ്രന്ഥശാലയുടെ 12-ാമതു വാർഷിക സമ്മേളനം ഏപ്രിൽ 5-ാംതീയതി ശ്രീ. എസ്സ്. വൈദ്യനാഥയ്യരുടെ അദ്ധ്യക്ഷതയിൽ നടത്തി. ദൈവജ്ഞചൂഡാമണി ശ്രീ. എൻ. കെ. കൃഷ്ണപിള്ള സദസ്സിനു സ്വാഗതം ആശംസിച്ചു. ഗ്രന്ഥശാലാസംഘം ജനറൽ സെക്രട്ടറി ശ്രീ. പി. എൻ. പണിക്കർ, ശ്രീ. ററി. എൻ. ഗോപിനാഥൻനായർ എന്നിവർ പ്രസംഗിക്കുകയുണ്ടായി.

അന്നുരാവിലെ ഗ്രന്ഥശാലാംഗങ്ങളുടെ പൊതുയോഗവും രാത്രി യുണൈറഡ് സ്റ്റേററ്സ് ഇൻഫർമേഷൻ ലൈബ്രറിക്കാരുടെ സിനിമാപ്രദർശനവും ഉണ്ടായിരുന്നു.

---

തിയിട്ടുള്ള ഈ കലണ്ടർ ഇക്കാലത്തെ സ്ഥിതിക്കു് ഓരോ ഭവനത്തിലും സൂക്ഷിക്കേണ്ടതു് അത്യാവശ്യമായി വന്നിരിക്കുകയാണു്. പൊന്നിൻചിങ്ങമാസത്തോടെ ആരംഭിക്കുന്ന മലയാളമാസങ്ങളുടെ സ്ഥാനത്തു് ബലാല്ക്കാരമായി ജാനുവരിതുടങ്ങിയ ഇംഗ്ലീഷുമാസങ്ങൾ പ്രവേശിച്ചു നമ്മളെ ഭരിക്കുന്ന ഈ കാലഘട്ടത്തിൽ അതിനെ വകവച്ചുകൊടുക്കാൻ നിർബന്ധിതരായിത്തീർന്നിരിക്കെ, ഓരോ മലയാളം തീയതിക്കു തുല്യമായ ഇംഗ്ലീഷ്മാസത്തിലെ തീയതികൾ അറിഞ്ഞിരിക്കേണ്ടതു് അത്യന്താപേക്ഷിതം തന്നെ. ഏററവും കുറഞ്ഞവിലക്കു് സൗകര്യപ്രദമായി ശ്രീ. തിരുമല്ലാട്ട ഈ കലണ്ടർ തയാറാക്കി എന്നുള്ളതാണു് ഇതിൻെറ മെച്ചം. കേരളത്തിലെ 15 ലക്ഷം ഭവനത്തിലും ഇതിൻെറ ഓരോപ്രതി വാങ്ങി സൂക്ഷിക്കുക എന്നതു സാദ്ധ്യമല്ലെങ്കിലും, എല്ലാ പാഠശാലകളിലും, വായനശാലകളിലും ഓരോപ്രതി അവശ്യം സൂക്ഷിക്കേണ്ടതുതന്നെ. കച്ചവടക്കാർ, വക്കീലന്മാർ, സംഘപ്രവർത്തകന്മാർ, കണക്കെഴുത്തുകാർ, വക്കീൽ ഗുമസ്തന്മാർ, ബാങ്കുപ്രവർത്തകന്മാർ, ചിട്ടിമുതലാളന്മാർ ആദിയായവരുടെ കൈകളിൽ അവശ്യം ഉണ്ടായിരിക്കേണ്ട ഭാസ്സുരാ കലണ്ടറിൻെറ നിർമ്മാണത്തിൽ ശ്രീ. തിരുമല്ലാടിനെ ഹാർദ്ദമായി അഭിനന്ദിക്കുന്നു.

വി. പി.

## ഗാന്ധിമെമ്മോറിയൽ ലൈബ്രറി, കരുമാലൂർ

ഈ ഗ്രന്ഥശാലയുടെ നാലാമതു വാഷികപൊതുയോഗം ഏപ്രിൽ 12-ാം തീയതി ശ്രീ. ടി. കെ. പരമേശ്വരൻ പിള്ളയുടെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ. ടി. കെ. പരമേശ്വരൻപിള്ള പ്രസിഡൻറായും പി. പി. ഗോവിന്ദപ്പിള്ള സെക്രട്ടറിയായും 7 പേരുൾപ്പെട്ട ഒരു കമ്മിററിയെ തെരഞ്ഞെടുത്തു.

## തിലക് ക്ലാബ്ബ് & ഫ്രീ റീഡിംഗ് റൂം, തൃക്കണാർവട്ടം

ഈ ഗ്രന്ഥശാലയുടെ ഒരു വിശേഷാൽ പൊതുയോഗം ഏപ്രിൽ 12-ാം തീയതി ശ്രീ. ബി. കെ. കാത്തികേയൻെറ അദ്ധ്യക്ഷതയിൽകൂടി. ശ്രീ. എൻ. വിശ്വനാഥൻ പ്രസിഡൻറായും എം. രവീന്ദ്രൻ വൈസ് പ്രസിഡൻറായും പി. കെ. കരുണൻ സെക്രട്ടറിയായും കെ. ഏ. വിജയൻ ജോയിൻറ് സെക്രട്ടറിയായും ബി. കെ. കാത്തികേയൻ ട്രഷററായും, 13 പേരുൾപ്പെട്ട ഒരു കമ്മിററിയെ തെരഞ്ഞെടുത്തു.

## വിളവംകോട്ട് താലൂക്കയൂണിയൻ

താലൂക്കയൂണിയൻെറ ഒരു പ്രചാരണ യോഗം മാർച്ച് 8-ാംതീയതി ചെമ്മൻകാലായൂണിയൻ ലൈബ്രറി വളപ്പിൽവച്ച് പ്രസിഡൻറ ശ്രീ. എം. ഏ. ഉബൈദുള്ള ബി. ഏ. ബി. ററി. യുടെ അദ്ധ്യക്ഷതയിൽകൂടി. ശ്രീ. എം. കൃഷ്ണൻനായർ ബി. ഏ., ററി., കുമാരൻ തമ്പി ബി. എസ്സ്സി. പി. വാസുദേവൻപിള്ള, പി. ജോൺറോസ് എന്നിവർ പ്രസംഗിക്കുകയുണ്ടായി. യോഗത്തിൽ ചെമ്മൺകാലാകലാസമിതിയുടെ കലാപ്രകടനങ്ങളും ഇടയ്ക്കിടെ ഉണ്ടായിരുന്നു.

അന്നുതന്നെ ചെമ്മൺകാലായൂണിയൻ ലൈബ്രറിയുടെ പുനഃപ്രവത്തനത്തിനുവേണ്ടി യൂണിയൻ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടുകയും ഒരു കമ്മിററിയെ തെരഞ്ഞെടുക്കുകയും ചെയ്തു.

## പബ്ളിക് ലൈബ്രറി, ചിറക്കടവ്

ഈ വായനശാലയുടെ ഒരു പൊതുയോഗം ഏപ്രിൽ 12-ാം തീയതി ശ്രീ. പി. ആർ. കൊച്ചുരാമൻനായരുടെ അദ്ധ്യക്ഷതയിൽകൂടി. വായനശാല ചിറക്കടവു റോഡിൽ 1-ാം മൈലിനു സമീപം മാററിസ്ഥാപിക്കുന്നതിനു തീരുമാനിച്ചു. ശ്രീ. എസ്സ്. കൃഷ്ണൻനായർ പ്രസിഡൻറായും, എ. എൻ. ഭാസ്കരൻനായർ സെക്രട്ടറിയായും ഏ. ശ്രീധരൻനായർ ജോയിൻറ് സെക്രട്ടറിയും ലൈബ്രേറിയനുമായും 10 പേരുൾപ്പെട്ട ഒരുകമ്മിററിയെ തെരഞ്ഞെടുത്തു.

പ്രവത്തക സമിതിയുടെ ഒരു യോഗം 13-ാം തീയതി കൂടി പ്രവത്തനം അഭിവൃദ്ധിപ്പെടുത്തുന്നതിനു ആവശ്യമായ പല തീരുമാനങ്ങളും കൈക്കൊള്ളുകയുണ്ടായി.

---

## ഗവമ്മെൻറ ഗസററ്

ഗസററ് ആവശ്യമുള്ള വായനശാലക്കാക്ക് 1953 ജൂലൈ 1 മുതൽ ഇനി വരുത്താവുന്നതാണ്.

30 രൂപയാണു വരിസംഖ്യ. എന്നാൽ ഗ്രാൻറ ലഭിച്ചിട്ടുള്ള വായനശാലക്കാർ സൗജന്യ നിരക്കായ 15 രൂപ ഒടുക്കിയാൽ മതിയാവും. വരിസംഖ്യ ജൂൺ 1 മുതൽ ഗവർമ്മെൻറ് പ്രസ്സ് സൂപ്രണ്ടിൻെറ പേക്ക് അയയ്ക്കേണ്ടതാണ്.

---

സംഘത്തിലേയ്ക്കുള്ള വരിസംഖ്യയും മാസികവരിയും കുടിശിക ഉള്ളവർ എത്രയും വേഗം അയച്ചുകൊടുക്കുമെന്നു വിശ്വസിക്കുന്നു.

## അംഗഗ്രന്ഥശാലകൾ (തുടർച്ച)

1413—പബ്ലിക്ക് ലൈബ്രറി & റീഡിംഗ് റൂം, ഓലകെട്ടിയമ്പലം.

1414—ഗ്രാമീണ വായനശാല, ഒളരിക്കര, എൽതുരുത്ത്.

1415—വിവേകാനന്ദ ലൈബ്രറി & റീഡിംഗ് റൂം, നല്ലേപ്പള്ളി, *Via* ചിററൂർ.

1416—ഉദയാ ഗ്രന്ഥശാല, ഉദയത്തിൻവാതിൽ, കുമ്പളം.

1417—ജനതാഗ്രന്ഥശാല & വായനശാല, ചാത്തങ്കരി, മേപ്രാൽ.

1418 –വില്ലേജ് ലൈബ്രറി & റീഡിംഗ് റൂം, കല്ലോറുംകര.

1419—ഗ്രാമീണവായനശാല, മുററിച്ചൂർ, പടിയം.

1420—ഗ്രാമീണവായനശാല, പൊത്തിശ്ശേരി, കരുവന്നൂർ.

1421—ഗ്രാമീണ വായനശാല, കൊററല്ലൂർ.

1422—ഗ്രാമീണവായനശാല, ചാത്തേടം, തുരുത്തിപ്പുറം, (കൊടുങ്ങല്ലൂർ)

1423—ഗ്രാമീണ വായനശാല, പെരുമ്പിള്ളി, മുളന്തുരുത്തി.

1424—വി. എസ്സ്. മെമ്മോറിയൽ ലൈബ്രറി & റീഡിംഗ് റൂം,
(കേരള ഹിന്ദുമിഷൻ) തിരുവനന്തപുരം.

1425—കലാപോഷിണി ഗ്രന്ഥശാല, പനയറ, പാളയംകുന്ന്.

1426—വില്ലേജ് ലൈബ്രറി & റീഡിംഗ് റൂം, നടവരമ്പ.

(തുടരും)


## ★ ഗ്രന്ഥശാലകൾക്ക് ★

വെട്ടൂർ രാമൻനായരുടെ താഴെപ്പറയുന്ന പുസ്തകങ്ങൾ നിങ്ങളുടെ ഗ്രന്ഥശാലയിൽ ഉണ്ടോ എന്നു പരിശോധിക്കുക.
ഇല്ലെങ്കിൽ ഉടനെ എഴുതുക.

| | | | |
|---|---|---|---|
| ജീവിക്കുവാൻ മറന്നുപോയ സ്ത്രീ (നോവൽ) | 1 0 0 | ഭടൻെറ സ്വപ്നം (കഥകൾ) | 1 4 0 |
| | | ദേവദാസി (കഥകൾ) | 1 8 0 |
| പാറകളുടെ സംഗീതം (കഥകൾ) | 1 8 0 | അന്തരംഗം (കഥകൾ) | 1 4 0 |
| വിശപ്പും ദാഹവും (കഥകൾ) | 1 4 0 | താഴ്വരകൾ (കഥകൾ) | 1 0 0 |
| രണ്ടുദിവസം (കഥകൾ) | 1 4 0 | രാഗരശ്മി (കവിതകൾ) | 1 0 0 |

നാഷനൽ ബുക്ക്സ്റ്റാൾ

**Post Box 40.**

കോട്ടയം

# ചിലതുമാത്രം

**പാവപ്പെട്ടവരുടെ വേശ്യ** ബഷീറിൻെറ 10 കഥകൾ. ... വില 1 ക.

**ഇററലിയിലെ കഥകൾ** മാക്സിംഗോർക്കിയുടെ ഏററവും പ്രസിദ്ധപ്പെട്ട 10 കഥകളാണുള്ളടക്കം. ... ... വില 1 ക. 4 ണ.

**കനത്ത മതിൽ** കെ. സരസ്വതിഅമ്മയുടെ ഏററവും പുതിയ കഥാസമാഹാരം ... വില 1 ക. 4 ണ.

**ജ്വാലയും പൂവും** കിഷൻചന്ദരുടെ അത്യുജ്ജ്വല കഥകൾ. മുൽക് രാജ് ആനന്ദിൻെറ അവതാരികയും. 206 പേജ്. ... ... വില 1 ക. 8 ണ.

**അന്തരംഗം** വെട്ടൂരിൻെറ സുപ്രസിദ്ധ കഥാഗ്രന്ഥം. രണ്ടാംപതിപ്പ് ... ... വില 1 ക. 4 ണ.

**ചുവന്നകഥകൾ** മാക്സിം ഗോർക്കിയുടെ ഏതാനും കഥകൾ. ... ... വില 12 ണ.

**അഗ്നിപഞ്ജരം** കൈനിക്കര പത്മനാഭപിള്ളയുടെ പുതിയ നാടകം. ... ... വില 1 ക.

**പിന്തിരിപ്പൻ പ്രസ്ഥാനം** ടി. എൻ. ഗോപിനാഥൻനായരുടെ വിനോദനാടകം. പുതിയ പതിപ്പ്. ... ... വില 12 ണ.

**അകവും പുറവും** ടി. എൻ-ൻെറ പ്രസിദ്ധമായ നാടകം. പുതിയ പതിപ്പ്. ... വില 1 ക.

**പുരോഗമനസാഹിത്യം എന്തിന്?** പോൾ, മുണ്ടശ്ശേരി, കുററിപ്പുഴ, ജി, ചങ്ങമ്പുഴ, ഹരീന്ദ്രനാഥൻ, ഗുപ്തൻനായർ തുടങ്ങിയവരുടെ പ്രസംഗങ്ങൾ. ... ... വില 1 ക. 4 ണ.

**പൂവും കായും** (3 ഭാഗങ്ങൾ) സാഹിത്യതിലകൻ ഫാദർ സി. കെ. മററത്തിൻെറ ഉപന്യാസങ്ങൾ ... വില 3 ക. 12 ണ.

നാഷനൽ ബുക്ക്സ്റ്റാൾ

**POST BOX 40 ... KOTTAYAM**

L. No. 392. 20-7-48. Reg. No. T. 189. M. 5854

# തിരു-കൊച്ചി ഗ്രന്ഥശാലാസംഘം ഭരണസമിതി


പ്രസിഡൻറ്: ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ എം. എ., ബി. എൽ.
വൈസ് പ്രസിഡൻറ്: 1. ശ്രീ. കെ. എം. അഗസ്റ്റിൻ ബി. എ. ബി. കോം.
ടി 2. ശ്രീ. എ. അച്യുതൻ ബി. എ. ബി. എൽ., എം. എൽ. എ.

ശ്രീ. പി. എൻ. പണിക്കർ (ജനറൽ സെക്രട്ടറി)
,, എം. എം. ജാൺ ബി. എ; എം. എസ്സ്സി. (ട്രഷറർ)
,, സി. ശങ്കർ എം. എൽ. എ.
,, കെ. ചന്ദ്രശേഖരൻനായർ (പ്ര: സ: അംഗം)
,, വേളി. കെ. കൃഷ്ണൻനായർ ബി. എ.
,, ഡി. കൃഷ്ണൻപോററി ബി. എ.
,, കെ. ജനാർദ്ദനക്കുറുപ്പ്
,, സി. കെ. മാണി ബി. എ., ബി. എൽ.
,, എൻ. പി. വർഗ്ഗീസ് ബി. എ., ബി. എൽ., എം. എൽ. എ. (പ്ര: സ: അംഗം)

ശ്രീ. എം. തോമസ് എം. എ. എൽ. ററി. (ജോയിൻറ് സെക്രട്ടറി)
,, വെട്ടൂർ രാമൻനായർ (പ്ര: സ: അംഗം)
,, സി. ഇ. സൈമൺ ബി. എ.
,, പി. വി. കൃഷ്ണൻനായർ എം. എ.
,, വി. ആർ. കൃഷ്ണനെഴുത്തച്ഛൻ ബി. എ. ബി. എൽ., എം. എൽ. എ.
,, ഡാ: പി. കെ. നാരായണപിള്ള എം. എ. പിഎച്ച്. ഡി.
,, പ്രൊഫ: ജോസഫ് മുണ്ടശ്ശേരി എം. എ.
,, കെ. ആർ. വാസുദേവൻ നമ്പൂതിരിപ്പാട് ബി. എ.


# വിഷയവിവരം

മുഖചിത്രം— തിരു-കൊച്ചി ഗ്രന്ഥശാലാസംഘം പ്രസിഡൻറ് ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ


| | |
|---|---|
| പത്രാധിപവീഥി | |
| തിരുവനന്തപുരം പബ്ളിക് ലൈബ്രറി | എം. എം. ജെ. |
| ബ്രിട്ടീഷ് ഗ്രന്ഥശാലകളെപ്പററിയുള്ള ഇംഗ്ലീഷ് ഗ്രന്ഥങ്ങൾ | എം. ററി. |
| ഒരു യാത്രാസ്മരണ | ഡാ. കെ. രാഘവൻപിള്ള |
| ഇൻഡ്യൻസാഹിത്യപരിഷത്ത് (സർദാർ കെ. എം. പണിക്കർ) | തർജ്ജമ എസ്സ്. |
| കലപതി ബാപ്പിരാജു (ബുദ്ധാവതരപുകാമരാജു) | തർജ്ജമ എസ്. ജി. |
| എം. ആർ. കൃഷ്ണവാര്യരുടെ കൃതികൾ | എസ്സ്. ഗുപ്തൻനായർ |
| ബാലസാഹിത്യരചന | എം. ററി. |
| സംഘംവാർത്തകൾ | |
| ഗ്രന്ഥനിരീക്ഷണം | |
| ഗ്രന്ഥശാലാവാർത്തകൾ | |


Printed and Published by P. N. Panicker for the Travancore-Cochin Granthasala Samgham at the Prakash Printing & Publishing House, Statue Junction, Tvm.